MHY-64



A.K.C.C. Bulletin

വായനക്കാർ എഴുതുന്നു

പത്രാധിപരുടെ ജോലി ഗൗരവമേറിയതും അപകടം നിറഞ്ഞതുമാണ്. തന്റെ ദൃഷ്ടിവലയത്തിനുള്ളിൽനിന്നും അച്ചടിച്ചിറങ്ങുന്ന സകലതിനും, അന്യരുടെ പേരാണ് അതു വഹിക്കുന്നതെങ്കിൽപോലും, പത്രാധിപർ ഉത്തരവാദിയാകും. കിട്ടുന്നതെല്ലാം അപ്പാടെ അച്ചടിച്ചു മാസിക നിറക്കുന്നതല്ല പത്രധർമ്മം. തിരുത്തേണ്ടതുതിരുത്തണം, ഉപേക്ഷിക്കേണ്ടതു ഉപേക്ഷിക്കണം.

ബുള്ളറിനിലെ ലേഖനങ്ങളും മിക്കതും ഘനമുള്ളവയാണ്. ചിലതു ബാലിശമായി പോകുന്നു. ചിലരുടെ ചില പ്രയോഗങ്ങൾ വൈദികരെ അവഹേളിക്കാൻ വേണ്ടിയാണന്നേ കരുതാനാവൂ. കത്തോലിക്കനേതൃത്വം വൈദികരെയും അത്മേനികളേയും തമ്മിൽ അടുപ്പിക്കാനാണ ശ്രമിക്കേണ്ടതു. ആ വിശുദ്ധമായ ഹൃദയം ബുള്ളറിനിൽനിന്നും മാറിനിൽക്കുന്നില്ലെയെന്ന സംശയിക്കണം. ഈ ഗതി അപകടത്തിലേക്കാണെന്ന പ്രവചിക്കുവാൻ ആർക്കും പ്രത്യേക വരം ആവശ്യമില്ല.

''ഏതോ ഒരു പുരോഹിത പ്രസിദ്ധീകരണവും കുറെ പാതിരിമാരും കൂടിയാണ പോലും ഈ യോഗം വിളിച്ചു കൂട്ടാൻ മുൻകൈ എടുത്തതു.'' ഇത്തരം പ്രയോഗങ്ങൾനിർല്ലോഭം പ്രത്യക്ഷപ്പെടുന്ന ഒരു മാസികയുടെ വരിക്കാരാകുവാൻ വൈദികർക്കു വലിയ താല്പര്യം കാണുകയില്ല.

ജീ. സി. ടീലാർ

ഈ ഇടയായി ഏ. കെ. സി.സി ബുള്ളറിനിൽ കാണുന്ന ചില ലേഖനങ്ങളും അതിന്റെ അന്തസ്സിനു ഹാനി തട്ടുന്നവയാണെന്നു എനിയ്ക്കു തോന്നുന്നു. ഒരു കത്തോലിക്ക മുഖപത്രത്തിൽ പാതിരി പരിഷകളായും പുരോഹിത പൂതനകളായും ദൈവത്തിന്റെ പ്രതിപുരുഷരെ ചിത്രീകരിക്കുന്നതു ഭൂഷണമല്ല. മനുഷ്യർ എന്ന നിലയിൽ തെറ്റു എല്ലാവർക്കും ഉണ്ടാവാം. അതിനു സൃഷ്ടാപരമായ രീതി വിട്ടു വിമർശിക്കാനിറങ്ങിയാലോ.

(ജെ. ററി. അന്തിനാട്ട്).

ഏ.കെ.സി.സിയുടെ 1964–ലെ നാലുലക്കങ്ങളും വായിച്ചതിൽ ചില ലേഖികമാരും ലേഖകന്മാരും മാസികയെ അധോഗതിയിലേയ്ക്കു നയിക്കുന്നതായി തോന്നുന്നു. ട്രന്റിസഭയിലെ പോദ്യോത്തരവേളപോലെ പരസ്പരം കളിയാക്കാനും വിദ്വേഷം ജ്വലിപ്പിക്കാനും തുടങ്ങുന്നതു മാസികയുടെ ഭാവിക്കു കോട്ടമാണ്.

(എൻ.കെ.പോൾ ആനന്ദപുരം)

കേരളകത്തോലിക്കരുടെ സർവ്വതോന്മുഖമായ ഉന്നമനത്തിനായി വൈദിക മേലദ്ധ്യക്ഷന്മാരുടെ അനുഗ്രഹാശിസ്സുകളോടുകൂടി നടത്തപ്പെടുന്ന ഒരു അൽമ്മായ പ്രസിദ്ധീകരണമാണ് ബുള്ളറിൻ എന്നതു ധരിച്ചിരുന്നതു. എന്നാൽ ഈയിടെ ചില ലേഖനങ്ങളിൽ കാണുന്ന പ്രതികൂല ആശയഗതിയും മാതൃകാവിരുദ്ധമായ ചെറുകഥകളും, നിലവാരംതാന്ന ഫലിതങ്ങളും മറ്റും സന്ദേഹജനകമായിരിക്കുന്നു. വിവിധ വീക്ഷണഗതിക്കാരെയും വിമതസ്ഥരേയും പ്രീണിപ്പിക്കുന്നതിനുള്ള വ്യഗ്രത വിശാലവീക്ഷണമായി പ്രശംസിക്കപ്പെടുന്നതല്ലപ്രത്യുതതനതു നയത്തിന്റെ അഭാവമാണെന്നു അപഹസിക്കപ്പെട്ടേക്കാം.

ചവ്വിതചവ്വണമായ ദോഷാരോപണങ്ങളും വിശ്വാസമൂല്യത്തിനു തുരങ്കം വെയ്ക്കുന്ന ആദർശോസങ്ങളും വിപൽക്കരങ്ങളാണ്. ഇന്നുകിട്ടിയ ഏപ്രിൽ ലക്കം രണ്ടാംപേജിൽ വായനക്കാരുടെ എഴുത്തുകളായി ചേർത്തിട്ടുള്ള കുറിപ്പുകളിൽ പലതും അസംബന്ധജഡിലവും വൈദിക വിദ്വേഷവിഷലിപ്തവുമായികാണപ്പെടുന്നു.

ക്രൈസ്തവനാമധാരികളായ സ്ത്രീകൾ ഈ ദൃശം ആശയത്തരംഗം എഴുതിവിടുമെന്നും യുവതലമുറ ഇതുത്തോളം പിഴച്ചിരിക്കുമെന്നും വിശ്വസിക്കാൻ വിഷമം.

മുള്ളുകളുടെ നേരെ ഉതയ്ക്കരുതു്, പൂജ്യ പൂജാവ്യതിക്രമം ശ്രേയസ്സുകൾക്കു ബാധകമത്രേ. ബുള്ളറിന്റെ ഈ പോക്കു തുടർന്നാൽ ദൈവം രക്ഷിക്കട്ടെ.

മിസ്സസ്സ് അന്നാമ്മ മാത്തൻ നന്ദാവനം

ബുള്ളറിൻ ഏപ്രിൽലക്കം അയച്ചതു കൈപ്പററി. നന്ദി. യുവതലമുറയുടെ സ്വതന്ത്രമായ അഭിപ്രായ വിമർശനങ്ങൾക്കു ബുള്ളറിനിൽ സ്ഥാനമനുവദിച്ചുകാണുന്നതു് അഭിനന്ദനാർഹമാണ്. എല്ലാ സൂചിന്തിതമോ വസ്തുനിഷ്ഠമോ ആണെന്നല്ല. ഭാഷ ചിലപ്പോഴെങ്കിലും ആവശ്യത്തിലധികം പരുഷമാകുന്നുമുണ്ട്. വളരെനാൾ കാര്യമായ അഭിപ്രായപ്രകാശനസ്വാതന്ത്ര്യമില്ലാതിരുന്ന ഒരു സമുദായത്തിൽ പെട്ടെന്നു് അതിനൊരവസരം ലഭിക്കുമ്പോൾ ഇതു സ്വാഭാവികവുമാണ്. തന്മൂലം ഇത്തരം സ്വതന്ത്രചിന്തകളും ചർച്ചകളും പ്രോത്സാഹിപ്പിക്കുകയാണാവശ്യം. അവ സമുദായയാഥാർത്ഥ്യങ്ങളിലേക്കു കുറെയെങ്കിലും വെളിച്ചം വീശാതിരിക്കയില്ല. തെറ്റുകളും അത്യുക്തികളും തിരുത്താവുന്നതുമാണല്ലോ.

ജോൺ അറയ്ക്കൽ

''കത്തോലിക്കാസമുദായത്തിൽ സാഹിത്യകാരന്മാരില്ല. ഞാൻ ആ കുറവു് പരിഹരിക്കും എന്ന ഭാവത്തിലായിരിക്കും കഥയുടെയും കവിതയുടെയും ഏകാങ്കത്തിന്റെയും മറ്റും പേരിൽ അതും ഇതുമൊക്കെ പരീക്ഷണ്ണിയെഴുതിയതു്. എന്നാൽ കത്തോലിക്കാസമുദായം അദ്ദേഹത്തിനുവേണ്ടി കൈയ്യടിച്ചിട്ടില്ല. കാരണം, രസാത്മകമായ ഒറ്റവാക്യംപോലും എഴുതാൻ കഴിവില്ലാത്തവർക്കുവേണ്ടി കൈയ്യടിക്കേണ്ട ഗതികേടില്ല സമുദായത്തിനു്.

അതിനാൽ പൊൻകുന്നം വക്കിയുടെയും, പോഞ്ഞിക്കര റാഫിയുടെയും മറ്റും മാർഗ്ഗം (കത്തോലിക്ക വൈദികന്മാരെ താറടിക്കുക) അവലംബിച്ചാൽ മതവിദ്വേഷികളുടെ കയ്യടി കിട്ടുമെന്നു് പ്രതീക്ഷിച്ചായിരിക്കും പരീക്ഷണ്ണി ഇപ്പോഴും ചില ലേഖനങ്ങളെഴുതുന്നതു്.

ഏ കെ സി സി യിലെ പരീക്ഷണ്ണിയുടെ ലേഖനങ്ങളിലെ വൈദികവിദ്വേഷം കണ്ടപ്പോഴും ഈ വായനക്കാരിക്കു് ഇതുയും തോന്നിയതാണ്. ഇതിൽ അപാകതയുണ്ടോ?

(പി. ററി. മേരി)

ഏപ്രിൽ ലക്കം ബുള്ളറിനിൽ ചേർത്തിരിക്കുന്ന ഗലീലിയോ ഗലീലി എന്ന ലേഖനത്തിലെ നിഗമനം, തെററിധാരണപരമാണെന്നു വേദശാസ്ത്രപണ്ഡിതന്മാരും നിഷ്പക്ഷചരിത്രകാരന്മാരും പലതവണ സമർത്ഥിച്ചിട്ടുണ്ട്. 1963 ഒക്ടോബർ 27–ാംതീയതിയിലെ ഔവർ സണ്ടേ വിസിറ്റർ 6–ാംപേജിൽ കൊടുത്തിട്ടുള്ള വിശദീകരണം സംശയ പരിഹാരത്തിനു ഉപകരിക്കുന്നതാണ്.

(അന്നാമ്മ മാമ്മൻ നന്ദാവനം)

ഏപ്രിൽ മാസത്തെ ബുള്ളറിനിൽ ''സംഹിത്യസംഘടന'' എന്ന പേരിൽ കേരളത്തിൽ സാഹിത്യാഭിരുചിയുള്ള ഏക സാഹിത്യകാരനെന്നഭിമാനിക്കുന്ന ശ്രീ പരീക്ഷണ്ണിയുടെ ലേഖനം കാണാനിടയായി. വൈദികരെ കുറംപറയുക. അവരെ അവഹേളിക്കുക എന്നതിൽ കവിഞ്ഞു് ആ ലേഖനത്തിൽ കഴമ്പായി ഒന്നും കണ്ടില്ല. മറ്റുള്ളവർ ഒന്നും ചെയ്യുന്നില്ലെന്നു കുറംപറയാനല്ലാതെ കാര്യമായി സൃഷ്ടിപരമായി വല്ലതും എഴുതാൻ ലേഖകനു കഴിഞ്ഞിട്ടുണ്ടോ? വൈദീകവിദ്വേഷമാകുന്ന തിമിരം ബാധിച്ചു് മാന്യ ലേഖകന്റെ കാഴ്ചതന്നെ നഷ്ടപ്പെട്ടോയെന്നു ഞാൻ സംശയിക്കയാണ്.

ജെ പുത്തൻകളം, തൊടുപുഴ

കുടിയിറക്കിന്റെയും, ദാരിദ്ര്യത്തിന്റെയും നീർച്ചുഴിയിലകപ്പെട്ട നട്ടംതിരിഞ്ഞു ഒടുവിൽ കമ്മ്യൂണിസത്തെ ആശ്ലേഷിക്കുവാനൊരുമ്പെട്ട ഒരു വിഭാഗത്തിന്റെ മദ്ധ്യത്തിലേക്കു സമാധാനത്തിന്റെയും, സന്മാർഗ്ഗത്തിന്റെയും ദീപശിഖയുമേന്തി ത്യാഗത്തിന്റെ പാദരക്ഷയും ധരിച്ചു കടന്നുചെന്നതാണോ വടക്കനച്ചൻ ചെയ്ത തെറ്റു്. അങ്ങിനെയുമൊരോ അദ്ദേഹം നാടുമുഴുവൻ കുട്ടിച്ചോറാക്കിയതു്. ആത്മാർത്ഥം, ആലംബഹീനരുമായ അനേകായിരങ്ങളുടെ കണ്ണീരിൽ കുതിർന്ന കഥ പൊതുജനങ്ങളുടെ മുമ്പിൽ നിരത്തിവച്ചതാണോ അദ്ദേഹത്തിന്റെ വർഗ്ഗീയവാദം? അദ്ദേഹം എന്തുചെയ്യണമായിരുന്നു? അവശലക്ഷങ്ങളെ പീഠിപ്പിക്കുന്നതു കണ്ടിട്ടു്, കണ്ടില്ലായെന്ന വ്യാജേന കണ്ണടയ്ക്കണമായിരുന്നോ? അശരണരായ അനേകായിരങ്ങൾക്കാലംബമായിരുന്ന ക്രിസ്തുദേവനെ വാക്കിലും പ്രവർത്തിയിലും പിൻതുടരുന്ന രണ്ടാമത്തെ ''ഡാമിയൻ'' ആണ് ഫാദർ വടക്കൻ.

(സെബാസ്റ്റ്യൻ കാര്യത്തിൽ)

വിമർശനങ്ങൾ നന്മയ്ക്കു വേണ്ടിയായിരിക്കട്ടെ

ഏ. കെ. സി. സി. ബുള്ളറിനെ ഒരു മാസികയാക്കി രൂപാന്തരപ്പെടുത്തി പ്രസിദ്ധീകരണമാരംഭിച്ചതു് വളരെയേറെ പ്രതീക്ഷകളോടുകൂടിയാണു്. അനവധിയാളുകളുടെ ദീർഘനാളത്തെ സ്വപ്നങ്ങളുടെയും പരിശ്രമത്തിന്റെയും ഫലമാണതു്. ചില സമുദായസ്നേഹികളുടെ നിർലോഭമായ സഹായംകൊണ്ടാണു് ബുള്ളറിന് ജന്മംകൊണ്ടതുതന്നെ. ഹൃദയം നിറയെ ആശകളോടുകൂടി ബുള്ളറിനെ ഉറ്റുനോക്കുന്ന വളരെയേറെയാളുകൾ ഇന്നു സമുദായത്തിലുണ്ടു്. പ്രത്യേകിച്ചു് യുവതലമുറയുടെ ഉൽക്കടമായ പ്രതീക്ഷകൾ ഈ ബുള്ളറിനുചുറ്റും വട്ടമിട്ടുനിൽക്കുന്നതു ഞങ്ങൾ കാണുന്നു. ശരിയായ രീതിയിൽ മുന്നോട്ടു പോകുവാൻ ഈ പ്രസിദ്ധീകരണത്തിനു് സമുദായം പിന്തുണനൽകുന്നപക്ഷം ഇതു് ഒരു കരുത്തേറിയ ശക്തിയായി വളരുമെന്നകാര്യത്തിൽ ഞങ്ങൾക്കു സംശയമില്ല. എല്ലാവിധ താല്പര്യങ്ങൾക്കും അതീതമായി നിന്നുകൊണ്ടു്, സമുദായത്തിന്റെ പൊതുവായ താല്പര്യസംരക്ഷണത്തിനുവേണ്ടി മാത്രം വീറോടെ വാദിക്കുന്ന ആത്മാർത്ഥതനിറഞ്ഞ ഒരു ജിഹ്വയായി ഇതിനെ രൂപാന്തരപ്പെടുത്തുവാൻ നമുക്കു കഴിയും.

ബുള്ളറിനിൽ പ്രസിദ്ധീകരിയ്ക്കുവാനിടയായിട്ടുള്ള ചില ലേഖനങ്ങളേയും കുറിപ്പുകളെയും മറും സംബന്ധിച്ചു് പരസ്പരവിരുദ്ധങ്ങളായ അഭിപ്രായങ്ങൾ ഞങ്ങൾക്കു കിട്ടുന്നുണ്ടു്. ബുള്ളറിനിൽ പ്രസിദ്ധീകരിക്കാനിടയായിട്ടുള്ളതെല്ലാം കുറ്റമറ്റവയാണെന്നു ഞങ്ങൾക്കഭിപ്രായമില്ല. സമുദായത്തിലെ എല്ലാ തലങ്ങളിലുള്ളവർക്കും അവരുടെ അഭിപ്രായങ്ങൾ തുറന്നു പ്രകടിപ്പിക്കുവാനുള്ള അവസരം കഴിയുന്നിടത്തോളം ഉണ്ടാക്കിക്കൊടുക്കണമെന്നുള്ള കുത്സിതമായ ആഗ്രഹം മാത്രമാണു് അവയെല്ലാം പ്രസിദ്ധീകരിക്കുവാൻ ഇടയാക്കിയതു്. ഞങ്ങളുടെ ഈ താല്പര്യം അതിരുകടന്ന സ്വാതന്ത്ര്യം എഴുത്തുകാർക്കു നൽകുന്നുവെന്നും ആക്ഷേപമുണ്ടു്. പ്രസിദ്ധീകരണരംഗത്തും പത്രപ്രവർത്തനരംഗത്തും ഉന്നതമായ കഴിവുകളൊന്നുമുള്ള ഹസ്തങ്ങളല്ല ഇന്നീ ബുള്ളറിന്റെ പുറകിൽ കാര്യമായി പ്രവർത്തിക്കുന്നതെന്ന വാസ്തവം തുറന്നുപറയുവാൻ ഞങ്ങൾക്കു മടിയില്ല. തന്നിമിത്തം ചില അപാകതകളും വന്നുപോയിട്ടുണ്ടെന്നും ഞങ്ങളും സമ്മതിക്കുന്നു. ഇത്തരം അപാകതകളും കഴിവതും പരിഹരിച്ചു് ബുള്ളറിനെ സമുദായത്തിന്റെ അന്തസ്സുള്ള ഉരു ജിഹ്വയാക്കിത്തീർക്കുവാൻ ഞങ്ങൾ ആത്മാർത്ഥമായി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണു്.

ബുള്ളറിനിലെഎഴുത്തുകാരോടു ഞങ്ങൾക്കു പറയുവാനുള്ളതു്, വികാരംനമ്മെവിഡ്ഢികളാക്കാതിരിയ്ക്കട്ടെ എന്നു മാത്രമാണു്. യുവതലമുറയിലെപലഎഴുത്തുകാരും ഇനിയും വളരെക്കൂടുതൽ വിവേകം സമ്പാദിയ്ക്കേണ്ടിയിരിക്കുന്നുവെന്നു ഞങ്ങൾക്കുതോന്നുന്നു. കത്തോലിക്കനെ സാഹിത്യമില്ലെന്നും ഭാഷ അറിഞ്ഞുകൂടെന്നും ഒരു വിഭാഗമാളുകളും ചില പ്രത്യേക താല്പര്യസംരക്ഷണത്തിനുവേണ്ടി ചിലപ്പോഴൊക്കെ പറഞ്ഞുവരാറുള്ളതു് സത്യമാണെന്നുതോന്നും ബുള്ളറിനിലേയ്ക്കയയ്ക്കുന്ന ചില ലേഖനങ്ങളിൽക്കാണുന്ന പദങ്ങളും, വാചകങ്ങളും അവയുടെ പ്രയോഗങ്ങളും കണ്ടാൽ. ചെറുപ്പക്കാരിൽ അധികംപേരിലും ചിന്തയേക്കാൾ വികാരങ്ങൾക്കു കൂടുതൽ സ്വാധീനമുള്ളതുകൊണ്ടു് അവരുടെ എല്ലാ പ്രവർത്തനങ്ങളിലും അതിന്റെ ഭാവങ്ങൾ പ്രകടമാകാം. പക്ഷേ, വികാരങ്ങൾ മാത്രം നമ്മെ ഒരിക്കലും യഥാർത്ഥ സത്യത്തിലേയ്ക്കു നയിക്കുകയില്ലെന്ന വാസ്തവം മറക്കാതിരിക്കുക. മാത്രമല്ല, വികാരങ്ങൾ പലപ്പോഴും നമ്മെ വിഡ്ഢികളാക്കിയെന്നും വരും,

ആദർശങ്ങൾപലതും പ്രായോഗികരംഗത്തു് പരാജയപ്പെട്ടുന്നവയാണെന്ന വാസ്തവം മനസ്സിലാക്കാതെ, ആദർശങ്ങളുടെ പേരിൽ മാത്രം എവിടെയും എന്തിനും എപ്പോഴും തീവ്രമായിവാദിയ്ക്കുന്നവർ വാദപ്രതിവാദങ്ങൾക്കിടയിൽ തന്റേയും സമൂഹത്തിന്റേയും ''ജീവിതയാഥാർത്ഥ്യങ്ങൾ'' സൗകര്യപൂർവ്വം മറന്നുകളയുന്നതു ശരിയല്ല. വിമർശനം നല്ലതുതന്നെ. പക്ഷേ അവയുടെ ആദ്യത്തേതും അവസാനത്തേതുമായ ലക്ഷ്യം നന്മയായിരിയ്ക്കണം. സമുദായത്തിനു നന്മവരുവാനുള്ള ഉൽക്കടമായ അഭിലാഷംകൊണ്ടു തുടിയ്ക്കുന്ന ഹൃദയത്തിൽനിന്നു പുറപ്പെടുന്ന വിമർശനം മാത്രമേ സമുദായത്തിനു് ഏ

ന്തെങ്കിലും ഗുണം ചെയ്യുകയുള്ള. വ്യക്തിപരമോ വിഭാഗീയമോ ആയ ഏതെങ്കിലും താല്പര്യ സംരക്ഷണോദ്ദേശത്തിൽ നിന്നു ജന്മം കൊള്ളുന്ന വിമർശനങ്ങൾ സമുദായത്തിനു് ഒരിയ്ക്കലും ഗുണം ചെയ്യുകയില്ല. വെറും വിമർശനങ്ങൾ കൊണ്ടുമാത്രം സമുദായത്തെ നന്നാക്കുവാൻ സാധിക്കുമെന്നു് ചിലർ ധരിച്ചുവെച്ചിരിയ്ക്കുന്നതു പോലെതോന്നും ചില 'പ്രകൃതങ്ങൾ' കണ്ടാൽ. ആയിരം വിമർശനങ്ങളേക്കാൾ ശക്തിയുള്ളതും പ്രയോജനകരവുമാണു് മാതൃകാപരമായ ഒരു പ്രവർത്തി എന്നുള്ള വസ്തുതവിമർശകർ മറക്കാതിരുന്നാൽ കൊള്ളാം.

ബഹു: വൈദികരേയും കന്യാസ്ത്രീകളേയും മറും അധിക്ഷേപിയ്ക്കുന്നതും, പള്ളിമേടകൾക്കും ആശ്രമങ്ങൾക്കും എതിരായി ഉഗ്രാട്ടഹാസം മുഴക്കുന്നതും ഒരുതരം പുരോഗമനവും, പെട്ടെന്നു സാഹിത്യകാരനാകാനുള്ള കുറുക്കുവഴിയാണെന്നും ധരിച്ചു് കമ്യൂണിസ്റ്റുകാരായ ചില എഴുത്തുകാർ പ്രവർത്തിച്ച കാലമുണ്ടായിരുന്നു. ഈ രീതി കമ്യൂണിസ്റ്റുകാർപോലും ഇന്നു് ഉപേക്ഷിച്ചിരിയ്ക്കുകയാണു്. ഈ രീതിയിൽ 'എഴുത്തു' കാരായവരിൽ പലരും ഇന്നു് അവരുടെ പ്രവർത്തികളേയോർത്തു് ദുഃഖിക്കുന്നുമുണ്ടു്. എന്നാൽ പള്ളികളുടേയും പള്ളിമേടകളുടെയും വൈദികരുടേയുമെല്ലാം അന്തസ്സും മഹത്വവും കാത്തുസൂക്ഷിക്കേണ്ട കുറേറിയ ഉത്തരവാദിത്തങ്ങളായ നമ്മൾ തന്നെ ശത്രുവിന്റെ ഭാഷയും ഭാവവും കൈകൊള്ളുമ്പോൾ അതു് വിവേകരഹിതവും, സദുദ്ദേശത്തോടുകൂടിയതല്ലാത്തതും ആയിത്തീരുകയാണു് ചെയ്യുക. ഇത്തരം പാഴ്വേലയിലൂടെ ആരും സാഹിത്യകാരനാകാമെന്നും മോഹിക്കേണ്ട. എല്ലാവിധ തകരാറുകൾക്കുമുള്ള ഉത്തരവാദിത്വം പള്ളിയിലും വൈദികരിലും മാത്രം ചുമത്തി വെറുതേ വിമർശനം നടത്തുക മാത്രം ചെയ്യുന്ന രീതി നിർത്തിയിട്ടു്, സമുദായത്തിന്റെ ബലഹീനതകൾ പരിഹരിക്കുവാൻ നാം സ്വയം തയ്യാറായി രംഗത്തിറങ്ങി കഴിവുപോലെ എന്തെങ്കിലും പ്രവർത്തിക്കുകയാണു് വേണ്ടതു്. നീരുപണത്തിലൂടെ മാത്രമുള്ള സമുദായസേവനത്തിനു് അധികമാരും ബദ്ധപ്പെടാതിരിക്കുന്നതാണു ഭംഗി. ഏപ്രിൽ ലക്കം ബുള്ളറിനിൽ ''വായനക്കാർ എഴുതുന്നു'' എന്ന പംക്തിയിൽ ഉള്ള ചില കുറിപ്പുകളിലെ ചില പദപ്രയോഗങ്ങളും അവയുൾക്കൊള്ളുന്ന ആശയങ്ങളും, വിവേകരഹിതമായ വയും അന്തസ്സിനുചേരാത്ത വയുമാണെന്നു് ഖേദപൂർവ്വം ഞങ്ങൾ രേഖപ്പെടുത്തിക്കൊള്ളട്ടെ. തെറ്റായ വീക്ഷണഗതികളും ''പദപ്രയോഗങ്ങളും'' ഉൾക്കൊള്ളുന്ന ചില ലേഖനങ്ങളും ബുള്ളറിനിൽ വന്നുപോയിട്ടുണ്ടെന്നു് ക്ഷമാപണപൂർവ്വം സമ്മതിക്കുന്നു.

സാഹിത്യരംഗത്തു് വളർന്നുവരുവാൻ ദാഹിക്കുന്നവർക്കു് എങ്ങുനിന്നും പ്രോത്സാഹനം കിട്ടുന്നില്ലെന്ന പരാതി യുവതലമുറയുടെയിടയിൽനിന്നു് സമുദായത്തിൽ മുഴങ്ങികേൾക്കാറുണ്ടു്. പക്ഷെ ഈ വളരുവാൻ ഉഴറി നടക്കുന്നവരിൽ പലരും അവർക്കുള്ള ഒരു പ്രത്യേക തകരാറു് കാണുന്നില്ലെന്നു തോന്നുന്നു. ഒരു പ്രശ്നത്തെപ്പറ്റിയും ശരിയായ പഠനംനടത്തുവാൻ അവർ തയാറാകുന്നില്ലെന്നുള്ളതാണു് ആ തകരാറു്. നിരന്തരമായ പഠനങ്ങളിലൂടെയും അവഗാഢമായ ചിന്തയിലൂടെയും മാത്രമേ വളർന്നു വരുവാൻ സാധിക്കുകയുള്ളുവെന്ന സത്യം മറന്നുകളഞ്ഞാൽ എങ്ങിനെയാണു കാര്യങ്ങൾ നേരെയാവുക? ബുള്ളറിനായിക്കിട്ടുന്ന പല ലേഖനങ്ങളും ഞങ്ങളുടെ ഈ അഭിപ്രായം സ്ഥിരീകരിക്കുന്നവയാണു്.

ഈ സന്ദർഭത്തിൽ ഒരു കാര്യം പ്രത്യേകം എടുത്തുപറയേണ്ടതായിട്ടുണ്ടു്. വളരുന്ന തലമുറക്കു മാതൃകയായി പ്രവർത്തിക്കേണ്ടതു് വളർച്ച പ്രാപിച്ചവരാണു്. ബുള്ളറിനെ സംബന്ധിച്ചിടത്തോളം അത്തരമൊരു മാതൃക കാര്യമായി ഇനിയും ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നതു്.

എല്ലാ താല്പര്യക്കാരെയും ഒരുപോലെ പ്രീതിപ്പെടുത്തിക്കൊണ്ടു് ബുള്ളറിനെപ്പോലുള്ള ഒരു പ്രസിദ്ധീകരണത്തിനു് മുന്നോട്ടു പോകുവാൻ പലപ്പോഴും പ്രയാസങ്ങൾ നേരിടാം. പക്ഷെ ബുള്ളറിന്റെ പരമപ്രധാനമായ ലക്ഷ്യം സമുദായത്തിന്റെ നന്മമാത്രമാണു്. അതിനുവേണ്ടി ഞങ്ങൾ മുന്നോട്ടു നീങ്ങും. ആ നീക്കത്തിൽ വല്ല കാരണവശാലും അപാകതകൾ സംഭവിച്ചാൽ തക്കസമയത്തു് സദുദ്ദേശത്തോടുകൂടി ആ അപാകതകൾ ചൂണ്ടിക്കാണിച്ചു് തെറ്റുതിരുത്തുവാൻ സമുദായത്തിലെ കഴിവുള്ള വ്യക്തികൾ നിഷ്പക്ഷമായ മനസ്സാക്ഷിയോടുകൂടി മുന്നോട്ടു വരണമെന്നും, അങ്ങിനെ സമുദായത്തിനുവേണ്ടിയുള്ള ഈ പരിശ്രമത്തിൽ എല്ലാവരും പങ്കുകൊള്ളണമെന്നും ഞങ്ങൾ അപേക്ഷിക്കുന്നു. എല്ലാ വിമർശനങ്ങളും നന്മക്കുവേണ്ടി മാത്രമായിരിക്കട്ടെ. ബുള്ളറിനെ കേരളകത്തോലിക്കാസമുദായത്തിന്റെ കരുത്തുള്ളതും അന്തസ്സുള്ളതുമായ ഒരു പ്രസിദ്ധീകരണമാക്കി വളർത്തിയെടുക്കുവാൻ എല്ലാവരും സഹകരിക്കുക. ലേഖനങ്ങൾ അയച്ചുതന്നും മറ്റു വിധത്തിലും ബുള്ളറിനെ സഹായിക്കുന്ന എല്ലാവരോടും പ്രവർത്തകർക്കുള്ള നന്ദിരേഖപ്പെടുത്തുകയും, അവരുടെ വിലയേറിയ സഹായങ്ങൾ ബുള്ളറിനെ ശക്തിപ്പെടുത്തുവാൻ മേലിലും ഉണ്ടായിരിക്കണമെന്നു് അഭ്യർത്ഥിക്കുകയും ചെയ്യുകൊള്ളുന്നു.

എഡിറ്റർ.

ചിന്താവിഷയം

ആക്ഷേപയോഗ്യമായി വല്ലതും കണ്ടാൽ അതു് നീ ചെയ്യാതിരിക്കാൻ സൂക്ഷിക്കുക. അഥവാ നീ വല്ലപ്പോഴും അതു് ചെയ്തുപോയിട്ടുണ്ടെങ്കിൽ ഉടനെ അതിനെ പരിഹരിക്കുവാൻ ശ്രമിക്കുക.

—ക്രിസ്താനുകരണം.

രാഷ്ട്രീയമോ മാനുഷികമോ?

ശ്രീ പീറ്റർ ജോൺ കല്പടയുടെ ലേഖനത്തെക്കുറിച്ചൊരു വിലയിരുത്തൽ,

വി. എൽ. തോമസ്

"കത്തോലിക്കാ അന്തരീക്ഷം എവിടെ?" എന്ന ശീർഷകവും, പ്രസ്തുത മതാന്തരീക്ഷത്തെ രാഷ്ട്രീയ കൊടുങ്കാറ്റ് അടിച്ചുലക്കാൻ അനുവദിക്കരുതു" എന്ന ഉപശീർഷകവും നൽകി ശ്രീ. പീറ്റർ ജോൺ കല്പട 1964 മെയ് 10-ാം തീയതി 'ദീപിക'യിൽ പ്രസിദ്ധീകരിച്ച ലേഖനം പലരും വായിച്ചിരിക്കുമല്ലോ. ആ ലേഖനം യാഥാർത്ഥ്യത്തിനെതിരായിട്ടുള്ളതും, ആത്മാർത്ഥതയും പ്രവർത്തനശേഷിയുമുള്ള ഒരു വന്ദ്യ വൈദികനെ സഭാദ്രോഹിയായി ചിത്രീകരിച്ചുകൊണ്ട് ചില തല്പരകക്ഷിക്കാരെ പ്രീണിപ്പിക്കുന്നവിധത്തിലുള്ളതും, തന്മൂലം അനേകരിൽ തെറ്റിദ്ധാരണയുളവാക്കാൻ പോരുന്നവയുമാണെന്നു തോന്നുന്നു. ശ്രീ കല്പട തന്റെ വിമർശന പാത്രമായ വൈദികന്റെ പേരു് പറയുവാൻ കൂട്ടാക്കിയില്ല. എന്നാൽ ബ. ഫാ. വടക്കൻ പ്രസിദ്ധീകരിച്ച ഒരു ലേഖനവിഭാഗമാണു് ശ്രീ. കല്പട വിമർശനവിഷയമാക്കിയിരിക്കുന്നതു്. സൺഡേസ്കൂൾ മുതലായ പല ക്രൈസ്തവസംഘടനകളുടെ ഒരു സംയുക്ത വാഷ്പികയോഗത്തിൽ പ്രസ്തുത വൈദികൻ ചെയ്ത പ്രസംഗത്തെ ആസ്പദമാക്കിയുള്ളതാണു ശ്രീ. കല്പടയുടെ ലേഖനം. ശ്രീ. കല്പട ആ സമ്മേളനത്തിൽ 'കേവലം ഒരു ശ്രോതാവായി സംബന്ധിച്ചിരുന്നു' എന്നു് അദ്ദേഹത്തിന്റെ ലേഖനത്തിൽ പറഞ്ഞിട്ടുണ്ടു്; പണ്ഡിതോചിതമായി പല മണിക്കൂറുകളും പ്രസംഗിക്കാൻ കഴിവുള്ള ശ്രീ. കല്പടയ്ക്കു് അതിനുള്ള അവസരം ആ യോഗഭാരവാഹികളും നൽകാതിരുന്നതു് ഒരനീതിയായിരിക്കാം. എന്നിരുന്നാലും ഈ നാട്ടിൽ അനവധിപേരെ ബാധിക്കുന്ന ഒരു വലിയ അനീതിയാണു് പ്രസ്തുത ലേഖനംവഴി ശ്രീ. കല്പട ചെയ്തിരിക്കുന്നതു്. ഇതു് വ്യക്തമാക്കാൻ അദ്ദേഹത്തിന്റെ ലേഖനത്തിലെ ചില ഭാഗങ്ങളും താഴെ ഉദ്ധരിക്കുന്നു.

"കത്തോലിക്കരുടെ സേവനമണ്ഡലം ഇന്നത്തേക്കാൾവ്യാപകമാകണമെന്നുള്ള മുഖവുരയോടുകൂടി....വൈദികൻ പ്രസംഗമാരംഭിച്ചു. ചുരുളി കീരിത്തോട്ട പ്രശ്നങ്ങളായിരുന്നു പ്രസംഗം ഉടനീളം. ചുരുളികീരിത്തോട്ടിനേക്കാൾ വളരെ ഗൗരവം കുറഞ്ഞതാണു് പള്ളിയാക്രമണപ്രശ്നമെന്നതെ അദ്ദേഹം സ്ഥാപിച്ചതു്....മനുഷ്യക്കു രക്ഷയില്ലാത്തിടത്തു് പള്ളിക്കുമുണ്ടാവില്ല രക്ഷ. കീരിത്തോട്ടിലെ മനുഷ്യരെ തല്ലുകയും കൊല്ലുകയും മാനഭംഗപ്പെടുത്തുകയും അവസാനം അവരെയെല്ലാം ആട്ടിയോടിക്കുകയും ചെയ്ത കഠിനഹൃദയർ കല്ലുകൊണ്ടും മണ്ണുകൊണ്ടുമുണ്ടാക്കിയ പള്ളിയോടു് കനിവുകാണിക്കണമെന്നു് ആരും കരുതേണ്ടതില്ല. കീരിത്തോട്ടിൽ പോലീസുകാർ മാനഭംഗം ചെയ്തതും മർദ്ദിച്ചതും ദൈവത്തിന്റെ സദൃശ്യത്തിലുള്ള ആത്മാക്കളോടു കൂടിയ സ്ത്രീപുരുഷന്മാരെയാണു്, തൈക്കലിൽ ആ കുബുദ്ധികൾ വെട്ടിമുറിച്ചതു് മണ്ണുകൊണ്ടുണ്ടാക്കിയ തിരുസ്വരൂപങ്ങളെ മാത്രമാണു്. മനുഷ്യക്കും അവരുടെ ആത്മാക്കൾക്കും അപകടം നേരിട്ടപ്പോൾ മൗനം ഭജിക്കുകയും പള്ളിക്കും പള്ളിക്കുടത്തിനും കോട്ടംതട്ടുമ്പോൾ മാത്രം ഇളകിവശാകുകയും ചെയ്യുന്ന ഒരു സമുദായമായി കത്തോലിക്കാ സമുദായം അധഃപതിച്ചിട്ടുണ്ടോയെന്നു് ഉത്തരവാദപ്പെട്ടവർ ഒന്നു ആത്മപരിശോധന നടത്തിയാൽ തരക്കേടില്ല. കീരിത്തോട്ടിൽനിന്നു് ഓടിക്കപ്പെട്ടവർക്കു് ഞങ്ങളും അരിയും വസ്ത്രവും മരുന്നും കൊടുക്കുന്നില്ലേ എന്നാവാം അവർ ഒരുപക്ഷേ സമാധാനിക്കുന്നതു്. അങ്ങനെയെങ്കിൽ തൈക്കൽ പള്ളിയിൽ വെട്ടിമുറിക്കപ്പെട്ട തിരുസ്വരൂപങ്ങളെ കൂട്ടിയോജിപ്പിക്കാനും തകർക്കപ്പെട്ട സക്രാരിയുടെ കേടുപാടുകളും തീർക്കാനും മാത്രമാണു് ഇപ്പോൾ പരിശ്രമിക്കേണ്ടതു്. കീരിത്തോട്ടിലെ കിരാത മർദ്ദനങ്ങളിൽ പ്രതിഷേധിച്ചു് ഒരു പ്രസ്താവനയിറക്കുവാനോ ഒരു പ്രസംഗം ചെയ്യാനോ തയ്യാറില്ലാതിരുന്ന വൈദികവരേണ്യരും അത്മായപ്രഗത്ഭരും തൈക്കൽ പ്രശ്നത്തിൽ പ്രതിഷേധിക്കുന്നതും പരിഹാരപ്രതിക്ഷണങ്ങളും നടത്തുന്നതും ഉജ്ജ്വലഗർജ്ജനങ്ങളും മുഴക്കുന്നതും കാണുമ്പോൾ ഇങ്ങനെ എഴുതാൻ തോന്നിപ്പോയതാണു; ക്ഷമിക്കണം.."

ശ്രീ. കല്പടയുടെ വിമർശനം

ഇനി പ്രസ്തുത വൈദികന്റെ മേൽ കാണിച്ച അഭിപ്രായത്തെ ശ്രീ. കല്പട വിമർശിച്ചിരിക്കുന്ന ചില ഭാഗങ്ങളും കൂടി അദ്ദേഹത്തിന്റെ ലേഖനത്തിൽ നിന്നു് ഉദ്ധരിച്ചുകൊള്ളട്ടെ.

"കത്തോലിക്കാ സഭയോടനുബന്ധിച്ചുള്ള, കേരള കത്തോലിക്കരുടെ സാമുഹ്യപ്രവർത്തനങ്ങളോടും കത്തോലിക്കാവൈദികരുടെയും വൈദികമേലദ്ധ്യക്ഷന്മാരുടെയും നിലപാടിനോടുമൊക്കെ പരസ്യമായ വെല്ലുവിളിനടത്തിക്കൊണ്ടു് കത്തോലിക്കാ ബാലികാബാലന്മാരേയും യുവാക്കളേയും കത്തോലിക്കാ അന്തരീക്ഷത്തിൽനിന്നും മാറ്റി മറിച്ചുനിറുത്തുവാനുള്ള ഒരു പ്രവണത....ജീവിതത്തിന്റെ ഏതെങ്കിലും തുറകളിൽ പ്രവർത്തിക്കുന്നവർ മറ്റു തുറകളെ വിഗണിക്കുകയോ നിസ്സാരീകരിക്കുകയോ ചെയ്യുകമിക്കവാറും സ്വാഭാവികമാണു്.....രാഷ്ട്രീയ സാമുഹ്യമണ്ഡലങ്ങളിൽ പ്രവർത്തിക്കുന്നവർ മതമണ്ഡലത്തെ അവഗണിക്കുന്നു.... നമ്മുടെ പ്രസംഗകനും ഇങ്ങനെ ഒരൊഴുക്കിൽപ്പെട്ട പോലെയെന്നു തോന്നുന്നു..... ദൈവശാസ്ത്രത്തിൽ വലിയ പാണ്ഡിത്യമൊന്നുമില്ലാത്ത ഈ ലേഖകൻ ചുരുളി കീരിത്തോടാണോ വലുതു് കൈതൽ മാമ്പിള്ളി, വാഴക്കൊക്കെയാണോ വലുതു് എന്ന പ്രശ്നത്തിലേക്കു കടക്കുന്നില്ല. മനുഷ്യജീവിതമാണോ വലുതു് പള്ളിയിൽ എഴുന്നെള്ളിച്ചുവച്ചിരിക്കുന്ന വി. കുർബാനയാണോ വലുതു് എന്ന പ്രശ്നത്തിലേയ്ക്കും കടക്കുന്നില്ല. ....ഈ ലേഖകനു് രണ്ടു കാര്യങ്ങളാണു് പറയാനുള്ളതു്. ഒന്നു പ്രസംഗകനോടും മറ്റതു് അതർഹിക്കുന്ന വരോടും. പ്രസംഗകനോടു്:— ചുരുളി കീരിത്തോട്ടുകളിൽ സന്മനസ്സും അർഹതയും കഴിവുമുള്ള വൈദികരെല്ലാം ചെന്നിരുന്നു. മനസാവാചാ കർമ്മണാ കഴിവുള്ളതൊക്കെ ചെയ്തിരുന്നു. ചെന്നുപറ്റാൻ കഴിയാത്തവർ സ്ഥലത്തിരുന്നുകൊണ്ടു നിരുപണകൊണ്ടും വചനംകൊണ്ടും പ്രവർത്തികൊണ്ടും കഴിവുള്ളതൊക്കെ ചെയ്തിരുന്നു.... അതിനാൽ ഏതു കാര്യത്തിലും കൂടുതൽ ത്യാഗം അനുഷ്ഠിച്ചവർക്കു് ദൈവം സമ്മാനം നൽകും; കഴിവും കടമയും ഉണ്ടായിരുന്നിട്ടും സേവനരംഗത്തേയ്ക്കിറങ്ങാത്തവരെ ദൈവം ശിക്ഷിച്ചുകൊള്ളുകയും ചെയ്യും. അതിനപ്പുറം ഒരു വിധി ചെയ്യലും സമുദായത്തെ മൊത്തം ബാധി

ക്കത്തക്കവിധം ചിലരെ കുറ്റപ്പെടുത്തികളായി കാണുന്നതും നീതിയാണോ ന്യായമാണോ, മര്യാദയാണോ എന്നാണെന്റെ ചോദ്യം. വൈദികവരേണ്യരേയും അൽമായപ്രഗത്ഭരേയുമാണല്ലോ അങ്ങു കുറ്റപ്പെടുത്തിയിരിക്കുന്നതു്....കേരളീയകത്തോലിക്കരിൽ ആയിരമായിരങ്ങളല്ല ലക്ഷങ്ങളുണ്ടു് ഈ ചുരുളികീരിത്തോട്ടിൽ മനസാവാചാ പ്രവർത്തിച്ചവർ....ഇനിയൊന്നു പറവാനുള്ളതു് സൺഡേസ്കൂൾ വാർഷികവും മറ്റും നടത്തുന്ന ഭാരവാഹികളോടാണു്. മതവിശ്വാസികളും സഭയിൽ ഉറച്ചുനിൽക്കുന്നവരും സ്വസ്ഥവേണ്ടി പോരാടേണ്ടവരുമായ ജനങ്ങളോടും, സർവ്വോപരി സർവ്വേശ്വരനോടും ഉത്തരവാദിത്വമുള്ള ഒരു വലിയ ഭാരം വഹിക്കുന്നവരാണു് തങ്ങളെന്നുള്ള കാര്യം എപ്പോഴും ഓർമ്മയിലിരിക്കട്ടെ. അവരിൽ പലരും ഈ ശ്രമഭഹത്തെ പ്രയോജനപ്പെടുത്തുന്നില്ലെന്നു മാത്രമല്ല, ദുരുപയോഗപ്പെടുത്തുകകൂടിയാണു് ചെയ്യുന്നതു്. അതെങ്ങനെയെന്നു് ഇനി വിവരിക്കേണ്ടതില്ലല്ലോ. ആരാണിതിനൊക്കെ പരിഹാരം കാണേണ്ടതു'? പരിഹാരംകാണേണ്ടവർ തന്നെ അതിനെപ്പറ്റി ചിന്തിക്കട്ടെ.''

ഇതു ചർച്ചചെയ്യണം

ശ്രീ. പീറ്റർ ജോൺ കല്ലടയുടെ ലേഖനത്തിൽനിന്നു് മേലുദ്ധരിച്ച ഭാഗങ്ങളിൽ നാലു കാര്യങ്ങളും അദ്ദേഹം വ്യക്തമാക്കാൻ ആഗ്രഹിക്കുന്നതായി കാണാം. 1. ചുരുളികിരിത്തോടു് പ്രശ്നത്തേക്കാളും പള്ളിയാക്രമണപ്രശ്നം ഗൗരവം കുറഞ്ഞതായി പ്രസ്തുത വൈദികൻ (ഫാ. വടക്കൻ) ചിത്രീകരിച്ചു. അതു തെറ്റാണു്. (ഇതു വ്യംഗ്യാർത്ഥത്തിൽ) 2 സന്മനസ്സും കഴിവുമുണ്ടായിരുന്ന അനേകം വൈദികരും അൽമായരും കിരിത്തോട്ട പ്രശ്നത്തിനു് പരിഹാരമായി ചെയ്യാവുന്നതൊക്കെ ചെയ്തിട്ടുണ്ടു്. അങ്ങനെ ചെയ്യാത്തവരെ വിധിക്കുവാനും ശിക്ഷിക്കാനുമുള്ള അധികാരം ദൈവത്തിനുമാത്രമാണുള്ളതു്. അങ്ങിനെയുള്ളവരെ ഫാ. വടക്കൻ കുറ്റപ്പെടുത്തിയതു് നീതിയും ന്യായവും മര്യാദയുമല്ല. 3. ഭക്തസംഘടനകളുടെ വ്യാപ്തികസമ്മേളനത്തിൽ കിരിത്തോട്ട പ്രശ്നവും മറ്റും പ്രതിപാദ്യവിഷയമാക്കുവാൻ പാടില്ല. അതിനനുവദിക്കുന്ന ഭാരവാഹികളും കുറക്കാരാണു്. 4. കത്തോലിക്കാ വൈദികരുടെയും വൈദിക മേലദ്ധ്യക്ഷന്മാരുടെയും നിലപാടിനോടു പരസ്യമായി വെല്ലുവിളി നടത്തിക്കൊണ്ടു് ബാലികാബാലന്മാരെയും യുവാക്കളേയും കത്തോലിക്കാ അന്തരീക്ഷത്തിൽനിന്നു വ്യതിചലിപ്പിക്കാൻ ഈ വൈദികൻ ഒരുമ്പെട്ടതു. ആകയാൽ ഇതിനു പരിഹാരമുണ്ടാക്കുവാൻ ചുമതലയും അധികാരവും ഉള്ളവർ ഉടനെ അതു ചെയ്യണം.

ഇതിൽ ഓരോന്നിനെക്കുറിച്ചും എനിക്കുള്ള അഭിപ്രായംകൂടി ചുരുക്കമായി ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ.

1. ഫാ. വടക്കന്റെ പ്രസ്തുത പ്രസംഗത്തിലും കിരിത്തോട്ടപ്രശ്നവുമായി അനുബന്ധിച്ചു തൈക്കൽ പള്ളി പ്രശ്നമാത്രമെ പരാമർശിച്ചിട്ടുള്ള. തൈക്കൽപള്ളി ആക്രമിക്കപ്പെട്ടപ്പോഴും അവിടെ വിശുദ്ധ കർബാന ഉണ്ടായിരുന്നില്ല. വി. കർബാനയും പള്ളിയും മനുഷ്യരേക്കാൾ പ്രാധാന്യം കുറഞ്ഞതായി പ്രസ്തുത വൈദികൻ ചിത്രീകരിച്ചുവെന്ന വ്യംഗ്യാർത്ഥത്തിൽ ശ്രീ. കല്ലട പറഞ്ഞിരിക്കുന്ന ആരോപണം സത്യവിരുദ്ധമായിട്ടുള്ളതാണു്. പ്രസ്തുത വൈദികനു് അങ്ങനെ ഒരുദ്ദേശ്യമുണ്ടായിരുന്നതായി അദ്ദേഹത്തിന്റെ പ്രസംഗഭാഗം ശ്രീ. കല്ലട ഉദ്ധരിച്ചിരിക്കുന്നതിൽനിന്നും തെളിയുന്നില്ല. ഉത്തരവാദപ്പെട്ട രംഗങ്ങളിലുള്ള പല വൈദികരും അൽമായരും അടിയന്തിരമായി ചെയ്യേണ്ട സംഗതിയിൽ അലസതയും, സാവധാനത്തിൽ ചെയ്യാവുന്നവയ്ക്കു് ആവേശവും നൽകിപ്പോരുന്നതുകൊണ്ടു് സംഭവിക്കുന്ന ദുഷ്ഫലങ്ങൾ വ്യക്തമാക്കുവാനേ അദ്ദേഹത്തിനുദ്ദേശമുണ്ടായിരുന്നുള്ള വെന്നാണു് മനസ്സിലാക്കാൻ സാധിക്കുന്നതു്.

തൈക്കൽ പള്ളി ആക്രമിച്ചവർ മറ്റാരും കാണാതെ രാത്രിയിൽ അതു ചെയ്തിട്ടു് നേരം വെളുക്കുംമുമ്പു് സ്ഥലം വിട്ടിരുന്നു. അതിനുള്ള പ്രതിവിധികൾ നമുക്കു സമാധാനമായി ചെയ്യുവാൻ തക്ക സൗകര്യമുണ്ടായിരുന്നു. എന്നാൽ കിരിത്തോട്ടിലും മറ്റും കുടിയിറക്കിനും കുടിൽ കത്തിക്കലിനും മർദ്ദനത്തിനും മരണത്തിനും മാനഭംഗപ്പെടുത്തലിനുമിരയായി പ്രാണൻ പിടഞ്ഞുകരയുന്നവർക്കു വേണ്ടുന്ന ആശ്വാസമാർഗ്ഗങ്ങൾ തക്കസമയത്തുതന്നെ എത്തിച്ചുകൊടുക്കുകയും പ്രതിവിധിയുണ്ടാക്കുകയും ചെയ്യേണ്ടതാണു്. ഈ കാര്യമാണു് ഫാ. വടക്കൻ തന്റെ പ്രസംഗത്തിലും ലേഖനത്തിലും ഊന്നിപ്പറഞ്ഞിട്ടുള്ളതു്. ഒരുദാഹരണംകൊണ്ടു ഇതു് ഒന്നുകൂടി വ്യക്തമാക്കാം. ശ്രീ കല്ലടയുടെ വീടും താമസവും തൈക്കൽ പള്ളിക്കടുത്തു സമീപമായിരുന്നുവെന്നു സങ്കല്പിക്കുക. തൈക്കൽപള്ളിയും തിരുസ്വരൂപങ്ങളും തകർത്തിട്ടു് ആക്രമികൾ കടന്നുകളഞ്ഞതായി അറിഞ്ഞു് ഓടിവന്ന പുരുഷാരം ഇടയ്ക്കുവച്ചു: കുറെ ആക്രമികൾ ശ്രീ. കല്ലടയുടെ വീടിനു തീവയ്ക്കുകയും കല്ലടയേയും ഭാര്യയേയും മക്കളേയും മർദ്ദിക്കുകയും മാനഭംഗപ്പെടുത്തുകയും ചിലരെ കൊല്ലുകയും ചെയ്യുന്നതായി കണ്ടുവെന്നും കരുതുക. ആ പുരുഷാരത്തിൽ കുറേപ്പേർ പള്ളിയിലേയ്ക്കു പോകുന്നതിനു മുമ്പു് നിങ്ങളെ സഹായിക്കാനെത്തിയാൽ അങ്ങിനെ ഓടിയെത്തിയവരുടെ മേൽ; പള്ളിയേക്കാളും വി. കർബാനയെക്കാളും പ്രാധാന്യം മനുഷ്യർക്കു നൽകിയവർ എന്നുള്ള കുറ്റം ശ്രീ. കല്ലട ആരോപിക്കുമോ? ഇനിയും ആ പുരുഷാരത്തിൽ കുറേപ്പേർ ശ്രീ കല്ലടയേയും കുടുംബത്തേയും ഗൗനിക്കാതെ തകർക്കപ്പെട്ട പള്ളിയിലേക്കു പരിഹാരപ്രതീക്ഷണവും മറ്റും സംഘടിപ്പിക്കാൻ ചുറ്റിനടക്കുകയും പള്ളിയുടെ മഹാത്മ്യത്തെക്കുറിച്ചുമാത്രം പ്രസംഗിക്കുകയും ചെയ്യുന്നതു കണ്ടതായ ഒരു വൈദികൻ അവരോടു; ''കല്ലടയേയും കുടുംബത്തേയും രക്ഷിക്കുവാൻ ശ്രമിക്കാതെ നിങ്ങളും പരിഹാരപ്രതീക്ഷണവും പ്രസംഗവും നടത്താൻ പറഞ്ഞുപോയതു തെറ്റായിപ്പോയി'' എന്നു പറഞ്ഞതായി ശ്രീ കല്ലട അറിഞ്ഞാൽ, ആ വൈദികൻ, ''കത്തോലിക്കാ അന്തരീക്ഷത്തിൽ നിന്നും കത്തോലിക്കാസംഘാധികാരികളിൽനിന്നും ജനങ്ങളേ വ്യതിചലിപ്പിക്കുന്നവനാണു്. തൻനിമിത്തം അദ്ദേഹത്തെ ഉത്തരവാദപ്പെട്ടവർ വേഗം വരിഞ്ഞുകെട്ടണം'' എന്നു പറയുകയും വാദിക്കുകയും ചെയ്യുമായിരുന്നോ? പള്ളിയും വി. കർബാനയും മനുഷ്യരേക്കാൾ പ്രാധാന്യം കൂടുതലുള്ളതാണെങ്കിലും അതു മനുഷ്യർക്കു വേണ്ടിയാണല്ലോ ദൈവം സ്ഥാപിച്ചതു്.

2. അധികാരസ്ഥാനങ്ങളിലുള്ള വൈദികരിലും അൽമായരിലും കഴിവും ഉത്തരവാദിത്വവുമുള്ള പലരും ചുരുളികിരിത്തോട്ടപ്രശ്നത്തിൽ വേണ്ടതു തക്കസമയത്തു ചെയ്യാതിരുന്നുവെന്നും കുറേപ്പേർ വല്ലതും ചെയ്തതുതന്നെ തെറ്റായിപ്പോയെന്നവിധം അഭിപ്രായപ്പെടുന്നതുമൊക്കെ പകൽപോലുള്ള പരമാർത്ഥങ്ങളല്ലെ? ചില ഉന്നതാധികാരികൾക്കു് പലരും പരാതിയും അമർഷവും സ്ഫുരിക്കുന്ന രഹസ്യക്കത്തുകളും മറ്റും അയച്ചതിനുശേഷമാണു് അവർ ചില പ്രതിനിധികളെ 'ചുരുളികിരിത്തോട്ടി'ൽ അയക്കുവാനും പ്രസ്താവനയിറക്കുവാനും മുതിർന്നതെന്നു് എനിക്കനുഭവബോദ്ധ്യമുണ്ടു്. ഞാനും അതിലേപ്പെട്ടിട്ടുണ്ടു്. പോയവരിൽത്തന്നെ ചിലർ കിരിത്തോട്ടിലെ പാവങ്ങളുമായി സംസാരിക്കുന്ന ഫോട്ടോ എടുപ്പിച്ചിട്ടു് തിരിച്ചുപോരുകയും ആ ഫോട്ടോകൾ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിക്കൊണ്ടു തങ്ങളുടെ മഹാമനസ്കതയ്ക്കു റിക്കാർഡ് സ്ഥാപിക്കുകയും ചെയ്യുവെന്നല്ലാതെ ആത്മാർത്ഥതയുടെ കണികപോലും അവിടെ കാണിച്ചിട്ടില്ല. ഉടമ്പടിപ്രശ്നമുണ്ടായപ്പോഴും ഫാ. വടക്കൻ അവിടെ ഇടപെട്ടതുനിമിത്തം അദ്ദേഹത്തെ ജനങ്ങൾ പ്രശംസിക്കുന്നതു കണ്ടും കേട്ടും കൊതിമുത്തു; അതിനു മുമ്പു് പാവപ്പെട്ടവന്റെ നേരെ പല്ലുമുക്കിക്കാണിച്ചിരുന്ന ചിലപ്രശംസാമോഹികളും പന്നിമറുത്തും ചുരുളി കിരിത്തോട്ടിലുമൊക്കെ ഫോട്ടോ എടുക്കുന്നവരേയും കൊണ്ടു പണ്ടു നടന്നു് ആത്മാർത്ഥതയില്ലാതെ കുറെ ഗോഷ്ടികൾ കാണിച്ചുകൊണ്ടു പോന്നു. അതുപോലും മിനക്കെടാത്തവരും അനവധിയുണ്ടു്. ഏതാനും പേർ ആത്മാർത്ഥതയോടെ പാടുള്ളതു ചെയ്തിട്ടുമുണ്ടു്.

ഇങ്ങിനെ കഴിവും ചുമതലയും ഉണ്ടായിരുന്ന പലരും അലസത, സ്വാർത്ഥത എന്നീ കാരണങ്ങളാൽ ചുരുളി കിരിത്തോട്ടപ്രശ്നത്തിൽ ചെയ്യേണ്ടതു ചെയ്യാ

തിരുന്നതിനെ പ്രസ്തുത വൈദികൻ കുറ പ്പെടുത്തിയതു് നീതിയും ന്യായവും മര്യാദയും അല്ലെന്നും, വിധിക്കുവാനുള്ള അവകാശം ദൈവത്തിനേയുള്ളു വെന്നും ശ്രീ കല്ലട ശാസിക്കുന്നതും ഉപദേശിക്കുതും വാദത്തിനുവേണ്ടി സമ്മതിക്കുന്നു. അപ്പോഴും പള്ളിയും മറ്റും തകർത്തതായ അക്രമികളെ കുറപ്പെടുത്തുന്നതും തെറ്റല്ലേ? അവരേയും വിധിക്കുവാനുള്ള അധികാരം ദൈവത്തിനല്ലെ ഉള്ളൂ? ഇനിയും ശ്രീ കല്ലടതന്നെ കമ്യൂണിസ്റ്റുകാരുംപ്പെടെ പലരേയും കുറപ്പെടുത്തിക്കൊണ്ടു് പ്രസംഗിക്കുകയും എഴുതുകയും ചെയ്തിട്ടുണ്ടല്ലോ. അതുമെല്ലാം ദൈവദൂഷണപരമായിട്ടുള്ളതല്ലേ?

3 കുട്ടികളും വലിയവരുമുൾപ്പെട്ട പല ക്രൈസംഘടനകളുടെ ഒരു സംയുക്തവാഷ്ികയോഗത്തിൽ ചുരുളി കീരിത്തോട്പ്രശ്നത്തെ പരാമർശിച്ച പ്രസംഗിച്ചതും കൊടുംപാതകമായി പ്പോയിയെന്നു ശ്രീ. കല്ലട സമർത്ഥിച്ചിരിക്കുന്നതിലും കഴമ്പൊട്ടുമില്ല. ക്രിസ്തീയപാഠപദ്ധതികളും പഠിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്നതിനുവേണ്ടിയുള്ള കുട്ടികളും മുതിർന്നവരുമുൾക്കൊള്ളുന്ന സംഘടനാംഗങ്ങളും ഒരുമിച്ചുകൂടിയിരുന്നപ്പോൾ അവരോടു് ദൈനംദിനജീവിതത്തിൽ ക്രിസ്തീയധർമ്മം അനുഷ്ഠിക്കുന്നിടങ്ങളിൽ സംഭവിക്കാവുന്ന തെറ്റും ശരിയും ചൂണ്ടിക്കാണിക്കുവാൻ എത്രയും പുതുമയുള്ള ഒരു ഉദാഹരണം തന്നെയായിരുന്നു തെരഞ്ഞെടുത്തതു്. ക്രിസ്തനാഥനും ദൈനംദിനജീവിതത്തിൻറെ നേരെ വിരൽചൂണ്ടിക്കൊണ്ടു് പരസ്നേഹപരമായ യഥാർത്ഥ ക്രിസ്തീയമാർഗ്ഗം പഠിപ്പിച്ചിട്ടുള്ളതായി ബൈബിളിലുടനീളംകാണാം. ചുരുളികീരിത്തോട്പ്രശ്നത്തിൽ വെറും രാഷ്ട്രീയമല്ലാതെ മതപരമായ മൂല്യങ്ങളൊന്നും കാണുവാൻ സാധിക്കാതിരുന്ന ശ്രീ. കല്ലടയുടെ മതതീഷ്ണതയേക്കുറിച്ചു യാതൊന്നും ഇവിടെ ചർച്ചചെയ്യേണ്ട ആവശ്യമില്ലല്ലോ.

4 കത്തോലിക്കാ വൈദികരുടേയും വൈദികമേലദ്ധ്യക്ഷന്മാരുടെയും നിലപാടിനോടു പരസ്യമായി വെല്ലുവിളി നടത്തിക്കൊണ്ടു് ബാലികാബാലന്മാരെയും യുവാക്കളെയും കത്തോലിക്കാ അന്തരീക്ഷത്തിൽ നിന്നു വ്യതിചലിപ്പിക്കുവാൻ ഈ വൈദികൻ ഒരുമ്പെട്ടതു. ആകയാൽ ഇതിനു പരിഹാരമുണ്ടാക്കുവാൻ ചുമതലയും അധികാരവുമുള്ളവർ അതുടനെചെയ്യണമെന്നു് ഉൽബോധിപ്പിക്കുകയും പ്രേരണചെലുത്തുകയും ചെയ്യുമാറുള്ള ശ്രീ. കല്ലടയുടെ ലേഖനഭാഗങ്ങളെക്കുറിച്ചുകൂടി അല്പം പറഞ്ഞുകൊണ്ടു് അവസാനിപ്പിച്ചുകൊള്ളാം.

ഫാ. വടക്കൻ സാമൂഹ്യരംഗങ്ങളിൽ ഒരിടത്തും ഇടപെടുകയും പ്രസംഗിക്കുകയും ചെയ്യാതിരിക്കുത്തക്കവിധമാണല്ലോ ഇപ്പോഴത്തെ അന്തരീക്ഷം. ഇനി അദ്ദേഹത്തെ ആദ്ധ്യാത്മികരംഗങ്ങളിലും ശബ്ദിക്കാത്തവിധം നിശ്ചലനാക്കി മാറ്റുവാൻ ചിലർക്കു താല്പര്യമുണ്ടാകാം. എന്നിരുന്നാലും ശ്രീ കല്ലടയേ പ്രസ്തുത ലേഖനമെഴുതുവാൻ പ്രേരിപ്പിച്ച പശ്ചാത്തലം ഏതുപ്രകാരമുള്ളതാണെന്നു എനിക്കു മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ല

—0—

ഉപയോഗിപ്പിൻ!

K.K.
തേയില

K. K. & Co. KOTTAYAM

അഖിലകേരള കത്തോലിക്കാ കോൺഗ്രസിന്റെ

മൂലധനവും ബാദ്ധ്യതകളും

ശാശ്വതമൂലധനഫണ്ട്—മുൻബാക്കിപത്രപ്രകാരം	50039	99		
തന്നാണ്ടു വരവു്	710	27	50750	26
വിദ്യാഭ്യാസഫണ്ട്—മുൻബാക്കിപത്രപ്രകാരം	1385	95		
തന്നാണ്ടു വരവു്	62	00	1447	95
രക്തസാക്ഷിഫണ്ട്—മുൻബാക്കിപത്രപ്രകാരം	9	16	9	16
കേന്ദ്രസംഘടനാഫണ്ട്—മുൻബാക്കിപത്രപ്രകാരം	350	09		
തന്നാണ്ടു വരവു്	1585	72		
	1935	81		
തന്നാണ്ടു ചെലവു്	1597	55	338	26
രൂപതാസംഘടനാഫണ്ട്—മുൻബാക്കിപത്രപ്രകാരം	557	80		
തന്നാണ്ടു ചെലവു്	18	40	539	40
ശാഖകളുടെ നിലനിറുത്തു്—മുൻബാക്കിപത്രപ്രകാരം	246	35		
തന്നാണ്ടു കൊടുത്തതു്	184	23	62	12
ബില്ലുകൾ കൊടുത്തുതീർക്കേണ്ടതു്—മുൻബാക്കിപത്രപ്രകാരം	1439	43		
തന്നാണ്ടു വരവു്	2199	66		
	3639	09		
തന്നാണ്ടു ചെലവു്	168	04	3471	05
സസ്പെൻസ് മുൻബാക്കിപത്രപ്രകാരം	976	15		
തന്നാണ്ടു വരവു്	2210	37		
	3186	52		
തന്നാണ്ടു ചെലവു്	876	31	2310	21
ബുള്ളറിൻ ഫണ്ടു് തന്നാണ്ടു വരവു്	433	00		
തന്നാണ്ടു ചെലവു്	300	00	133	00
ഗ്രാറുവിറ്റി ഫണ്ടു്—തന്നാണ്ടു വരവു്	20	00	20	00
സെക്യൂരിറ്റി	250	00	250	00
ആകെ			59331	41

ആഡിറ്റർ റിപ്പോർട്ടു്

ഞാൻ, മേൽ ചേർത്തിരിക്കുന്ന അഖിലകേരള കത്തോലിക്കാ കോൺഗ്രസിന്റെ 1963 ഡിസംബർ 31—ാംതീയതിയിലെ ബാക്കിപത്രവും അതേ തീയതിയിലെ വരവുചെലവു കണക്കും (Income & Expenditure) ആഡിറ്റുചെയ്തു. ഞാൻ ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും എനിക്കു ലഭിച്ചു. എനിക്കു കിട്ടിയ വിവരങ്ങളനുസരിച്ചും കോൺഗ്രസിന്റെ പുസ്തകങ്ങൾപ്രകാരവും ഭരണഘടന 126(2) ഉപവകുപ്പനുസരിച്ചുള്ള സൂക്ഷിപ്പുമുഴുവൻ നടത്തിയിട്ടില്ലെന്നുള്ളതൊഴിച്ചു്, ഈ ബാക്കിപത്രവും വരവുചെലവുകണക്കും നിയമപ്രകാരം തയ്യാറാക്കിയിട്ടുള്ളതാണെന്നും, ബാക്കിപത്രം കോൺഗ്രസിന്റെ യഥാർത്ഥനിലയെ കാണിക്കുന്നുവെന്നും ഞാൻ റിപ്പോർട്ടുചെയ്യുന്നു.

കോട്ടയം,
15—4—64

ആഡിറ്റർ, ദേവസ്യ ജോസഫ് ബി.എ.,ബി.കോം. (ഒപ്പു്)

1963 ഡിസംബർ 31-ാംനു-ലെ ബാക്കിപത്രം

വസ്തുക്കളും സ്വത്തുക്കളും

ഫർണീച്ചർ—മുൻ ബാക്കിപത്രപ്രകാരം	1044	81		
തന്നാണ്ടു് കൂട്ടിച്ചേർത്തതു്	7	50		
	1052	31		
തന്നാണ്ടു് 5°/₀ പഴക്കംതള്ളിയതു്	52	62	999	69
ഓഫീസു് ഉപകരണങ്ങൾ—മുൻ ബാക്കിപത്രപ്രകാരം	115	38		
തന്നാണ്ടു് കൂട്ടിച്ചേർത്തതു്	5	00		
	120	38		
തന്നാണ്ടു് 10°/₀ പഴക്കംതള്ളിയതു്	12	00	108	38
	83	96		
ലൈബ്രറി—മുൻ ബാക്കിപത്രപ്രകാരം	—	55	84	51
തന്നാണ്ടു് കൂട്ടിച്ചേർത്തതു്	93	74		
അഡ്വാൻസു്—മുൻ ബാക്കിപത്രപ്രകാരം	17	31		
തന്നാണ്ടു് വരവു്	76	43		
	75	00	151	43
തന്നാണ്ടു് ചെലവു്	250	00	250	00
ബില്ലുകൾ പിരിയേണ്ടതു്—മുൻ ബാക്കിപത്രപ്രകാരം				
ബുള്ളറിൻ കടിശീഖ—മുൻ ബാക്കിപത്രപ്രകാരം	49	00	49	00
വിദ്യാഭ്യാസവേതനം—മുൻ ബാക്കിപത്രപ്രകാരം				
തന്നാണ്ടു് തിരികെ	455	00		
F. D. കോമൺവെൽത്തുബാങ്കു് കോട്ടയം (In Liquidation) മുൻ ബാക്കിപത്രപ്രകാരം	90	00	365	00
	6181	37	6181	37
F. D. പാലാ സെൻട്രൽബാങ്കു് കോട്ടയം (In Liquidation) മുൻ ബാക്കിപത്രപ്രകാരം	21747	63		
തന്നാണ്ടു് വരവു്	4351	20	17396	43
	833	00	833	00
F. D. സ്റ്റേറ്റു് ബാങ്കു് കോട്ടയം	4400	00	4400	00
,, സ്റ്റേറ്റു് ബാങ്കു് കഞ്ഞിക്കുഴി	20700	00	20700	00
,, സൗത്തു് ഇൻഡ്യൻ ബാങ്കു് കോട്ടയം	122	97	122	97
S/B. കോമൺവെൽത്തു ബാങ്കു് (In Liquidation) കോട്ടയം	—	17	—	17
,, പാലാ സെൻട്രൽ ബാങ്കു് (In Liquidation)	14	34	14	34
,, സ്റ്റേറ്റു ബാങ്കു് കഞ്ഞിക്കുഴി	55	52	55	52
,, സൗത്തു് ഇൻഡ്യൻ ബാങ്കു് കോട്ടയം	2	92	2	92
C/A. കോമൺവെൽത്തു ബാങ്കു് (In Liquidation)	27	47	27	47
രൊക്കം നീക്കിയിരുപ്പു്	2849	10	2849	10
മുൻ ബാക്കിപത്രപ്രകാരം കൂടുതൽ ചെലവു്	4740	11	4740	11
തന്നാണ്ടു് വരവുകഴിച്ചു് കൂടുതൽ ചെലവു്			59331	41

ആകെ

ട്രഷറർ, എം. സി. ചാക്കോ.

അഖിലകേരള കത്തോലിക്കകോൺഗ്രസ് 1963 ഡിസംബർ 31-ാംനു അവസാനിച്ച വർഷത്തെ പ്രവർത്തനഫണ്ട് വരവു ചെലവു കണക്കു്

ചെലവിനങ്ങൾ

	Rs.	nP.
ട്രൂറിസ്റ്റു ഹോം—(വാടക—ലൈറ്റിംഗ്—തുപ്പുകാരനു ശമ്പളം—പലവക)	1635	67
ശമ്പളം	2294	58
യാത്രച്ചെലവു്	149	46
സ്റ്റേഷനറി	131	36
പ്രിൻറിംഗ്	427	33
ടൈപ്പിംഗ്	9	06
തപാൽ, കമ്പി, ടെലഫോൺ	256	79
ഓഡിറ്റു് ഫീസ്	50	00
ഓഫീസ് പലവക	38	04
പാരിതോഷികങ്ങൾ	29	00
പലവക ചെലവു്	11	00
മീറ്റിംഗ്കൾ	420	69
പ്രത്യേക കമ്മിറ്റി	100	26
ബുള്ളറ്റിൻ	5960	50
വായനശാല പത്രങ്ങൾക്കു വരിസംഖ്യ	22	15
ബാങ്കു് ചാർജ് ആൻഡ് എം. ഒ. കമ്മീഷൻ	8	00
ക്രിസ്ത്യൻ മാര്യേജ് ബിൽ	2100	10
അസി. സെക്രട്ടറി സ്ഥാനത്തിനുള്ള അപേക്ഷയ്ക്കു് അഡ്വർടൈസ്മെൻറു് ചാർജ് മുതലായവ	32	00
ബുള്ളറ്റിൻ കമ്മീഷൻ	20	00
ഓഫീസ് ഉപകരണങ്ങൾക്കു് 10 ശതമാനം പഴക്കം തള്ളിയതു്	12	00
ഫർണീച്ചർ 5 ശതമാനം പഴക്കം തള്ളിയതു്	52	62
ആകെ	13760	61

വരവിനങ്ങൾ

	Rs.	nP.
ട്രൂറിസ്റ്റു ഹോം വാടക	1771	95
ഉപകൃത്തുക്കളുടെ ഫീസിൽ	9	79
ആയുഷ്കാലസാമാജികരുടെ ഫീസിൽ	167	78
സാധാരണസാമാജികരുടെ ഫീസിൽ	1250	15
രജിസ്ട്രേഷൻ ഫീസ്	108	00
പ്രതിനിധിഫീസ്	348	00
സർട്ടിഫിക്കറ്റു് ഫീസ്	154	00
ക്രിസ്ത്യൻ മാര്യേജ് ബിൽ സംഭാവന	2157	50
പലിശ	1073	70
പ്രസിദ്ധീകരണങ്ങൾമുതലായവവിറ്റു്	41	36
വായനശാല പത്രങ്ങൾ വിറ്റു്	20	37
ബുള്ളറ്റിൻ വരിസംഖ്യ	980	00
അഡ്വർടൈസ്മെൻറു് ചാർജ്	927	90
അസി. സെക്രട്ടറിസ്ഥാനത്തിനുള്ള അപേക്ഷാഫോറത്തിൻെറ വില	10	00
തന്നാണ്ടു് വരവു കഴിച്ചു് കൂട്ടുതൽ ചെലവു്	4740	11
ആകെ	13760	61

ഓഡിറ്റർ— ദേവസ്യാ ജോസഫ്,
ബി. എ., ബി. കോം. (ഒപ്പു്)

ട്രഷറർ— എം. സി. ചാക്കോ മാന്തുരുത്തിൽ
(ഒപ്പു്)

പുതനാവേഷങ്ങൾ.

ജെ. നടവയൽ

സാഹിത്യരംഗത്തെ പുതനാവേഷങ്ങളും—എന്ന ശീർഷകത്തിൽ മാർച്ചു മാസത്തിലെ ബുള്ളറ്റിനിൽ ഒരു ലേഖനം കണ്ടുകയുണ്ടായി. പല തെറ്റിദ്ധാരണകൾക്കും ഇടയാക്കിയേക്കാവുന്ന പ്രസ്തുത ലേഖനത്തെ ശാന്തമായി ഒന്നു വിശദീകരിക്കുകയാണിവിടെ.

കേരളത്തിലെ സാഹിത്യരംഗത്തു ക്രൈസ്തവർക്കനുഭവപ്പെടുന്ന ദയനീയസ്ഥിതിക്കു വൈദികരാണത്തരവാദികളെന്ന നിഗമനത്തിലാണു ലേഖകൻ എത്തിച്ചേരുന്നതു്. കേരളസാഹിത്യചരിത്രത്തെക്കുറിച്ചുമുള്ള അജ്ഞതയാണു് ഈ ലേഖനം ചൂണ്ടിക്കാട്ടുന്നതു്.

''നസ്രാണി സാഹിത്യം പണ്ടുമുതലേ കൈകാര്യം ചെയ്തുവന്നതു പുരോഹിതന്മാരായതുകൊണ്ടോ'' ''സംഖ്യയിറ പുരോഹിതന്മാർ സാഹിത്യരംഗത്തു കാലെടുത്തുകുത്തിയതിനാൽ മറ്റുള്ളവർക്കു സ്ഥലമില്ലാതെ പോയതുകൊണ്ടോ ഒന്നുമല്ല ഈ ദയനീയസ്ഥിതി വന്നുചേർന്നതു്.

പ്രാചീനസാഹിത്യവും ഹൈന്ദവസംസ്കാരവും മതവും എങ്ങനെ അലിഞ്ഞുചേർന്നു കിടക്കുന്നുവെന്നും സംസ്കൃതവും ഭാഷാപാണ്ഡിത്യവും എങ്ങനെ ഹൈന്ദവരുടെ കുത്തകയായിരുന്നുവെന്നും ലേഖകൻ മനസ്സിലാക്കണമെന്നു് അഭ്യർത്ഥിക്കുന്നു. സർപ്പപ്പാട്ടും രാമചരിതവും കൃഷ്ണഗാഥയും മറ്റുമായിട്ടാണു സാഹിത്യചരിത്രം ആരംഭിക്കുന്നതുതന്നെ. ചമ്പുക്കളുടെ കാലത്തും ഹൈന്ദവപുരാണങ്ങളും ദേവചരിതങ്ങളുമാണു കാവ്യവിഷയം. രാമായണചമ്പുവും കുളിയമർദ്ദനവും മറ്റും ഇതിനുദാഹരണങ്ങളാണു്. രാമായണത്തിനും മഹാഭാരതത്തിനും അപ്പുറത്തിറങ്ങി ഒരു വിഷയം കണ്ടുപിടിക്കുവാൻ അന്നു സാധിച്ചില്ല. തികച്ചും ഹൈന്ദവമായ സംസ്കാരത്തിലും അന്തരീക്ഷത്തിലുമാണു ഭാഷ ജനിച്ചതും സാഹിത്യം വളർന്നതും. ഈ രാമരാജ്യത്തിലെ സാഹിത്യത്തിൽ ന്യൂനപക്ഷമായ ക്രിസ്ത്യാനികൾക്കു ഒരു സീറ്റു കിട്ടിയില്ലെങ്കിൽ അതിനെപ്പറ്റി സ്ഥിരിക്കുവാൻ പുരോഹിതരെ അറസ്റ്റു ചെയ്യേണ്ട ആവശ്യമില്ല. പർവ്വങ്ങൾക്കും പാനയ്ക്ക

ഉമാത്രം.

പ്രാർത്ഥനകൾക്കു പരിഷ്കാരവും നവീകരണവും ഇനിയും വരുത്തിക്കൊണ്ടിരിക്കണം. അതിനു നല്ല സാഹിത്യകാരന്മാർ— പയററിപരിചയിച്ചവർതന്നെ മുമ്പോട്ടുവരണം.

''ഫാദർ'' വിട്ടകളഞ്ഞുകൊണ്ടു പല പുരോഹിതരും എഴുതുന്നുവെന്നതാണു് മറെറാരാക്ഷേപം. ഫാദർ മാത്രമല്ല ഇടവും സിസ്റ്ററും മിസ്റ്ററും മതവും (അതുപോലെയുള്ള നാമവും) വിട്ടകളഞ്ഞുകൊണ്ടു് എത്രയോ പേർ ലേഖനങ്ങളെഴുതുന്നു. ഉദാ: പരീക്ഷണ്ണി. ഫാദറും മറ്റും വിട്ടു ലേഖനങ്ങളെഴുതുന്നവർ ഫ്രെഞ്ചിലും ജർമ്മനിലും മറെറ മില്ലോ? ''കാലത്തിനൊത്തു നീങ്ങുവാനുള്ള അവരുടെ കഴിവില്ലായ്മയാണോ ഇതു ചൂണ്ടിക്കാട്ടുന്നതു്.?

''നിങ്ങളുടെ വാ; ഫാദർ തുടങ്ങിയ വിശേഷണങ്ങളും വിട്ടകളഞ്ഞുകൊണ്ടു സാഹിത്യ പ്രസിദ്ധീകരണങ്ങളിലേയ്ക്കു പ്രവേശിക്കുക— പ്രത്യേകിച്ചു അകത്തോലിക്കാപ്രസിദ്ധീകരണങ്ങളിലേയ്ക്കു്. അശ്ലീലതയും അപഥസിദ്ധാന്തങ്ങളും നടമാടുന്ന അവിടെ ക്രിസ്തീയതയുടെ ഒരു പൊരി എങ്കിലും കത്തിക്കുക. ഇരുളിനെ പഴിക്കുന്നതിലും നല്ലതു ഒരു തിരികൊളുത്തുന്നതാണു്'' എന്നു് കേരളത്തിലെ ഒരു വൈദികമേലധ്യക്ഷൻ 700-ൽ പരം വരുന്ന വൈദികഗണങ്ങളോടു് ഒരിക്കൽ പറയുകയുണ്ടായി. അദ്ദേഹത്തോടും ശ്രീ. പരീക്ഷണ്ണിക്കുചോദിക്കുവാനുള്ളതു് ''എന്തിനാണു് ഇത്തരം വേലത്തരങ്ങളൊക്കെ?'' എന്നത്രേ.

സാധാരണക്കാരനുമായി ഒന്നുചേരുവാനും സാഹിത്യലോകത്തിലും നിർബാധം സേവനം അനുഷ്ഠിക്കുവാനും അവരുടെ അന്തരംഗത്തിൽ കുടികിടക്കുന്ന അഭിലാഷത്തിന്റെ ആവാഹനമായിട്ടാണുഞാനതിനെ കണക്കാക്കുന്നതു്.

സാഹിത്യത്തിലേയ്ക്കു വൈദികർ കടക്കണം— ഓജസ്സോടും ഉശിരോടുംകൂടെ ശബ്ദിക്കയുംവേണം. വൈദികർ അംഗത്താരയിൽ നിന്നിറങ്ങരുതു് എന്നു പറയുകയും ''അവർക്കു ലോകപരിചയമില്ല, കാലത്തിനൊത്തു നീങ്ങാൻ കഴിവില്ല'' എന്നൊക്കെയും ആക്ഷേപിക്കുകയും ചെയ്യുന്നതു കഷ്ടമാണു്. ശ്രീ പരീക്ണ്ണിയുടെ പുരോഹിതനും, (ഫാദർ) സെബാസ്റ്റ്യൻ പുല്ലോപ്പള്ളിയുടെ പുരോഗിതനും (അതേലക്കത്തിൽ 31—ാം പേജിൽ) തമ്മിൽ എന്തൊരന്തരം! സെബാസ്റ്റ്യൻ പുല്ലോപ്പള്ളിയുടെപുരോഹിതന്റെ മൂലല വികാരങ്ങളിലൊന്നുപോലും മനസ്സിലാക്കുവാൻ ലേഖകനു കഴിഞ്ഞിട്ടില്ല.

ഏ. കെ. സി. സി ബുള്ളറിനെ ''പുരോഹിതന്മാരുടെ നിയന്ത്രണമില്ലാതും യഥാർത്ഥത്തിൽ കത്തോലിക്കമെന്നു വിളിക്കാവുന്നതുമായ ഏക പ്രസിദ്ധീകരണം ബുള്ളറിൻ മാത്രമാണു്! അതിന്റെ വളർച്ചയിൽ സാമന്യജനതയ്ക്കു താല്പര്യവുമുണ്ടു്''....!

ബുള്ളറിന്റേയും സംഘടനയുടേയും വളർച്ചയിൽ സ്വന്തം കത്തോലിക്കർക്കും— പുരോഹിതരുംപ്പടെ— താല്പര്യമുണ്ടു്, ഇതേലക്കം 18—ാം പേജിലെ ബേ'ളോ കണ്ടോ? അവരൊന്നും ബുള്ളറിനെ തളർത്തുവാനിരിക്കുന്നവരല്ല. ബുള്ളറിനെ വളർത്തുവാൻ എല്ലാ കത്തോലിക്കരും ശ്രമിക്കുക. 'നിങ്ങളും ഞങ്ങളും,' എന്ന കുത്തിരിപ്പു അവിടെ ഉണ്ടാക്കല്ലേ. രാഷ്ട്രീയകോൺഗ്രസ്സ്പോലെ നമ്മുടെ കത്തോലിക്കാകോൺഗ്രസ്സും ആയിത്തീരാനുള്ള വഴി തെളിക്കരുതേ എന്നു് അഭ്യർത്ഥിക്കുന്നു.

എന്റെ അഭിപ്രായത്തിൽ എല്ലാ കത്തോലിക്കാ പ്രസിദ്ധീകരണങ്ങളും ക്രമേണ അത്മായർ ഏറെറടുത്തു നടത്തണം. എങ്കിലും, വൈദികർ നടത്തുന്നു എന്ന കാരണത്താൽ ഒരു പത്രവും തരംതാഴ്ത്തപ്പെടേണ്ടതില്ല.

വൈദികരുടെ തെറെറകളും ബുള്ളറിനിലൂടെ ചൂണ്ടിക്കാണിക്കപ്പെടേണ്ടതാണു്. പക്ഷേ, ഇത്തരം പരിഹാസലേഖനങ്ങളും പല വിപത്തുകൾക്കും വഴിതെളിക്കും. അവിടെ അങ്ങനെ അമത്തല്ലേ, അതു റബ്ബറല്ല, ഹൃദയമാണു്.

ന്യൂനപക്ഷമായ നമുക്കു് ഭാരത്തിൽ പല അവശതകളുമുണ്ടു്. അവ പരിഹരിക്കുവാൻ തോളോടുതോൾചേർന്നു്, ഒററക്കെട്ടായി നിന്നു നാം സമരം ചെയ്യുമുന്നേറണം. നാലുഭാഗത്തുനിന്നും നാം ആക്രമിക്കപ്പെടുമ്പോഴും ഇങ്ങനെ മദ്ധ്യസ്ഥലങ്ങളിൽ ഭിന്നിപ്പുണ്ടാകുന്നതു ശരിയല്ല. നമുക്കു മുന്നേറാം. ഏ. കെ. സി സി യും ബുള്ളറിനും നമ്മുടെയേവരുടെയും പടവാളാണു്.

കർഷകസഹായനിധിയിലേയ്ക്കു സംഭാവന ചെയ്യുക.

പുനരധിവാസം, ചികിത്സാവശ്യം കേസ്സ്നടത്തിപ്പു് അന്വേഷണക്കോടതിയുടെ തെളിവുകൊടുക്കൽ എന്നീ അടിയന്തിരാവശ്യങ്ങളും കണക്കിലെടുത്തു് ഉദാരമായി സംഭാവനചെയ്യുവാൻ പൊതുജനങ്ങളും മുന്നോട്ടു വരണം.

ഏറണാകുളം, മാ. 22

ചുരുളി—കീരിത്തോടു് പ്രദേശങ്ങളിൽ പല കൊല്ലക്കാലമായി കുടിയേറിപ്പാർത്തിരുന്ന 800-ഓളം സാധു കർഷകകുടുംബങ്ങളും സർക്കാരിന്റെ കുടിയൊഴിപ്പിക്കൽ നടപടിമൂലം ഇപ്പോഴും അവരുടെ കൃഷിസ്ഥലങ്ങളിൽ നിന്നും വിവിധ ഭാഗങ്ങളിലായി മാററപ്പെട്ടിരിക്കുകയാണു്. ഭീകരമർദ്ദനങ്ങളുംകൂടെ അപമാനങ്ങളും വിധേയരായ പുരുഷന്മാരും സ്ത്രീകളും കുഞ്ഞുങ്ങളുമടക്കം ഒട്ടനവധി സാധുകർഷകർ വേണ്ടത്ര ആഹാരവും തലചായിക്കാൻ സ്ഥലവുമില്ലാതെ ദുരിതമനുഭവിക്കുകയാണു്. 75-ൽ കുറയാത്ത ആളുകളും ക്രിമിനൽ കേസ്സുകളിൽ കുടുങ്ങിയിട്ടുണ്ടു്. മർദ്ദനവിധേയരായവരിൽ ചിലർ ഇപ്പോഴും ചികിത്സയിലുമാണു്. മർദ്ദിതരും നിരാലംബരുമായ ഈ പാവപ്പെട്ട കർഷകരെ പുനരധിവസിപ്പിക്കുകയും കേസ്സിൽപെട്ടവരുടെ കേസ്സു നടത്തുന്നതിനുള്ള സൗകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യേണ്ടതു് മനുഷ്യസാഹോദര്യത്തിൽ വിശ്വസിക്കുന്ന ഏതൊരു വ്യക്തിയുടെയും കടമയാണല്ലോ, കൂടാതെ ഈ 30—ാംനു- മുതൽ അന്വേഷണക്കമ്മീഷണറുടെ മുമ്പിൽ കേസ്സിലകപ്പെട്ടവരും മർദ്ദനങ്ങൾക്കു് വിധേയരായവരും ഹാജരായി തെളിവു കൊടുക്കേണ്ടിയുമിരിക്കുന്നു. ഈവക കാര്യങ്ങൾക്കെല്ലാം ഒരു വലിയ തുക ചെലവു വരും. ഈവക സംഗതികളെല്ലാം കാലേക്കൂട്ടി കണ്ടുകൊണ്ടാണു് കഴിഞ്ഞ 8—ാംനു- കോട്ടയത്തു കൂടിയ കത്തോലിക്കാകോൺഗ്രസ് വർക്കിംഗ് കമ്മററി മർദ്ദിതക്കും കുടിയിറക്കപ്പെട്ടവക്കും വേണ്ടി ഒരു ദുരിതാശ്വാസനിധി തുടങ്ങണമെന്നും കേസ്സിലകപ്പെട്ടവക്കു അവരുടെ നിരപരാധിത്വം തെളിയിക്കുന്നതിനു വേണ്ട ഒത്താശകളും ചെയ്തുകൊടുക്കണമെന്നും തീരുമാനിച്ചതു് കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും അകമഴിഞ്ഞ സഹായസഹകരണങ്ങളും ഈ കാര്യങ്ങൾക്കു ലഭിക്കുമെന്നു് കമ്മററി വിശ്വസിക്കുന്നു. ഓരോരുത്തരുടെയും കഴിവുപോലെ നിർല്ലോഭമായ സംഭാവനകളും നൽകണമെന്നു് കമ്മററിക്കുവേണ്ടി ഞാൻ പൊതുജനങ്ങളോടു് അഭ്യർത്ഥിക്കുന്നു.

സംഭാവനകളും ശ്രീ. പി. സി. അബ്രഹാം പ്രസിഡണ്ടു് എ. കെ. സി. സി. നാഗമ്പടം, കോട്ടയം എന്ന വിലാസത്തിൽ അയയ്ക്കേണ്ടതും അതിലേയ്ക്കു് മുപ്രകാരമുള്ള രസീതുകളും നൽകുന്നതുമാണു്.

—0—

(18—ാംപേജ് തുടർച്ച)

ശ്രീ. ജോർജ്ജ് തോമസ്സ് കൊട്ടകാപ്പള്ളിയും പ്രസ്തുത സംഘത്തിന്റെ പ്രതിനിധികളും ചങ്ങനാശേരി അതിരൂപതാ സംഘം പ്രസിഡന്റും മുൻസിപ്പൽ ചെയർമാനുമായ ശ്രീ തോമസ്സ് ബാസ്റ്റ്യനും അവിടത്തെ രൂപതാ സംഘംപ്രതിനിധികളുംസംബന്ധിച്ചു.

പ്രാർത്ഥനാനന്തരം മിനിറ്റ്സ് വായിച്ചു പാസ്സാക്കി.

കോൺഗ്രസ് വർക്കിംഗ് കമ്മറ്റിയും യോഗത്തിൽ പങ്കുകൊണ്ട സമുദായനേതാക്കന്മാരും കീരിത്തോട്ട സംഭവങ്ങളെ സംബന്ധിച്ചു ചൂടേറിയ ചർച്ചകളും നടത്തുകയും താഴെപറയുന്ന രീതുമാനങ്ങളും ചെയ്യുകയും ചെയ്തു.

ഒന്നിലധികം കാരണങ്ങളാൽ കീരിത്തോട്ടിൽ കുടിയിരുത്തപ്പെട്ട കർഷകരെയാണ് കേരളസർക്കാർ നിർദ്ദാക്ഷിണ്യം കുടിയിറക്കിയതു്

സംസ്ഥാന പുനഃസംഘടനാ പ്രശ്നം രൂക്ഷമായ അവസരത്തിൽ കേരളത്തിനു ഡോളർ സംബാദിച്ചുകൊടുക്കുന്ന പീരുമേട് ദേവികുളം താലൂക്കുകളും മദ്രാസ് സംസ്ഥാനത്തിൽ ലയിപ്പിക്കേണ്ടതാണെന്ന തമഴ് നാട്ടുകാരുടെ ശക്തിയായ വാദം ഉണ്ടായി. അന്നധികാരത്തിലിരുന്ന മന്ത്രിസഭയും രാഷ്ട്രീയ കക്ഷികളും കീരിത്തോട് തുടങ്ങിയ സ്ഥലങ്ങളിൽ കേരളീയരായ ജനങ്ങളും കുടിയേറിപ്പാർക്കുന്നതിനു് ആഹ്വാനവും സഹായസഹകരണങ്ങളും നൽകി. ഭക്ഷ്യ ദൗർല്ലഭ്യം പരിഹരിക്കുന്നതിനും കുടിയേറക്കാരെ സർക്കാരും രാഷ്ട്രീയപ്രവർത്തകരും പ്രോത്സാഹിപ്പിക്കയുണ്ടായി. ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർകുടിയേറ്റത്തിനു കൂട്ടുനിൽക്കുകയുംചെയ്തു. അതല്ലാതെ ഒരു സുപ്രഭാതത്തിൽ സർക്കാർ വനഭൂമി ആക്രമിച്ചു കൈവശപ്പെടുത്തിയതല്ല. ഇക്കാരണങ്ങളാൽ തന്നെ ഇപ്പോഴത്തെ കുടിയിറക്കു സംരംഭങ്ങളും മനുഷ്യത്വത്തിനും സാധാരണ നിയമത്തിനും നിരക്കുന്നതല്ലാ എന്നു സ്പഷ്ടമാണ്.

മലയോരങ്ങളിൽ കുറെ വർഷങ്ങളായി കുടിയേറിപ്പാർത്തു് കഠിനാധ്വാനം ചെയ്തു ഫലപ്പെട്ട ദേഹണ്ഡങ്ങളും ചെയ്തിട്ടുള്ള ഈ കർഷകജനതയെ അവിടങ്ങളിൽ നിന്നും ഒഴിപ്പിച്ചു് ഈ സ്ഥലങ്ങളിൽ കുടിയിരുത്തേണ്ടതായി വന്നാൽ അതിനു മുമ്പായി താഴെപ്പറയുന്ന കാര്യങ്ങൾക്കായി ഗവർമെന്റുദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും ചേർന്ന ഒരുന്നതാധികാരക്കമ്മറ്റിയെ നിയമിക്കേണ്ടതും പ്രസ്തുത കമ്മറ്റിയിൽ അനുദ്യോഗസ്ഥന്മാർക്കു ഭൂരിഭക്ഷം ഉണ്ടായിരിക്കേതുമാണു്. ഇങ്ങനെ നിയമിതമാകുന്ന കമ്മറ്റി ഏതേതു പ്രദേശങ്ങളിൽ കുടിയിറിക്കു് ഒഴിച്ചുകൂട്ടാൻ പാടില്ലാത്തതാണെന്നും എത്രകുടുംബങ്ങളെ കുടിയിറക്കേണ്ടിവരുമെന്നും കുടിയിറക്കപ്പെടേണ്ടവർക്കു് കൊടുക്കുന്ന നഷ്ടപരിഹാരം, പ്രതിഫലം,അവരെ കുടിയിരുത്തേണ്ട സ്ഥലങ്ങളും തുടങ്ങിയവ കാലേകൂട്ടി പ്രസിദ്ധം ചെയ്യേണ്ടതുമാകുന്നു. ഈ വിധമുള്ളഒരുറിപ്പോർട്ടും അതനുസരിച്ചുള്ള നടപടികളും അംഗീകരിച്ചു പ്രസിദ്ധപ്പെടുത്തുന്നതിനു മുമ്പു് യാതൊരു കുടിയിറക്കും പാടില്ലായെന്നു കമ്മറ്റി തീരുമാനം ചെയ്യുന്നു.

വനപ്രദേശങ്ങളും തെളിയുന്നതുകൊണ്ടു് മഴ കുറഞ്ഞുപോകുമെന്നു നാളിതുവരെ ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ല. അതിന്റെ പേരിലും വനസംരക്ഷണത്തിന്റെ മറവിലും വനപ്രദേശങ്ങളിൽനിന്നും കുടിയിറക്കുകയെന്നതു ന്യായീകരിക്കാവുന്നതുമല്ല. അതുപോലെ തന്നെ ഇന്നു ജീവിച്ചിരിക്കുന്നവർക്കു താമസത്തിനും ക്ഷേണത്തിനും സൗകര്യങ്ങളും ചെയ്യാതെ ഭാവിതലമുറയുടെ പേരിൽ ഇന്നത്തെ തലമുറയെ അവഗണിക്കുന്നതു് ഒരു പരിഷ്കൃത ഗവർമെൻറിനു ചേർന്നതല്ല ഇന്നത്തെ കുടിയിറക്കു സംരംഭങ്ങളും ആരംഭിച്ചതുമുതൽ പ്രതിദിനം 75000രൂപാ ശ്രദ്ധമായ കേരളസർക്കാരിന്റെ ഖജനാവിൽ നിന്നും കുടിയിറക്കാനും നരവേട്ടയ്ക്കും വേണ്ടി ചെലവാകുന്നുണ്ട്ഈ തുക മനുഷ്യോചിതമായും ന്യായമായും ഉപയോഗിച്ചിരുന്നുവെങ്കിൽ യാതൊരുക്രമവും അനീതിയും കൂടാതെതന്നെ കീരിത്തോട്ടിലെ കുടിയേറക്കാരെ പുനരധിവസിപ്പിക്കാമായിരുന്നുവെന്നും കമ്മറ്റി വിശ്വസിക്കുന്നു.

കീരിത്തോട്ടിലെ കുടിയിറക്കു സംരംഭങ്ങളും ആരംഭിച്ചതു ഭയാനകവും കിരാതവുമായ ഒരു പരിതസ്ഥിതിയിലാണു്. എം. എസ്സ്പി. എസ്സ്.്എ. പി മൈസൂർ പോലീസ്തുടങ്ങിയ ഒരു വലിയ പോലീസ് സന്നാഹത്തെ കീരിത്തോട്ടിലേക്കു അയക്കപ്പെട്ട. ടീയർഗ്യാസ്സും ലാത്തിചാർജ്ജും നടത്തപ്പെട്ടുവെന്നു് ഗവർമെൻറു ഭാഗത്തുനിന്നും സമ്മതിക്കുന്നുണ്ടു്. വെടിവെയ്പു നടന്നുഎന്നും പൊതുജനങ്ങൾക്കു വിശ്വസിക്കുവാൻ മതിയായ കാരണങ്ങളും ഉണ്ടു്. മർദ്ദനമുറകളും അഴിച്ചുവിട്ടശേഷം ചുരുളിയും പരിസരിസരങ്ങളും പോലീസു് വലയത്തിലിരുന്ന. ഉത്തരവാദപ്പെട്ട എം. എൽ. എ. മാരെയും രാഷ്ട്രീയകക്ഷികളിൽപ്പെട്ട പ്രമുഖവ്യക്തികളെപ്പോലും സംഭവസ്ഥലത്തേയ്ക്കു് കയറിച്ചെല്ലാൻ അനുവദിച്ചിരുന്നില്ല. മർദ്ദനംകൊണ്ടു് മൃതപ്രായരായ കർഷകരോടു് അന്ത്യകൂദാശകം കൊടുക്കുന്നതിനു വൈദികരെപോലും കടത്തിവിട്ടില്ല എന്നുള്ളതു് ചരിത്രത്തിൽ ഇതുവരെ കേട്ടിട്ടില്ലാത്ത സംഭവമാണു്. കോൺഗ്രസ്സ് എം.എൽ. എ. മാർ ഉൾപ്പടെ പല നിയമസഭാംഗങ്ങളും നിയമസഭയിൽ തന്നെ ആവശ്യപ്പെട്ടിട്ടും കേരള മുഖ്യമന്ത്രി ജനാധിപത്യവിരുദ്ധമായിട്ടും നിർബന്ധബുദ്ധിയോടുകൂടിയും ജൂഡീഷ്യൽ അന്വേഷണം യാതൊരു കാരണവശാലും അനുവദിക്കുകയില്ലെന്നും അവിടെ ബലപ്രയോഗങ്ങളും നടന്നിട്ടുണ്ടെങ്കിൽ അതിന്റെയെല്ലാം ഉത്തരവാദിത്വങ്ങളും അദ്ദേഹംഏറ്റെടുക്കുന്നു എന്നുമാണ് പ്രസ്താവിച്ചതു്. ഇന്നും കീരിത്തോട്ടിലേയ്ക്കു മുഖ്യമന്ത്രിയുടെയോ സക്കാരുദ്യോഗസ്ഥരുടെയോ പ്രത്യേകാനുമതി കൂടാതെ പ്രവേശിക്കുന്നതിനുള്ള അനുവാദവുമില്ല. ഇക്കാര്യങ്ങളാൽ തന്നെ കീരിത്തോട്ടിൽ സക്കാരിന്റെ പോലീസു്, അംഗീകരിക്കപ്പെട്ടിട്ടുള്ള നിയമങ്ങളും കടപടികളും മറികടന്നു് നിഷ്ഠൂരമായ മർദ്ദനമുറകളും അകാരണമായി അഴിച്ചുവിട്ടുവെന്നും തെളിവുകളും നൽകിയിച്ചുവെന്നും വിശ്വസിക്കേണ്ടിയിരിക്കുന്നു.

കീരിത്തോട്ടിൽ വെടിവെയ്പു നടന്നോ, ലോക്കപ്പിൽവച്ചു കുടിയേറക്കാരെ മർദ്ദിച്ചോ എന്നൊരന്വേഷണം മാത്രം നടത്തിയതുകൊണ്ടു് ആരും തൃപ്തിപ്പെടുകയില്ല. കുടിയിറക്കു സംരംഭങ്ങളും തുടങ്ങിയ അന്നുമുതൽ ഇന്നുവരെ കീരിത്തോട്ടിൽ നടന്നതായിപ്പറയുന്ന എല്ലാക്കാര്യങ്ങളേയും സംബന്ധിച്ചു് ഒരു ജൂഡീഷ്യലന്വേഷണം ഈ വൈകിയവേളയിലെങ്കിലും നടത്തുന്നതു് അപകടത്തിന്റെ വക്കിലെത്തിയിരിക്കുന്ന കേരളത്തിലെ ജനാധിപത്യം സംരക്ഷിക്കുന്നതിനു് കുറെയൊക്കെ സഹായകമായേക്കാം. ഈ ജൂഡീഷ്യൽ അന്വേഷണത്തിനു നിയോഗിക്കപ്പെടുന്ന വ്യക്തി ഒരു ഹൈക്കോടതി ജഡ്ജിയുടെ പദവിയുള്ള സമുന്നതനായ ഒരു ദേഹവും പ്രത്യേകിച്ചു് കേരളത്തിനു പുറത്തുനിന്നുമുള്ള ഒരാളുമായിരിക്കണം. അല്ലാതെ നാമമാത്രമായ അന്വേഷണംകൊണ്ടു യാതൊരു പ്രയോജനവുമുണ്ടാകുമെന്നു് കമ്മറ്റി വിശ്വസിക്കുന്നില്ല.

ജനാധിപത്യവിശ്വാസികളായ കേരളത്തിലെ ജനങ്ങളും തെരഞ്ഞെടുത്തു് നിയമസഭയിലേക്കയച്ച അവരുടെ പ്രതിനിധികളും അവരിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്വം ഈ കുടിയിറക്കുസംരംഭങ്ങളിൽ വിസ്മരിക്കയാണു് ചെയ്തിട്ടുള്ളതെന്നും ഈയവസരത്തിൽ കമ്മറ്റിവിശ്വസിക്കുന്നു.

കീരിത്തോട്ടിൽ നടന്നകുടിയിറക്കും മർദ്ദനമുറകളും ഒരു ജനാധിപത്യ ഗവർമ്മെൻറിനും ഭൂഷണമല്ല. ജനാധിപത്യത്തിന്റെ വഴക്കങ്ങളും പാരമ്പര്യങ്ങളും കേരളത്തിൽ അവഗണിക്കപ്പെട്ടുകഴിഞ്ഞു. സാധാരണ സ്ഥിതിയിൽ ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെട്ട ഈ ഗവർമ്മെൻറിനു് അധികാരത്തിൽ തുടരുന്നതിനുപോലും അവകാശമില്ലെന്നു പറയുവാനും കമ്മറ്റി ആഗ്രഹിക്കുന്നു.

—0—

സമുദായമേ അനുഗ്രഹിച്ചാലും!

തങ്കമണി ജേക്കബ്ബ് നീറാക്കൽ

(കഥാപ്രസംഗംപോലുള്ള കലാവേദികളിൽ അഭിനന്ദനീയമായ വിധത്തിൽ പ്രവർത്തിക്കുന്ന കത്തോലിക്കർ വിരളമാണ്. സമുദായത്തിലെ യുവതലമുറയെങ്കിലും ഇത്തരം രംഗങ്ങളിൽ ബോധപൂർവ്വം പ്രവർത്തിക്കേണ്ടിയിരിക്കുന്നു. അങ്ങിനെ പ്രവർത്തിക്കുന്നവർക്ക് സമുദായത്തിന്റെ പ്രോത്സാഹനം ഉണ്ടാകുകയും വേണം. തങ്കമണി ജേക്കബ്ബ് നീറാക്കലും, അനിയത്തി ശാന്തയും കത്തോലിക്കാസമുദായത്തിൽ വളർന്നുവരുന്ന രണ്ടു കലാകാരികളെന്നനിലയിൽ സമുദായത്തിന്റെ പ്രോത്സാഹനം അർഹിക്കുന്നവരാണ്. എഡിറ്റർ)



കലാവാസനയുള്ള യുവജനങ്ങൾക്ക് പ്രോത്സാഹനവും, ഉത്തേജനവും നൽകി, നമ്മുടെ കത്തോലിക്കാ സമുദായത്തിനു് അഭിമാന പാത്രങ്ങളായ, ഉത്തമ കലാകാരന്മാരേയും, കലാകാരികളേയും സൃഷ്ടിക്കുക എന്നുള്ളതു് എ. കെ. സി. ബുള്ളറ്റിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നാണല്ലോ. സ്കൂളുകളിലും കോളേജുകളിലും അദ്ധ്യായനം നടത്തുന്ന കാലത്തു് സംഗീതം, സാഹിത്യം, നൃത്തം, നാടകം, ചിത്രമെഴുത്തു് തുടങ്ങിയകലകളിൽ പാടവം പ്രദർശിപ്പിച്ചു് അദ്ധ്യാപകരുടെയും, സഹപാഠികളുടെയും മുക്തകണ്ഠമായ പ്രശംസകളും പാരിതോഷികങ്ങളും സ്വീകരിക്കുന്ന പല യുവതീയുവാക്കന്മാരും, തങ്ങളുടെ വിദ്യാലയ ജീവിതാനന്തരം പൊതുജനരംഗത്തേക്കിറങ്ങുമ്പോഴും, കലാപരമായ കാര്യങ്ങളിൽനിന്നു് അകന്നുമാറി മറേതെങ്കിലും തൊഴിലുകളിൽ ഏർപ്പെട്ടു് കഴിയുന്നതായി നാം കാണുന്നുണ്ടു്. ഇതിന്റെ കാരണമെന്താണു്? അങ്ങിനെയുള്ള യുവജനങ്ങൾക്കു് കലാപരമായി ഉയരുവാനും, വളരുവാനുമുള്ള മാർഗ്ഗങ്ങളും സാഹചര്യങ്ങളും തുറന്നു കൊടുക്കുവാൻ നമ്മുടെ കത്തോലിക്കാസമുദായം തയ്യാറാകുന്നില്ലെന്നുള്ളതു തന്നെ. അതിന്റെ ഫലമോ? ''കത്തോലിക്കനു് കലയില്ല എന്നു് ഇതര സമുദായങ്ങളിൽ പെട്ടവർ നമ്മെ പരിഹസിക്കത്തക്കവിധം നാം കലാപരമായി അധ:പതിച്ചുപോയിരിക്കുന്നു. ഏവരാലും പ്രകീർത്തിക്കപ്പെടുന്ന ഒന്നാംകിട കവികളും നോവലിസ്റ്റുകളും ചിത്രമെഴുത്തുകാരും, നടീനടന്മാരും, സിനിമാനിർമ്മാതാക്കളുമെല്ലാം കത്തോലിക്കേതരസമുദായങ്ങളിൽ ധാരാളമുള്ളപ്പോഴും നമ്മുടെ കേരള കത്തോലിക്കരുടെ കൂട്ടത്തിൽ മാത്രം ഇങ്ങനെയുള്ളവർ വളരെചുരുക്കം തന്നെയല്ലേ!

കലാപ്രേമികൾക്കു് അവരർഹിക്കുന്ന പ്രോത്സാഹനങ്ങളും സഹായങ്ങളും നൽകുന്നില്ലെന്നുള്ള കുറവുബോധം നമ്മുടെ സമുദായ നേതാക്കന്മാർക്കും, മതാധികാരികൾക്കും ഉണ്ടായിത്തുടങ്ങിയിട്ടുണ്ടെന്നുള്ളതു് ശ്രദ്ധേയർക്കം തന്നെ. ഇന്നു കത്തോലിക്കർതന്നെ പല സ്ഥലങ്ങളിലും ആർട്ട്സ് ക്ലബുകളിലും, സ്പോർട്ട് ക്ലബുകളുമൊക്കെ സ്ഥാപിച്ചു് പ്രവൃത്തിക്കുവാൻ തുടങ്ങിയിട്ടുണ്ട്.

ഇനിയും എന്നെപ്പറ്റിത്തന്നെ രണ്ടുവാക്കുപറഞ്ഞുകൊള്ളട്ടെ. സംഗീതാഭിനയകലകളിൽ ദൈവം എനിക്കു നൽകിയിട്ടുള്ള എളിയ കഴിവിനെ വളർത്തിക്കൊണ്ടുവരണമെന്നുള്ള കലാകുതുകികളും അഭ്യുദയകാംക്ഷികളുമായ പലരുടെയും ആഗ്രഹവും നിർദ്ദേശവുമനുസരിച്ചു് രണ്ടുമൂന്നു കൊല്ലംമുമ്പു മുതൽ ഈയുള്ളവനും എന്റെ അനിയത്തി ശാന്തമ്മയുമൊത്തു് കഥാപ്രസംഗവേദിയിലേയ്ക്കു കാലുകുത്തിയിരിക്കുകയാണു്. ഹൈസ്കൂളിൽ പഠിച്ചുകൊണ്ടിരിക്കുന്ന എന്റെ സഹോദരി ശാന്തമ്മ ഒരു നല്ല സംഗീതവിദഗ്ദ്ധയും ഹാർമ്മോണിസ്റ്റുമാണു്.

''ആദികുടുംബം'' എന്ന സാമുദായിക കഥ പഠിച്ചു് ചില സദസ്സുകളിൽ ഞങ്ങളും അവതരിപ്പിച്ചു. പിന്നീടു് ഒരു പ്രസിദ്ധ കത്തോലിക്കാസാഹിത്യകാരനായ ശ്രീ. ദേവസ്യാ മണിമല ഞങ്ങൾക്കു് എഴുതിത്തന്ന 'മൂന്നുപുഷ്പങ്ങൾ' എന്ന സാമൂഹ്യകഥ പഠിച്ചു് ഇക്കൊല്ലം തന്നെ ഇലഞ്ഞി, തെള്ളകം, കളത്തുക്കടവു്, പ്രവിത്താനം പയസ് മൗണ്ടു്, കോടിക്കുളം, മുട്ടുചിറ, വണ്ടന്മേട്ടു്, തവളക്കുഴി, കടപ്പാമറ്റം തുടങ്ങിയ സ്ഥലങ്ങളിൽ പള്ളിപ്പെരുന്നാളുകളോടനുബന്ധിച്ചും മറ്റും കഥാ പ്രസംഗരൂപത്തിൽ അവതരിപ്പിക്കുകയുണ്ടായി. ആ സ്ഥലങ്ങളിലെ പരിപാടികളും വളരെ വിജയത്തിൽ കലാശിച്ചുവെന്നു സസന്തോഷം പറഞ്ഞുകൊള്ളട്ടെ! ബഹു: വൈദികരുടെ അനുഗ്രഹാസിസ്സുകളും, വിജയാശംസകളും നിർലോപം ലഭിക്കുന്നുണ്ടു് ഞങ്ങൾക്കു്. ചില സ്ഥലങ്ങളിൽ നിന്നും സ്വർണ്ണമെഡലുകളും ഞങ്ങൾക്കു ലഭിക്കുകയുണ്ടായി.

'തെറ്റുകൾക്ഷമിക്കണം കുറവുകൾ പൊറുക്കണം,

ഞെട്ടറ്റു വീഴാതെന്നെ എപ്പോഴും തുണയ്ക്കുണം'' എന്നു് സഹൃദയരായ ജനസമ്മതിയോടഭ്യർത്ഥിച്ചുകൊണ്ടാണു് ഞങ്ങൾ ഞങ്ങളുടെ കലാപരിപാടി ആരംഭിക്കുന്നതു്.

ഞങ്ങളെപോലുള്ള പാവപ്പെട്ട പെൺകുട്ടികൾ തങ്ങളിലുള്ള എളിയ കഴിവുകളെ സമുദായത്തിന്റെ മുമ്പിൽ പ്രകടിപ്പിക്കുവാനുള്ള ആഗ്രഹത്തോടെ ഇറങ്ങിത്തിരിക്കുമ്പോൾ, പ്രോത്സാഹനങ്ങളും സഹായങ്ങളും നൽകി അനുഗ്രഹിക്കുന്നതിനുപകരം, ഞങ്ങളുടെ നേരെ അപവാദശരങ്ങൾ തൊടുത്തുവിടുവാനും ഒരു കൂട്ടർ കച്ചകെട്ടി പുറപ്പെടാറുണ്ടു്. ''ധർമ്മം കൊടുത്തില്ലെങ്കിലും പട്ടിയെ വിട്ടു കടിപ്പിക്കല്ലേ'' എന്ന മാതൃകയിൽ എനിക്കുവരോടഭ്യർത്ഥിക്കുവാനുള്ള. ദൈവാലയത്തിന്റെ പരിപാവനമായ അന്തരീക്ഷത്തിൽ വച്ചു നടത്തുവാൻ കൊള്ളാവുന്ന കഥകളെ ഞങ്ങൾ പഠിച്ചിട്ടുള്ള, ഇനീ പഠിക്കുകയും ചെയ്യുകയുള്ള.

കേരളകത്തോലിക്കാ സമുദായത്തിന്റെ ഉത്തരവാദിത്വമുള്ള

സ്റ്റീൽ ട്രങ്കുകൾക്കു്

ജലാലുദ്ദീൻ ഇൻഡസ്ട്രീസ്

ചങ്ങനാശേരി

സംഘടനാക്കാര്യം

കത്തോലിക്ക കോൺഗ്രസ്സ് വർക്കിംഗ്കമ്മറ്റി 17–5–64-ൽ കാലത്ത് 11 മണിക്ക് പ്രസിഡൻറ് ശ്രീ. പി. സി. എബ്രാഹത്തിൻെറ അദ്ധ്യക്ഷതയിൽ വില്ലിംഗ്ടൺ ഐലണ്ടിൽ സമ്മേളിച്ചു.

ജനറൽ സെക്രട്ടറി അവതരിപ്പിച്ച വാർഷിക റിപ്പോർട്ടും ട്രഷറർ അവതരിപ്പിച്ച വരവുചെലവുകണക്കുകളും അംഗീകരിച്ചു. കോൺഗ്രസ്സിൻെറ വാർഷിക പ്രതിനിധി സമ്മേളനം 1964മെയ് 31-ാം തീയതി കോട്ടയം സെൻറ് ആൻസ് സ്കൂൾഹാളിൽ ചേരുന്നതിന് തീരുമാനമെടുത്തു. സംഘടനാപരമായി അടുത്തുതന്നെ ചെയ്യേണ്ട പല പരിപാടികളും യോഗത്തിൽവച്ചു പര്യാലോചിക്കയുണ്ടായി. ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് വർക്കിംഗ്കമ്മറ്റി അംഗങ്ങളും പ്രത്യേക ക്ഷണിതാക്കളും ചേർന്നുള്ള സംയുക്തയോഗം കോൺഗ്രസ്സ് പ്രസിഡൻറിൻെറ അദ്ധ്യക്ഷതയിൽ ചേർന്നു. ചർച്ചകൾക്കു ശേഷം ഐക്യകണ്ഠ്യേനയുള്ള തീരുമാനം സ്വീകരിക്കുകയുണ്ടായി.

സംയുക്തസമ്മേളനത്തിലെ പ്രമേയം

കത്തോലിക്ക കോൺഗ്രസ്സ് വർക്കിംഗ്കമ്മറ്റിയുടെ അഭിമുഖ്യത്തിൽ 1964 മെയ് 17–ാംതീയതി വില്ലിംഗ്ടൺ ഐലണ്ടിൽ കൂടിയ സമ്മേളനം കത്തോലിക്കാസമുദായം ഇന്നു് അഭിമുഖീകരിക്കുന്ന സാമ്പത്തികവും സാമൂഹ്യവും, രാഷ്ട്രീയവുമായ പ്രശ്നങ്ങളെപ്പറ്റി ദീർഘമായി ചർച്ചചെയ്തു. കത്തോലിക്കരുടെ ന്യായമായ അവകാശങ്ങളും കേരളത്തിൽ നിഷേധിക്കപ്പെടുന്ന ഇന്നത്തെ പശ്ചാത്തലത്തിൽ, ബന്ധപ്പെട്ട കേന്ദ്രങ്ങളുമായി സമ്പർക്കം പുലർത്തി പ്രസ്തുത അവകാശങ്ങളുടെ സംരക്ഷണത്തിനുവേണ്ടി ആവശ്യമായ നടപടികളും സ്വീകരിക്കുന്നതിനു് താഴെപ്പറയുന്നവരെ ഒരു കമ്മറ്റിയായി നിയമിച്ചു.

കമ്മറ്റിഅംഗങ്ങൾ

1 മെ. പി. സി. എബ്രാഹം പള്ളിവാതുക്കൽ ബി എ ബി എൽ (കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡൻറ്)
2 ഇ. പി. വറുഗീസ്സ് എം. എ, ബി. എൽ
3 എം. സി. ചാക്കോ മാന്തുരുത്തിൽ
4 എ. മാരേട്ട്
5 പോൾ ജെ. കൊണത്താപ്പള്ളി

46-ാമതു വാർഷിക റിപ്പോർട്ട്.

അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിൻെറ 46–ാമതു (1963-ലെ) വാർഷിക റിപ്പോർട്ട പ്രതിനിധിസഭയുടെ മുമ്പാകെ സമർപ്പിച്ചുകൊള്ളുന്നു. കഴിഞ്ഞ ഒരു കൊല്ലത്തെ കത്തോലിക്കാ കോൺഗ്രസ്സിൻെറ പ്രവർത്തനത്തെ സംബന്ധിച്ചുള്ള ഒരു സംക്ഷിപ്ത വിവരണം മാത്രമേ ഇതിൽ അടങ്ങിയിട്ടുള്ളൂ.

അനുസ്മരണം

സർവ്വലോകത്തിൻെറയും ബഹുമാനാദരവുകൾ ആർജ്ജിച്ച ഒരു മഹാവ്യക്തിയും വി. പത്രോസിൻെറ 262–മാത്തെ വിഖ്യാതനായ പിൻഗാമിയും 55 കോടി കത്തോലിക്കരുടെ ആദ്ധ്യാത്മിക പിതാവും, ജനങ്ങളുടെ പാപ്പാ– സമാധാനത്തിൻെറ പാപ്പാ– സമസ്തലോകത്തിൻെറയും പാപ്പാ എന്നീ ബഹുമതികൾക്കു് പാത്രീഭൂതനുമായ പരിശുദ്ധപിതാവു് 23–ാം യോഹന്നാൻ മാപ്പാപ്പായുടെ ദേഹവിയോഗം കനത്ത വേദനയോടുകൂടിയല്ലാതെ ഇന്നും അനുസ്മരിക്കുവാൻ സാദ്ധ്യമല്ല. ക്രൈസ്തവസഭകളുടെ ഐക്യത്തിനും ലോകസമാധാനത്തിനും വേണ്ടി തിരുമനസ്സുകൊണ്ടു് സമാരംഭിച്ച യത്നങ്ങളും മനുഷ്യരാശി ഒരിക്കലും വിസ്മരിക്കുകയില്ല. ആ പുണ്യചരിതൻെറ ദേഹവിയോഗത്തിൽ കേരളകത്തോലിക്കാ സമുദായത്തിനുള്ള അഗാധമായ ദു:ഖം രേഖപ്പെടുത്തുന്ന ഒരു സന്ദേശം അയക്കുകയുണ്ടായി.

ശോകാകുലമായ മറെറാരു സംഭവമാണു മനുഷ്യാവശ്യങ്ങൾക്കും സ്വാതന്ത്ര്യത്തിനും വേണ്ടി നിലകൊണ്ടു് രക്തസാക്ഷിത്വം വഹിച്ച അമേരിക്കയിലെ പ്രഥമ കത്തോലിക്കനായ പ്രസിഡൻറും ഏറെറവും പ്രായം കുറഞ്ഞ പ്രസിഡൻറുമായിരുന്ന മി. ജോൺ എഫ്. കെന്നഡിയുടെ വേദനാജനകമായ അകാലനിര്യാണം. സമുന്നതനായിരുന്ന ആ ലോകനേതാവിൻെറ നിര്യാണത്തിലുള്ള അനുശോചനം അറിയിച്ചുകൊണ്ടു് കോൺഗ്രസ്സ് ഒരു അനുശോചന സന്ദേശം അയച്ചുകൊടുക്കുകയും അതിനു് മി. കെന്നഡിയിൽനിന്നും മറുപടി ലഭിക്കുകയും ചെയ്തു.

ദീർഘകാലം ക. കോൺഗ്രസ്സ് സംഘടനസ്സും, സമുദായത്തിനും, രാഷ്ട്രത്തിനും വേണ്ടി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച സമുദായ ഭക്തനും കത്തോലിക്കാ കോൺഗ്രസ്സിൻെറ മുൻവൈസ് പ്രസിഡൻറുമായിരുന്ന ശ്രീ. എൻ എക്സ്സ് പെറിയാൻെറ അകാല ചരമം സമുദായത്തിനു ഒരു വലിയ നഷ്ടം തന്നെയാണു്.

അഖിലകേരള കത്തോലിക്കാകോൺഗ്രസ്സ് വർക്കിംഗ്കമ്മറ്റി മെംബർ ഒരു പൊതുപ്രവർത്തകൻ എന്നീ നിലകളിൽ പ്രശസ്തമായ സേവനം അനുഷ്ഠിച്ചിട്ടുള്ള ശ്രീ. ജോസഫ് കൊച്ചുപാലത്തിൻെറ ദേഹവിയോഗവും സമുദായത്തിനുണ്ടായിട്ടുള്ള തീരാ നഷ്ടങ്ങളിൽ ഒന്നാണു്. അവർ ഇരുവരും ഈ സംഘടനക്കു വേണ്ടി അനുഷ്ഠിച്ചിട്ടുള്ള സേവനങ്ങളെ കൃതജ്ഞതയോടുകൂടി സ്മരിക്കുകയും പരേതരായ നേതാക്കളുടെ ആത്മാവുകൾക്കു് നിത്യശാന്തിനേരുകയും ചെയ്തുകൊള്ളുന്നു.

വാർഷികം.

അഖിലകേരള ക. കോൺഗ്രസ്സിൻെറ 45–ാമതു വാർഷിക പ്രതിനിധിസമ്മേളനം 1963 മേയ് 26–ാംതീയതി ഞായറാഴ്ച ക. കോൺഗ്രസ്സ് ഹെഡാഫീസിൽവച്ചു് പ്രസിഡൻറ ശ്രീ. പി.സി. ഏബ്രഹാം ബി.ഏബി.എൽൻെറമഹനീയാദ്ധ്യക്ഷതയിൽസമ്മേളിച്ചു. സംഘടനയെ കൂടുതൽ ശക്തവും പരിപുഷ്ടവുമാക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശങ്ങളും പ്രസ്തുതയോഗത്തിൽ ഉന്നീതമായി

സംഘടന

റിപ്പോർട്ട വർഷത്തിൽ ക. കോൺഗ്രസ്സിനു സംഘടനാപരമായി കുറെയെല്ലാം പുരോഗമിക്കുവാൻ സാധിച്ചിട്ടുണ്ടെന്നുള്ളതു് പ്രസ്താവയോഗ്യമാണു്

ൻെറ രണ്ടു എളിയ പുത്രിമാരായ ഞങ്ങളും ഞങ്ങളുടെ കലാജീവിതത്തിൽ വിജയശ്രീലാളിതരാക്കുവാൻ വേണ്ട സന്ദർഭസഹായങ്ങളും നൽകി സമുദായം ഞങ്ങളെ അനുഗ്രഹിച്ചാലും! എൻ. ജി. ജേക്കബ്ബ് നീരാക്കൽ, മുട്ടുചിറ, കടുത്തുരുത്തി P.o. എന്ന വിലാസത്തിൽ ഞങ്ങളുടെ പിതാവുമായി കത്തിടപാടുകളും നടത്തിയോ, അദ്ദേഹത്തെ നേരിട്ടുകണ്ടോ കഥാപ്രസംഗം ബുക്കു ചെയ്യാവുന്നതാണു്

സംഘടനാപ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനുവേണ്ടി 21 സംഘടകരെ മൈസൂർ പ്രദേശമുൾപ്പെടെയുള്ള മേഖലാടിസ്ഥാനത്തിൽ നിയോഗിക്കുകയുണ്ടായി. പല സംഘാടകരും സംഘടനയ്ക്കുവേണ്ടി ആത്മാർത്ഥമായി പണിയെടുത്തു എന്ന വസ്തുത കൃതജ്ഞതാ പൂരസരം രേഖപ്പെടുത്തിക്കൊള്ളുന്നു. 1963-ൽ ഒരു ഉപകൃത്തും 145 മുഴുവൻസമയ സാമാജികരും 669 സാധാരണ സാമാജികരും സംഘടനയിൽ അംഗത്വം സ്വീകരിച്ചിട്ടുണ്ട്. തന്നാണ്ടിൽ 49 ശാഖകൾ പുതിയതായി സ്ഥാപിക്കുകയും 70 ശാഖകൾ പുനർജ്ജീവിപ്പിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ടു വർഷത്തിൽ ആകെ 4466 ശാഖകൾ നിലവിലുണ്ടായിരുന്നുവെങ്കിലും 119 ശാഖകൾ മാത്രമാണ് സജീവമായി പ്രവർത്തിച്ചിട്ടുള്ളതു്. ബഹുമാനപ്പെട്ട പ്രതിനിധികൾ കുറെക്കൂടി പ്രോത്സാഹനവും ഒത്താശകളും നൽകുന്നുവെങ്കിൽ എല്ലാ ശാഖകളും കൂടുതൽ അംഗങ്ങളെ ചേർത്തും ഭരണഘടന അനുശാസിക്കുന്ന തെരഞ്ഞെടുപ്പും മറ്റു പ്രവർത്തനങ്ങളും നടത്തി സജീവമായി പ്രവർത്തിക്കുന്നതിനു ശാഖയിലെ അംഗങ്ങൾ മുന്നോട്ടു വരുമെന്നു വിശ്വസിക്കുന്നു.

ശ്രുതാസംഘങ്ങൾ

റിപ്പോർട്ടുവർഷത്തിൽ ചങ്ങനാശ്ശേരി, പാലാ, എറണാകുളം, തൃശ്ശൂർ, ഈ ശ്രുതകളിൽ ശ്രുതാസംഘങ്ങളും ശ്രുപീകരിക്കുവാൻ സാധിച്ചിട്ടുണ്ട്.

സമ്മേളനങ്ങൾ

28-4-'63-ൽ കൂടിയ വർക്കിംഗ് കമ്മറിയുടെ തീരുമാനമനുസരിച്ചു കോട്ടയത്തു സാഹിത്യകാരന്മാരുടെ ഒരു സമ്മേളനം കെ. കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ ഹെഡ്ഓഫീസിൽ വച്ചു കൂടുകയുണ്ടായി.

ക്രിസ്ത്യൻ വിവാഹബിൽ പിൻവലിക്കുന്നതിനു ഇൻഡ്യാഗവൺമെന്റിനെ പ്രേരിപ്പിക്കുന്നതിനായി ഇതരക്രൈസ്തവസഭാ പ്രതിനിധികളുടെ ഉൾപ്പെടെയുള്ള ഒരു യോഗം കെ. കോൺഗ്രസ്സ് വർക്കിംഗ് കമ്മറിയുടെ അഭിമുഖ്യത്തിൽ എറണാകുളം സെ. ആൽബെർട്ടസ് കോളജ് ഹാളിൽ സമ്മേളിച്ചു. പ്രസ്തുത യോഗത്തിൽ ഷെവ. ജോസഫ് പെട്ട അദ്ധ്യക്ഷത വഹിച്ചു. ഭാവിപ്രവർത്തനങ്ങൾക്കായി എല്ലാ സഭാവിഭാഗങ്ങൾക്കും പ്രാതിനിധ്യമുള്ള ഒരു കമ്മറി ഈ യോഗത്തിൽ വച്ചു തെരഞ്ഞെടുക്കപ്പെട്ടു. സെമിറ്ററി സ്ഥാപനത്തിലും ശവസംസ്കാരവിഷയത്തിലും കേരളക്രൈസ്തവരെ അലട്ടിക്കൊണ്ടിരിക്കുന്ന പ്രതിബന്ധങ്ങൾ പരിഹരിക്കുന്നതിനു പര്യാപ്തമായ നടപടികൾ കൈക്കൊള്ളണമെന്നു കേന്ദ്രസംസ്ഥാനഗവർമെന്റുകളോടു് ആവശ്യപ്പെടുന്ന പ്രമേയം ഈ സംയുക്തയോഗത്തിൽ പാസ്സാക്കപ്പെട്ടു. പ്രസ്തുത പ്രമേയം കേന്ദ്രഗവൺമെന്റിനും കേരളഗവൺമെന്റിനും അയച്ചുകൊടുത്തിട്ടുണ്ട്.

പ്രതിനിധിസഭ

റിപ്പോർട്ടു വർഷത്തിൽഡിസംബർ 19-ാം തീയതി പ്രതിനിധി സഭാസമ്മേളനം കോട്ടയം സെ. ആൻസ്സ്കൂൾ ഹാളിൽവച്ചു് കോൺഗ്രസ്സുപ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കൂടി. പല വിഷയപ്രതിനിധികളും യോഗത്തിൽ സംബന്ധിച്ചിരുന്നുവെന്നുള്ളതു് പ്രസ്താവ്യമത്രേ. ചർച്ചകൾക്കുശേഷം ഖജാൻജി അവതരിപ്പിച്ച ബഡ്ജറ്റു് ഐകകണ്ഠ്യേന പാസ്സാക്കി.

വർക്കിംഗ്കമ്മറി

റിപ്പോർട്ടുവർഷത്തിൽ വർക്കിംഗ്കമ്മറിയുടെ 14 യോഗങ്ങൾ കൂടിയിട്ടുണ്ട്. ഇവയിൽ 9 യോഗങ്ങൾ കോട്ടയത്തുവച്ചും 1 തൃശ്ശൂരും 4 യോഗങ്ങൾ എറണാകുളത്തുവച്ചുമാണു് പേന്നതു്,

പ്രത്യേകകമ്മറി

പാർലമെൻറിൽ അവതരിക്കപ്പെട്ടിട്ടുള്ള ക്രൈസ്തവ വിവാഹബില്ലു പിൻവലിക്കുന്നതിനുവേണ്ടി വാദിക്കുന്നതിനും, അല്പാത്തപക്ഷം ഉചിതമായ ഭേദഗതികൾ സമർപ്പിക്കുന്നതിനുമായി വർക്കിംഗ്കമ്മറിയിൽ നിന്നും നിയോഗിച്ച മെ: ഇ. പി. വറുഗീസും, ഇ.എം, ജോസഫ് എന്നിവർ 1963 ജൂലൈ 15ാം തീയതി ഡൽഹിയിൽ ചേന്ന സെലക്ററുകമ്മറി മുമ്പാകെ ഹാജരായിതെളിവു് കൊടുത്തു.

ഇതര ക്രൈസ്തവവിഭാഗങ്ങളിലെ നേതാക്കന്മാരുമായി നമ്മുടെ പ്രതിനിധികൾ സംബർക്കത്തിൽ ഏർപ്പെടുകയും മൌലികങ്ങളായ സംഗതികളിൽ ക്രൈസ്തവ പ്രതിനിധികൾക്കു് ഏകാഭിപ്രായം ഉണ്ടായിക്കുവാൻ സാധിക്കുകയും ചെയ്തുവെന്നുള്ളതു് ഭാരതത്തിലെ ക്രൈസ്തവർക്കു് അഭിമാനകരമായ ഒന്നാണു്.

സെമിറ്ററിപ്രശ്നം

തൈക്കൽ സെമിറ്ററിയിൽ ശവസംസ്കാരം സംബന്ധമായ പ്രതിബന്ധങ്ങളെ ക്രോഡീകരിച്ചുകൊണ്ടുള്ള നിവേദനങ്ങൾ ഇൻഡ്യാഗവർമെന്റിനും കേരളാഗവർമെന്റിനും വർക്കിംഗ്കമ്മറി സമർപ്പിച്ചിട്ടുണ്ടു്. പ്രസിഡന്റും സെക്രട്ടറിയും ശ്രീ. ഇ. പി. വറുഗീസും തൈക്കൽ സന്ദർശിക്കുകയും കോൺഗ്രീ റ്റുപെട്ടിയിൽ സൂക്ഷിച്ചിരുന്ന ശ്രീ. അന്തോനിയുടെ ശവമഞ്ചത്തിൽ പ്രസിഡന്റു് റീത്തു സമർപ്പിക്കുകയും തൈക്കൽ സെമിറ്ററി പ്രശ്നം സംബന്ധിച്ചു് കത്തോലിക്കകോൺഗ്രസിന്റെ കഴിവുകൾ ഉപയോഗിച്ചു് പ്രവർത്തിക്കുമെന്നു് അവിടെ കൂടിയിരുന്ന ജനസഞ്ചയത്തിനു് ഉറപ്പുകൊടുക്കുകയും ചെയ്തു.

ബുള്ളറിൻ

പ്രതിമാസം അയ്യായിരം കോപ്പികൾ വീതം എ. കെ. സി. സി. ബുള്ളറിൻ 1963-ാം വർഷത്തിൽ അച്ചടിച്ചു പ്രസിദ്ധം ചെയ്തിട്ടുണ്ടു്. ബുള്ളറിന്റെ നടത്തിപ്പിൻ ചില പാകപ്പിഴകൾ ഉണ്ടായിട്ടുണ്ടെന്നുള്ള വസ്തുത ക്ഷമാപണപൂർവ്വം സമ്മതിക്കുന്നു.

ബുള്ളറിനിൽ വന്നിട്ടുള്ള ചില കുറിപ്പുകളിലേയും ലേഖനങ്ങളിലേയും ആശയപ്രകടനങ്ങളും ശൈലിപ്രയോഗവും അവിവേകവും അന്തസ്സിനു ചേരാത്ത വയ്മയായി വന്നിട്ടുണ്ടെങ്കിൽ സമുദായാംഗങ്ങൾ അതു മറക്കുകയും ക്ഷമിക്കുകയും ചെയ്യുമെന്നു് വിശ്വസിക്കുന്നു. മാന്യവരിക്കാരെല്ലാം വരിസംഖ്യ കൃത്യമായി അടക്കുകയും പ്രതിനിധിസഭയിലെ അംഗങ്ങൾ കൂടുതൽ അംഗങ്ങളെ ചേർക്കുന്നതിനു് ശ്രദ്ധിക്കുകയും ചെയ്താൽ ബുള്ളറിൻ ഒന്നാംതരം ഒരു പ്രസിദ്ധീകരണമായിതീർക്കാവുന്നതാണു്. കഴിവും പാണ്ഡിത്യവുമുള്ള ഒരു പത്രാധിപസമിതി സാമ്പത്തികസഹിതി അഭിവൃദ്ധിപ്പെട്ടാൽ ബുള്ളറിന്റെ പ്രവർത്തനം ഏൽപ്പിച്ചുകൊടുക്കുവാൻ സാധിക്കും

സാമ്പത്തികനില

കോൺഗ്രസിന്റെ സാമ്പത്തികനില ഇപ്പോഴും തൃപ്തികരമല്ലെന്നു് വ്യസനപൂർവ്വം പ്രസ്താവിച്ചുകൊള്ളുന്നു. കോൺഗ്രസിന്റെ സംഘടനാ പ്രവർത്തനങ്ങൾക്കും, ബുള്ളറിന്റെ പ്രസിദ്ധീകരണത്തിനും ഗണ്യമായ തുക സംഭാവനയായി ലഭിച്ചിട്ടുണ്ടെങ്കിലും ഈ വക പ്രവർത്തനങ്ങൾക്കു് ലഭിച്ച തുക വളരെ അപര്യാപ്തമാണു്. കേൺഗ്രസ്സിന്റെ പ്ര

BENJAMIN & Co.

WHOLESALE DEALERS IN TEA

MARKET ROAD, CHANGANACHERRY

Agents & Stockists for:

Twyford, Churakulam & Lakshmikoil Tas

വത്തനങ്ങൾക്കു് ഒരു നല്ല ഫണ്ടു് സംഭരിക്കേണ്ടതു് അത്യാവശ്യമാണു്.

ഉപസംഹാരം

കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രവർത്തനങ്ങൾക്കും പുരോഗതിക്കും ഇതുവരെയുള്ള സംഭാവനകൾക്കും കടിയിറക്കപ്പെട്ടവർക്കു് ദുരിതാശ്വാസം നടത്തുന്നതിനായും പലസമുദായാഭിമാനികളും സാമ്പത്തിക സഹായങ്ങളും ചെയ്തിട്ടുണ്ടെന്നുള്ളതു് കൃതജ്ഞതയോടുകൂടി അനുസ്മരിച്ചുകൊള്ളുന്നു. കേരളത്തിലെ വൈദികമേലദ്ധ്യക്ഷന്മാർ കോൺഗ്രസിനുവേണ്ടി പലവിധ സഹായസഹകരണങ്ങളും നൽകിയിട്ടുണ്ടു്. കൃസ്ത്യൻവിവാഹബിൽ ഡെപ്യൂട്ടേഷനുവേണ്ടി ചെലവായ പണം നമ്മുടെ വൈദികമേലദ്ധ്യക്ഷന്മാരിൽ നിന്നും സംഭാവനയായി ലഭിച്ചിട്ടുണ്ടു്. കത്തോലിക്കകോൺഗ്രസിന്റെ പ്രവർത്തനവിജയത്തിനായി സഹായ സഹകരണങ്ങളും നൽകിക്കൊണ്ടിരിക്കുന്ന വന്ദ്യവൈദിക മേലദ്ധ്യക്ഷന്മാരുരോടും സമുദായാംഗങ്ങളോടും കോൺഗ്രസിനുള്ള അകൈതവമായ കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു.

കത്തോലിക്കസഭയുടെ പരമാദ്ധ്യക്ഷനും ക്രിസ്തുവിന്റെ വികാരിയുമായി തെരഞ്ഞെടുക്കപ്പെട്ട പോപ്പ ആറാമൻ മാപ്പാപ്പതിരുമേനിക്കു് ഭാവുകങ്ങളും നേർന്നുകൊണ്ടും തിരുമേനിയോടുള്ള വിധേയത്വവും ഭക്ത്യാദരവുകളും പ്രകടിപ്പിച്ചുകൊണ്ടും കോൺഗ്രസു് വർക്കിംഗ്കമ്മറ്റി അയച്ചുകൊടുത്ത ഈ സന്ദേശത്തിനു് വന്നിക്കാൻ സെക്രട്ടറിയേറ്റിൽനിന്നും കത്തോലിക്ക കോൺഗ്രസിനു് വിജയങ്ങളും ആശംസിച്ചുകൊണ്ടുള്ള മറുപടി കിട്ടിയെന്നുള്ളതു് പ്രത്യേകം കൃതാജ്ഞതാപൂർവ്വം അനുസ്മരിക്കേണ്ട ഒന്നാണു്.

കോട്ടയം, ജനറൽസെക്രട്ടറി
17–5–1964 കെ. എം. ജോസഫു്
(കുറുപ്പുമഠം)

വർക്കിംഗ്കമ്മറ്റി യോഗം

30–5–64 7. P. M
31–5–64 10. A. M.

സർ,

അഖിലകേരള കത്തോലിക്കാ കോൺഗ്രസു് വർക്കിംഗ്കമ്മറ്റി യുടെ യോഗം 30–5–64 ഒവൈകുന്നേരം 7. 30 നും, 31—5–64 രാവിലെ 10— നും ഹെഡാഫീസിൽ വച്ചു കൂടുന്നതിനു നിശ്ചയിച്ചിരിക്കയാൽ തദവസരത്തിൽ താങ്കളുടെ സാന്നിദ്ധ്യം സാദരം ക്ഷണിച്ചുകൊള്ളുന്നു.

അജൻറാ

1 പ്രാർത്ഥന.
2 മിനിറ്റ്സ്
3 പോദ്യോത്തരങ്ങളും പ്രമേയങ്ങളും നിരൂപണം
4 ഭരണഘടനയനുസരിച്ചുള്ള ചട്ടങ്ങളുടെ നിരൂപണം
5 പ്രസിഡൻറനുവദിക്കുന്ന മറുവിഷയങ്ങൾ
6 ബില്ലുകൾ

ആജ്ഞാനുസരണം
അസി: സെക്രട്ടറി (Sd)

മാർച്ചു 22-ാം തീയതി പത്രങ്ങൾക്കു നൽകിയ താഴെചേർക്കുന്ന പ്രസ്താവനയിലെ താല്പര്യമനുസരിച്ചു് ഇതിനകം പല ഉദാരമതികളും സംഭാവന നൽകിയിട്ടുണ്ടു്. ഇതുവരെയുള്ള സംഭാവനകൊണ്ടു് കടിയിറക്കപ്പെട്ടവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു് മതിയാകുന്നതല്ല. അതുകൊണ്ടു് മനുഷ്യസ്നേഹികളും സമുദായാഭിമാനികളുമായ സ്നേഹിതർ കാലവിളംബമെന്യേ സംഭാവനകൾ എത്തിച്ചുതരണമെന്നു് ഒന്നുകൂടി അഭ്യർത്ഥിക്കുന്നു.

മെ; N. K. കുര്യപ്പനെ പ്രസിഡണ്ടായും A. M. ആൻറണിയെ സെക്രട്ടറിയായും T. V. റപ്പായിയെ ഖജാൻജിയായും 9 പേരടങ്ങുന്ന ഒരു വർക്കിംഗ്കമ്മറ്റിയെ തിരഞ്ഞെടുത്തു. ശാഖാസംഘം പ്രതിനിധികളായി മെ. എ. വി. കുഞ്ഞുവറീയിനെയും, റവ. എ. വർക്കിയെയും തിരഞ്ഞെടുക്കുകയും ചെയ്തു.

തൈസ്സൻ, വാഴൂർ, മാമ്പിള്ളി എന്നീ കത്തോലിക്കാദ്രവ്യങ്ങളുടെ നേരേ ചില മതഭ്രാന്തന്മാർ നടത്തിയ നീചവും, നിന്ദ്യവുമായ ആക്രമണങ്ങളിൽ ഈ യോഗത്തിനുള്ള ശക്തിയായ പ്രതിഷേധവും, അമർഷവും രേഖപ്പെടുത്തിക്കൊള്ളുന്നു.

A.K.C.C 421-ാംനമ്പർശാഖാസെക്രട്ടറി

സംഭാവന തന്നവരുടെ പേരുവിവരം

	രൂ.	പൈ.
ശ്രീ. എം. എം. ചാക്കോ മുള്ളൻസ്സൽ ചങനാശേരി.	25.	10
ചങ്ങനാശേരി ശാഖാപ്രസിഡൻറു്	75.	90
ശ്രീ. ഇ. വി. എബ്രഹാം മരിയങ്കാവുങ്കൽ ചിറപെരുമ്പനച്ചി, ചങ്ങനാശ്ശേരി	1.	00
മദർ സുപ്പീരിയർ കർമ്മലീത്താ കോൺവെൻറു് പുളിങ്കുന്നു്	20.	
റവ: ഫാ. മോൺസിഞ്ഞോർ വെള്ളരിങ്ങാട്ടു് സെൻറു് ജോസഫ്സു് മിഷ്യൻഹോം, പാലാ.	20.	
ശ്രീ. സി. ജെ. ആൻറണി ബി. എ. ബി. റ്റി. സെൻറു് ജോസഫ്സു് ഹൈസ്കൂൾ കീഴക്കമ്പലം	5.	
റവ: ഫാ: പ്രൊബുസു് സി. എം. ഐ. പ്രിയോർ സെൻറു് ജോസഫ്സു് മൊണാസ്റ്ററി കുരിക്കാട്ടൂർ മണിമല.	25.	
ശ്രീ. പി. എം. അഗസ്റ്റിൻ പൂവത്തോട്ടു്, മണ്ണാക്കനാട്ടു് കുറവിലങ്ങാട്ടു്.	5.	
വി. കെ. കുര്യൻ എക്സൈസു് റേയിഞ്ചു് ഓഫീസു് തിരുവല്ല.	10.	
റവ: സിസ്റ്റർ ഡന്നീസു്, മദർ സുപ്പീരിയർ സാക്രോകോൺവെൻറു് മാള.	10.	
ബനിഡിക്ടിൻ ഫാദേഴ്സു് തുന്തർനാട്ടു്, വടക്കേമലബാർ പ്രസിഡൻറു് സെൻറു് ജോർജു് വിൻസൽറ്റ്ഡിപോം കോൺഫ്രൻസു് പുത്തൻപള്ളി, വരാപ്പുഴ.	10.	
	20.	
ശ്രീ. കുര്യൻ പാറേമ്മാക്കൽ സെക്രട്ടറി എ. കെ. സി. സി, ബ്രാഞ്ചു് ഉറുമ്പുകാവു്.	20.	

യോഗം


മറവന്തുരുത്തു് ഏ. 26

അഖിലകേരള കത്തോലിക്കാകോൺഗ്രസ്സിന്റെ 421–ാം നമ്പർ മറവന്തുരുത്തു് ശാഖാംഗങ്ങളുടെയും ഇടവകക്കാരുടെയും ഒരു യോഗം 26.4.64 ഞായറാഴ്ച കാലത്തു് 10 മണിക്കു് നിത്യസഹായമാതാവിന്റെ പള്ളിയിൽ റവ. ഫാ. ഫ്രാൻസീസു് ചെറമേലിന്റെ അദ്ധ്യക്ഷതയിൽ കൂടി. യോഗത്തിൽ കത്തോലിക്കാകോൺഗ്രസ്സിനെ സംബന്ധിച്ചു് എ.കെ.സി.സിയുടെ തൃശ്ശൂർ ത്രുപതാപ്രസിഡണ്ടു് ലോനപ്പൻ നമ്പാടൻ അവർകളും ഒരു വിവരണം നടത്തുകയും, ആയതിനുശേഷം അടുത്ത വർഷത്തെ ഭാരവാഹികളായി

ജനറൽസെക്രട്ടറിയുടെ സർക്കുലർ

എല്ലാ കത്തോലിക്കാ ഇടവകളിലും കെ. കോൺഗ്രസ്സിന്റെയൂണിറ്റുകളും സ്ഥാപിക്കുന്നതിനും സംഘടനയിലെ അംഗങ്ങളും ശ്രദ്ധ പതിക്കുന്നതു സമുദായത്തിനും രാഷ്ട്രത്തിനും ചെയ്യുന്ന ഒരു സേവനമായിരിക്കും. 1963-ലും 64–ലും സ്ഥാപിതമായിട്ടുള്ള ശാഖകളും അതിനുമുമ്പു തന്നെ നിലവിലുള്ള ശാഖകളും സജീവമായി പ്രവർത്തിച്ചെങ്കിൽ മാത്രമേ സമുദായത്തിനു ഇന്നു നിഷേധിക്കപ്പെട്ടിരിക്കുന്ന അവകാശങ്ങളും മേലിലെങ്കിലും കാത്തു സൂക്ഷിക്കുന്നതിനും സാധിക്കുകയുള്ളു. അതതു സ്ഥലങ്ങളിൽ സാ

ദിവംഗതനായ



നമ്മുടെ പ്രിയപ്പെട്ട പ്രധാന മന്ത്രി നെഹ്റുജി.

സ്വത്തികവും സാമൂഹ്യവും രാഷ്ട്രീയവുമായി സമുദായത്തിനു നേരിടേണ്ടുന്ന പ്രശ്നങ്ങളെ സംഘടനയിലെ അംഗങ്ങളും ഭാരവാഹികളും വസ്തുനിഷ്ഠമായി പഠനം ചെയ്തു ഹെഡ്ഓഫീസിൽ തക്ക സമയത്തു അറിയിക്കുമെങ്കിൽ കോൺഗ്രസ്സ് വർക്കിംഗ് കമ്മറിയ്യും കത്തോലിക്കരുടെ പ്രശ്നങ്ങൾ ശരിയ്യും മനസ്സിലാക്കുന്നതിനും വേണ്ടനടപടികളും സ്വീകരിക്കുന്നതിനും ഉപകാരപ്രദമായിരിക്കും. വിവിധ ഇടവകകളിൽസ്ഥാപിതമായിട്ടുള്ള ക. കോൺഗ്രസ്സ് യൂണിറ്റുകളും അതതു ഇടവകകളിൽ ലൈബ്രറി, കലാസാംസ്കാരികസമതികളും സ്പോർട്ട്സ് ക്ലബുകളും തുടങ്ങിയവ സ്ഥാപിച്ചു നടത്തുന്നതിനു പ്രത്യേകം ശ്രദ്ധപതിക്കേണ്ടതാണു.

ഒട്ടുവളരെ സമുദായങ്ങളും, മതങ്ങളും ഉള്ളൊരു രാജ്യത്തു ഒരു മതപരന്യൂനപക്ഷമായ കത്തോലിക്കർക്കു സുശക്തമായ ഒരു സമുദായിക സംഘടന സജീവമായി പ്രവർത്തിക്കേണ്ടതു ആവശ്യമാണെന്ന സമുദായാംഗങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനും കോൺഗ്രസ്സിലെ അംഗങ്ങളും വേണ്ടതു പ്രചാരണം നടത്തണമെന്നും ഉൽബോധിപ്പിച്ചുകൊള്ളുന്നു.

അഖിലകേരളകത്തോലിക്കകോൺഗ്രസ്സ് 46–ാമതു വാർഷികപ്രതിനിധിസഭാസമ്മേളനം

നോട്ടീസ്.

അഖിലകേരളകത്തോലിക്കാകോൺഗ്രസ് പ്രതിധിസഭയുടെ 46–ാമതു വാർഷിക പ്രതിനിധി സമ്മേളനം 1964 മെയ് 31–ാംനു ഞായറാഴ്ച ഉച്ചകഴിഞ്ഞു 2 മണിക്കു കോട്ടയം സെൻറ് ആർസ് സ്കൂൾ ഹാളിൽ കൂടുവാൻ നിശ്ചയിരിക്കുന്നതിനാൽ തദവസരത്തിൽ താങ്കളുടെ സാന്നിദ്ധ്യം സാദരം ക്ഷണിച്ചുകൊള്ളുന്നു. പ്രതിനിധിസഭയിലേയ്ക്കുള്ള പ്രമേയങ്ങളും പോദ്യങ്ങളും സമ്മേളനത്തിനു ഏഴു ദിവസം മുൻപു ഓഫീസിൽ കിട്ടത്തക്കവണ്ണം അയച്ചിരിക്കേണ്ടതാണു.

കാര്യപരിപാടി

മെയ് 30– ശനി

രാത്രി 7 മണിക്കു വർക്കിംഗ് കമ്മറിയോഗം

മെയ് 31– ഞായർ

രാവിലെ 10 മണിക്കു വർക്കിംഗ് കമ്മറിയോഗം.

രാവിലെ 11 മണിക്കു വിഷയനിർണ്ണയക്കമ്മറിയോഗം.

ഉച്ചകഴിഞ്ഞു 2 മണിക്കു പ്രതിനിധി സഭായോഗം.

1. പ്രാർത്ഥന
2. അദ്ധ്യക്ഷപ്രസംഗം
3. മിന്നിറ്റ്സ്
4. പ്രശ്നോത്തരങ്ങൾ
5. 1963–ലെ വാർഷികപ്രവർത്തനറിപ്പോർട്ട്
6. 1963–ലെ വരവുചെലവുകണക്കുകൾ
7. പ്രമേയങ്ങൾ
8. അദ്ധ്യക്ഷൻ അനുവദിക്കുന്ന ഇതര വിഷയങ്ങൾ
9. ഉപസംഹാരം
10. കൃതജ്ഞത

വിധേയൻ

ജനറൽ സെക്രട്ടറി

കെ. എം. ജോസഫ് കുറ്റപ്പാടം.

അഖിലകേരളകത്തോലിക്കാകോൺഗ്രസ് വർക്കിംഗ് കമ്മറിയോഗം

അഖിലകേരളകത്തോലിക്കകോൺഗ്രസ് വർക്കിംഗ് കമ്മറി അടിയന്തിരമായി 8–3–64–ൽ പ്രസിഡൻറ് ശ്രീ പി. സി ഏബ്രാഹാമിൻെറ അദ്ധ്യക്ഷതയിൽ ഹെഡ്ഓഫീസിൽ സമ്മേളിച്ചു. ഈ യോഗത്തിൽ കോൺഗ്രസ്സ് വർക്കിംഗ് കമ്മറിയിലേക്കു തെരഞ്ഞെടുക്കപ്പെട്ട പാലാ രൂപതാ സംഘം പ്രസിഡൻറ്

(ശേഷം 13–ാം പേജിൽ)

ശാന്തമായി ചിന്തിക്കുക

(മിസ്സസ് അന്നാമ്മ മാമ്മൻ)

ഏപ്രിൽ ലക്കം ബുള്ളറിന് ഇന്നാണ് ഇവിടെ കിട്ടിയതു്. അതിൽ ശ്രീ ജോർജ്ജ് വെളിയത്തിൽ നൽകിയിട്ടുള്ള വിശദീകരണങ്ങളും എന്റെ പ്രത്യാഖ്യാനവാദമുഖങ്ങളെ ''കടപുഴ'' ക്കുന്നില്ല. സമുദായത്തിൽകുറവുപ്പശ്രക്കളുണ്ടെന്നു സമർത്ഥിക്കുന്നതിനു യത്നിക്കുക മാത്രമാണു ചെയ്തിട്ടുള്ളതു്.

അവിവാഹിതരായി സ്വഗൃഹങ്ങളിൽ തങ്ങിനിൽക്കുന്ന ഉദ്യോഗസ്ഥകളുടെപേർക്കു വാദിക്കുന്നതിനു വ്യഗ്രത പ്പെടുന്നതു ചിലരെങ്കിലും അഭിനന്ദിച്ചേക്കാം. എന്നാൽ കുറവുപ്പശ്രക്കളെന്ന ഉൽപ്രേക്ഷ ആരും ഇഷ്ടപ്പെടുന്നതല്ല. ആധുനികയുവതികളും, അതുംഅഭ്യസ്തവിദ്യരും,ഉദ്യോഗസ്ഥരും, മിണ്ടാപ്രാണികളായ പശ്രക്കളേപ്പോലെ അശക്തരും,ചൂഷിതരുമാണെന്നും, പിതാക്കന്മാർ അവരെ കുടുംബമാകുന്ന കുറിയിൽ ചേർത്തുകെട്ടി അവരുടെ ശമ്പളം മുഴുവൻ അപഹരിക്കുകയാണെന്നും, അവരുടെ വരുമാനം അവസാനിക്കുമ്പോൾ നിർദ്ദയം പരിത്യജിക്കപ്പെടുമെന്നും തട്ടിമൂളിച്ചാൽ, അതുകേട്ടു വെരളാൻ അധികമാരുമുണ്ടാകയില്ല. ഉദ്യോഗസ്ഥകളായ യുവതികളെ യഥാകാലം വിവാഹംകഴിച്ചയയ്ക്കാത്തതു് പിതാക്കന്മാരുടെ അലസമനോഭാവമോ, സ്വാർത്ഥലാഭേഛയോകൊണ്ടല്ലെന്നും പ്രത്യുത ഇന്നത്തെ സ്ത്രീധനകാംക്ഷ്യമാണു് ഈ ദുരവസ്ഥയ്ക്കു കാരണമെന്നുമത്രെ ഞാൻ പ്രതിപാദിച്ചതു്. സ്വാഭിപ്രായം സ്ഥാപിക്കുന്നതിനു സാധകബാധകയുക്തികളും, ഉപോൽബലകങ്ങളായ ഉദാഹരണങ്ങളുംകൊണ്ടു പരിമിതമായ പത്രസ്ഥലം അപഹരിക്കുന്നതു ശരിയല്ല. അതിനാൽ വിവാദവിഷയത്തിലെ പ്രധാന പോയിൻറുകളും പൊതുജനാഭിപ്രായത്തിനായി സമർപ്പിക്കുന്നു. യുവാവായ ലേഖകന്റെ പ്രതിപാദനം സഭ്യതയുടെ പരിധി വിടുന്നതായാൽ ഞാൻ മൗനം ഭജിക്കുകയേ ഉള്ളുതാനും.

1. അഷ്ടിക്കുപോലും വകയില്ലാത്ത അവിവാഹിതയുവതികളും ധാരാളമുള്ളപ്പോൾ ഉദ്യോഗസ്ഥകളുടെ കാര്യത്തിൽമാത്രം ഇത്ര താല്പര്യം കൂടേണ്ടതുണ്ടോ?

2. ജന്മപാപം സംബന്ധിച്ചു് ഉൽപ്പത്തിപുസ്തകത്തിലെ സൂചനയ്ക്കു ചിലർ കൊടുക്കുന്ന വിശദീകരണം ഉന്നയിക്കുന്നതു് എല്ലാ സ്ത്രീകളും പുരുഷന്മാരെ ജഡികാഭിലാഷത്തിനു പ്രേരിപ്പിക്കുന്നവരാണെന്നു സ്ഥാപിക്കുന്നതിനാണോ?

3. മനുഷ്യമന:ശാസ്ത്രമോ, പ്രകൃതിവിജ്ഞാനബോധമോ, കുറഞ്ഞപക്ഷം ലോകപരിചയമോ ഉള്ളവർ പുരുഷജീവികംക്കാണു സംയമനശക്തി കുറവുള്ളതെന്നു സമ്മതിക്കുകയില്ലേ?

4. വ്യക്തിപരമായ കാരണങ്ങളാൽ ദൈവത്തെ മുൻനിറുത്തി സ്വയപരിത്യാഗം സാധിക്കുമെന്നു സമ്മതിക്കുമോ?

5. തനതു ഗൃഹങ്ങളിൽ താമസിച്ചുകൊണ്ടതന്നെ പരിപാവനമായസന്യാസജീവിതംപാലിച്ചിട്ടുള്ളനിരവധി സ്ത്രീപുരുഷന്മാരെ നമ്മുടെ ക്രൈസ്തവസംഘടനകളും ബഹുമാനാദരപൂർവ്വം സ്മരിക്കുന്നില്ലേ?

6. സ്വജനങ്ങൾക്കുപകാരിയായി അവരോടു കൂപാർദ്രയായി വർത്തിക്കുന്ന ഒരു തനതു വരുമാനക്കാരി, പിതാവിന്റെ മരണാനന്തരം പരിത്യക്തയാകുമെന്നു പറയുന്നതു യുക്തിയുക്തമോ?

7. സാധാരണ ഉദ്യോഗസ്ഥരോ, കൂലിവേലക്കാരുതന്നെയോ ആയ ആൺമക്കളും വിവാഹിതരായാലും അല്ലെങ്കിലും വൃദ്ധമാതാപിതാക്കളേയും, അശരണരായ ഇതരരക്തബന്ധികളേയുംകൂടെ യഥാശക്തി സംരക്ഷിക്കുന്നതുപോലെ, ഉദ്യോഗസ്ഥയായ ഒരു മകനും, ഗത്യന്തരമില്ലാത്തപക്ഷം സ്വന്തം മാതാപിതാക്കന്മാരെയെങ്കിലും യാവൽഭരക്യം പുലർത്തേണ്ടതല്ലെ?— വിവാഹിതയായാലും അല്ലെങ്കിലും.

8. ഉദ്യോഗസ്ഥയായ മകളെ എങ്ങനെയെങ്കിലും കെട്ടിച്ചയച്ചുകൊള്ളണമെന്നും, അവളുടെ മാതാപിതാക്കന്മാർഎതൃതന്നെ നിസഹായരാണെങ്കിലും, അവസ്ഥക്കും വരനും അവരോടു യാതൊരു കടപ്പാടും ഇല്ലെന്നും വിവക്ഷിക്കാമോ?

9. ഇന്നത്തെ സ്ത്രീക്കു് അതും ഉദ്യോഗസ്ഥയ്ക്കു പിതാവു കഴിഞ്ഞാൽ സംരക്ഷണത്തിനു വേറൊരാൾകൂടിയേതീരൂ എന്നും, പിതാവും ഭർത്താവും ഒഴികെ ആരും അവൾക്കു വിശ്വസ്ത അവലംബമാകയില്ലെന്നും പറയാമോ?

10. വിവാഹിതയായ ഒരു സ്ത്രീ സന്താനരഹിതയോ, വിധവയോ, രണ്ടുംകൂടെയോ ആകാവുന്നതാകയാൽ വിവാഹം സ്ത്രീക്കു് ഒരു സുരക്ഷിത ഉപധിയാകുമോ?

11. നാത്തൂൻപോരു ബാധിച്ചിട്ടില്ലാത്ത മാന്യകുടുംബങ്ങളിൽ അവിവാഹിതകളായ യുവതികളും-വിശിഷ്യ എന്തെങ്കിലും വരുമാനമുണ്ടാക്കുന്നവർ ആദരപാത്രങ്ങളായി വിരാജിക്കുന്നില്ലേ!

12. ലേഖകൻ ഹസിക്കുന്ന ''മുടങ്ങാച്ചരക്കി''നെ ചെലവാക്കാൻ നിർഭാഗ്യവാനായ പിതാവു് എന്തു ചെയ്യണം? വളരെ ക്ലേശിച്ചുപഠിച്ചു ഉയർന്ന ഉദ്യോഗങ്ങളിൽ കയറിയിട്ടുള്ളവരിൽഅങ്ങനെയുള്ളവരില്ലേ?

13. സ്ത്രീധനത്തിന്റെ റേറും ചെലവിന്റെ മാനദണ്ഡവും ഏതു പരിധിവരെയാണു് അനുവദനീയം? ഉദ്യോഗക്കാരിക്കുവേണ്ടി കുടുംബസ്വത്തു മുഴുവൻ എഴുതി വിറ്റിട്ടു് ബാക്കിയുള്ളവർ വഴിയാധാരമാകണമോ?

14. ഇന്നത്തെ യുവാക്കന്മാർ ''സ്ത്രീ'' എന്ന ധനത്തെയല്ല സ്ഥാവരജംഗമധനത്തെയാണു സാധാരണ കാംക്ഷിക്കുന്നതെന്നറിയാമോ? ''വൻപിച്ച സ്ത്രീധനം വേണ്ടാ നല്ല പെണ്ണു മതി'' എന്നു ചെറുക്കൻ ആഗ്രഹിച്ചാലും അവന്റെ ആളുകളും അതിനനുകൂലിക്കുമോ?

15. വിവാഹിതരെല്ലാം സൗഭാഗ്യവതികളും സംതൃപ്തരുമാണെന്നും, അവരാരും അപഥസഞ്ചാരമോ—ആത്മഹത്യയോ ചെയ്തയില്ലെന്നുമുള്ള അനുമാനം വസ്തുനിഷ്ഠമാണോ?

16. ലേഖകന്റെ കണക്കനുസരിച്ചു് ആത്മഹത്യ ചെയ്തിട്ടുള്ളവരിൽ കത്തോലിക്കയുവതികളും സഹസ്രാംശമെങ്കിലും ഉണ്ടായിരിക്കുമോ! അവർ പുണ്യസാംഗോപാംഗങ്ങളിൽ വളർത്തപ്പെട്ടിരുന്നവരാണോ? നാമധേയകത്തോലിക്കരുടെ ന്യൂനതകളുംക്ക സമുദായം കുറെമേല്ലണമോ?

17. ഫെബ്രുവരിലക്കത്തിൽ ശ്രീ വെളിയത്തിൽ ഉദാഹരിച്ചിരിക്കുന്ന, തനതു വരുമാനം പ്രത്യേകം സൂക്ഷിക്കുന്ന ഉദ്യോഗക്കാരി, തനതിഷ്ടംപോലെ വിവാഹത്തിനു പുറപ്പെടാതെ വിതാവിനെ അലട്ടുന്നതു്—കുടുംബാഭിമാനചിന്തകൊണ്ടോ? അതോ സ്ത്രീധനംകൂടി പ്രതീക്ഷിച്ചുകൊണ്ടോ?

18. ജനൽവാതുക്കൽ നെടുവീർപ്പിട്ടു നിൽക്കുന്നതായി ലേഖകൻ കാണുന്ന യുവതികളും സാധാരണക്കാരോ? ഉദ്യോഗസ്ഥകളോ? ''മുടങ്ങാച്ചരക്കോ?'' അവർ യഥാകാലം വിവാഹിതരാകാതിരുന്നതു് ആരുടെ തടസംകൊണ്ടു്? പിതാക്കന്മാരുടെ സ്വാർത്ഥതകൊണ്ടോ? അതോ അവരുടെസാമ്പത്തികാവശതകൊണ്ടോ?

19. ശ്രീ ജോർജ്ജ് കരളുറപ്പോടെ പ്രഖ്യാപിക്കുന്ന നിഗമനങ്ങളും എങ്ങനെ ലഭിച്ചു? കത്തോലിക്കയുവതീലോകത്തെ പ്രതിധാനം ചെയ്യുന്നതിനു് എന്തവകാശമാണുള്ളതു്? സുദീർഘകാലം വിവിധ സ്ഥലങ്ങളിലെ ബഹുസഹസ്രം യുവതികളുമായി ആശയവിനിമയം ചെയ്യുന്നതിനും സ്വഭാവവീക്ഷണം നടത്തുന്നതി

നും തക്ക ചുമതലയും സൗകര്യസന്ദർഭങ്ങളും ഉണ്ടായിട്ടുള്ളഒരു കത്തോലിക്കാവൃദ്ധയുടെ അനുഭവപരിചയങ്ങളും കൂട്ടത്തൽ ആദരണീയമായിരിക്കുകയില്ലേ?

20. ക്രൈസ്തവസമൂഹത്തിൽ- വിശിഷ്യ കത്തോലിക്കരുടെ ഇടയിൽഇന്നു ഭീകരമായിരിക്കുന്ന സ്ത്രീധനക്കാംക്ഷ്യം പരിഹരിക്കുന്നതിനു ലേഖകനു എന്തെങ്കിലും പരിപാടികളും ആവിഷ്ക്കരിക്കാനുണ്ടോ?

വിസ്തരഭയത്താൽ മാത്രമല്ലാ, ആത്മപ്രശംസയായി വീക്ഷിക്കപ്പെടുമെന്നു ഭയന്നു ''കൂപമണ്ഡൂകം'' ''ഹാലാലിളക്കം;'' എന്നിവയെപ്പറ്റി ഒന്നും പറയുന്നില്ല. ''വിളിച്ചാൽ'' എന്ന ഭീഷണിപദംഖേദകരമായിപ്പോയി. അതു സദുദ്ദേശത്തോടുകൂടി മാസികയാഫീസിൽ നടത്തിയ കരവിരുതായിരിക്കണം. ഈ ലേഖകയെപ്പറ്റി അനുവാചകർക്കു അല്പം പരിചയം ഉളവാക്കുന്നതിനു ഫ്രാൻസിസ്കുൻബുള്ളറിൻ മേയ് ലക്കം 11-ം 12-ം പേജുകളും ഉപകരിക്കുമെന്നു സവിനയം രേഖപ്പെടുത്തട്ടെ. പിന്നെ, വൈവാഹികപ്രശ്നങ്ങളും സംബന്ധിച്ചു് കൂടുതൽ അറിയുന്നതിനു് ആഗ്രഹമുള്ളവർ കഷ്കൻമാസിക 126 മകരം ലക്കം 27-32 പേജുകളും വായിക്കുന്നതു് ഉപകാരമായിരിക്കും.

—0—

ഗദ്യകവിത

അഭിഷിക്തകരങ്ങളേ! അഭിവാദനങ്ങൾ!!

—സെബാസ്റ്റ്യൻ പുല്ലാപ്പിള്ളി—

പിഞ്ചുജീവിതം പുഞ്ചിരിക്കുമ്പോളും അതാ, ആ അഭിഷിക്തകരങ്ങളും ബലഹീനനായ മനുഷ്യനെ മാലിന്യമേശാത്ത മാലാഖാമാരുടെ ലോകത്തിലേക്കാനയിക്കുന്നു. ജ്ഞാനസ്നാനജലമൊഴുക്കി വിശുദ്ധീകൃതമാക്കുന്നതിനു് ഈ അഭിഷിക്തകരങ്ങളും അത്യന്താപേക്ഷിതമാണു്. ജീവിതസായാഹ്നത്തിന്റെ പശ്ചിമാംബരത്തിൽ ചെഞ്ചായം പൂശി സ്വർഗ്ഗസുന്ദരമാക്കുന്നതും ഇക്കരങ്ങളംതന്നെ. കാലത്തിന്റെ കയ്പുള്ള കാസാപാനം ചെയ്യാതെ കഴിവില്ലെന്നവരുന്ന ഘട്ടത്തിൽ അതു സുമധുരതരമാക്കിത്തരുന്നതും ഈ പരിപാവനകരങ്ങളല്ലാതെ മറെറാന്നുമല്ല. അംഗീകാരകളിൽ അനുദിനം അർപ്പിക്കപ്പെടുന്ന അനർഘബലിയിൽ ദൈവവചനം വഹിക്കുന്ന ഇക്കരങ്ങളും കനകച്ചെങ്കോൽധാരിയായ രാജകീയകരങ്ങളേക്കാളും ബലിഷ്ഠങ്ങളും മഹത്തരങ്ങളുമാണു്. അവയുടെ മഹത്വം അതുല്യങ്ങളും അദ്വിതീയങ്ങളുമാകുന്നു. കാരണം, കോടാനുകോടി മാലാഖാമാർ നിരന്തരവും നിത്യവുമായ ആരാധന അർപ്പിക്കുന്ന, സ്വർഗ്ഗത്തിൽനിന്നിറങ്ങിയ അപ്പം, പ്രഭോതാരങ്ങളും സൂക്ഷിച്ചുനോക്കി തരിച്ചുനില്ക്കുന്ന, അതാ, ആ കരപല്ലവങ്ങളിലാണല്ലൊ എഴുന്നള്ളിവരുന്നതും പള്ളികൊള്ളുന്നതും. പാപകൂപത്തിലാണ്ടുകിടക്കുന്ന മഹാപാപിയെ തിരഞ്ഞന്വേഷിച്ചു് പാപമാലിന്യമിത്തിരിക്കും ശേഷിക്കാതെ, ആകമാനം പൂണ്ണമോചനം നൽകി, പുണ്യസോപാനത്തിലേറുന്നതും, നിത്യവിധിയാളന്റെ ന്യായാസനത്തിങ്കലേക്കു നയിക്കുന്നതും ഈ അഭിഷിക്തകരങ്ങളംതന്നെ. ഈ ജീവിതത്തിലൊരു സന്തതസഹചാരിയെ—ഒരു കൈത്തോഴിയെ അല്ലെങ്കിൽ കൈത്തോഴനെ—കൈയേൽക്കുമ്പോളും, ആയുഷ്കാലമിഥുനങ്ങളുടെ വിറയാർന്ന കരങ്ങളെ പരസ്പരം ബന്ധിച്ചു്, കൈവച്ചനുഗ്രഹിക്കുകയും സ്വതന്ത്രവിഹായസ്സിലേക്കയയ്ക്കുകയും ചെയ്യുന്നതും പ്രസ്തുത പാണികളാണു്!

അവസാനം, മരണവ്യാഘ്രം വാ

പുതിയ കടയിൽ പുതിയ തരങ്ങൾ

കല്യാണ സാരിത്തരങ്ങളും വിദ്യാർത്ഥിനീ വിദ്യാർത്ഥി കാംക്ഷാവശ്യമുള്ള ജൗളിത്തരങ്ങളും മറെറല്ലായിനം ഉടയാടകളും ഏറാവും കുറഞ്ഞവിലയ്ക്കു ലഭിക്കുന്നു.

ശ്രീനിവാസ് ടെക്സ്റ്റയിൽസ്

(Whole Sale & Retail)

ചങ്ങനാശ്ശേരി

കച്ചവടക്കാർക്കു് ഏറാവും ന്യായമായ വിലയ്ക്കു് എല്ലായിനം ജൗളിത്തരങ്ങളും ലഭിക്കുന്നതാണു്.

ചെറുകഥ

മകനെ, എനിക്കു് മാപ്പു്...

(ജോർജ്ജു് വെളിയത്തിൽ)

അമ്പടി! നിന്റെ ഒരു ഗമ്പു്!

ഞാനെന്തു പറഞ്ഞെന്നാ അമ്മ പറയുന്നതു്?

നീ ഒന്നും പറഞ്ഞില്ല; അല്ലേ? പിന്നെന്തിനാടീ അവളു കരയുന്നതു്?

അതു് ചേടത്തിക്കു് പതിവാ. കരയാൻ കാരണമൊന്നും വേണ്ട.

നീ അത്ര ഞെളിയണ്ട കേട്ടോ.... നീ ഒന്നും പറഞ്ഞില്ല.... അല്ലേ? അവടെ അപ്പനു് വിളിക്കാൻ മാത്രം നീ വളന്നല്ലേ?

അയ്യോ ഇങ്ങനെ പറയുവോ?

വേണ്ടടി.... വേണ്ട. നിന്നെയൊക്കെ ഞാനറിയും. ഒരു കന്യകാമറിയം.! അല്ലേലും നീ വന്ന കേറിയ അന്നേ ഞാൻ വിചാരിച്ചതാ— എടീ അവളു് നിന്നെപ്പോലെ ചുമ്മാകേറിവന്നവളൊന്നമല്ല- നിനക്കറിയാമോ? ത്രുപാ അയ്യായിരം കൊണ്ടുവന്നവളാ അവളു്. നിന്നെപ്പോലെ എന്റെ പെറുക്കനെ മയക്കി പൊറകേ വന്നവളല്ല.

അമ്മായിഅമ്മയും ഇളയമരുമകളും തമ്മിലുള്ള ഈ കോലാഹലം തുടങ്ങിയിട്ടു് നാളേറെയായി. മൂത്തമരുമകനും ആരംഭിക്കും, അമ്മായിഅമ്മപിടിച്ചടക്കും. ഇളയ മരുമകളിൽ കുറവായകുറവെല്ലാം ആരോപിക്കും.

ഇളയവനും മേരി അവളെല്ലാം സഹിക്കും. അവനുക്കു് ആവലാതിപറയുവാൻ ആളില്ല. അവളുടെ ഭർത്താവു് ബാബു- അകലത്തൊരു ഉദ്യോഗസ്ഥനാണു്. ഇടയ്ക്കിടെ വീട്ടിൽവരും, പെട്ടന്നങ്ങുപോകുകയും ചെയ്യും.

മറിയച്ചേടത്തി, തന്റേടവും പ്രായപൂർത്തിയും എല്ലാം ഉള്ള ഒരു അമ്മായിയമ്മയാണു്. അമ്മമാരെ നന്നാക്കുവാനും കുടുംബാന്തരീക്ഷത്തിൽ മാതൃത്വത്തിന്റെ മഹനീയതയുടെ വെന്നിക്കൊടി നാട്ടുവാനും അനവരതം അദ്ധ്വാനിക്കുന്ന സ്ഥലത്തെ മാതൃസംഘത്തിന്റെ ഒന്നാന്തരമൊരു നേതാവാണവർ

പക്ഷേ....കുടുംബത്തലവരുടെ പ്രവർത്തി കണ്ടാൽ നരകത്തിൽ നിന്നു വന്ന മുത്ത പിശാചാണെന്നു് തോന്നിപ്പോകും.

കാരണം.. മുത്തമകൻ ജോസഫ് അയ്യായിരത്തോളം സ്ത്രീധനം വാങ്ങി ഒരു പൂവാലിയെയാണു് കെട്ടിയതു്.

എന്നാൽ— ഇളയ മകൻ ബാബു കാൽക്കാശു വാങ്ങാതെ ഒരുത്തിയെ വിവാഹം കഴിച്ചു. അന്നു തുടങ്ങിയതാണു് മറിയച്ചേടത്തിക്കൊരു ഹാലിളക്കം. നാളുകൾക്കു ശേഷം അതു് മൂർദ്ധന്യത്തിലെത്തിയെന്നു മാത്രം.

ഇല്ലാത്ത കുറവുകളും കുറ്റങ്ങളും ഇളയമകളിൽ ആരോപിക്കുവാൻ വല്ലാത്തൊരു സാമർത്ഥ്യം മറിയച്ചേടത്തിക്കുണ്ടു്. വീട്ടിലൊരു വേലക്കാരിക്കുള്ള സ്ഥാനംപോലും അവർക്കവിടെയില്ല- അവനും ചെയ്യുന്നതും ചെയ്യാത്തതും എല്ലാം കുറ്റമാണു് എങ്കിലും ക്ഷമിക്കുവാനും സഹിക്കുവാനുമുള്ള ഒരു നല്ല ഹൃദയം പാവം, മേരിയ്ക്കുണ്ടു്.

അടുക്കളയിൽ പെൺപട അങ്കവെട്ടു് ആരംഭിക്കുമ്പോഴും മത്തായിച്ചേട്ടൻ- ആ കുടുംബനാഥൻ- അക്ഷമനായി വരാന്തയിൽഇരിക്കുന്നുണ്ടാകും, ഒരക്ഷരം ഉരിയാടാതെ.

ദിവസങ്ങൾ നീങ്ങി. നാട്ടിലെല്ലാം പാട്ടായി. കുടുംബാന്തരീക്ഷം മലീമസമായിതീർന്നു. ശാന്തമായിരുന്ന കുടുംബജീവിതം കലുഷമായി. ആരാരും തുണയില്ലാതെ മേരി.... ആ പാവം മകനും കഴഞ്ഞി.

ബാബു വീട്ടിൽ നിന്നു് പോയിട്ടു് മാസം രണ്ടുകഴിഞ്ഞു. അവനുക്കു് ബാബുവിനെ ഒന്നു കാണണം. ഒരു നൂറായിരം കാര്യങ്ങളും അവനുക്കു് പറയുവാനുണ്ടു്.

കാത്തു് കാത്തു് അവളുടെ ക്ഷമനശിച്ചു. കാത്തുവാക്കുകളും കേട്ടുകേട്ടു് മടുത്തു. പരിഹാസത്തിന്റെ മുനമുടി നിത്യം ധരിക്കും; സഹനത്തിന്റെ കുരിശേന്തി അവനും തളർന്നു. എങ്കിലും എല്ലാം അവനും സഹിക്കുകയാണു്... ഇനിയും ഇനിയും.

പക്ഷേ---

അവനുക്കു് ബാബുവിനെ ഒന്നു കാണണം.

ഇന്നുവരും.... നാളെവരും.... കാത്തുകാത്തു മടുത്തു.

അവളെഴുതി.... ഞാൻ ജീവിക്കണമെന്നാശയുണ്ടെങ്കിൽ ഉടനെ വരണം.

X X X X

ബാബുവിന്റെ മസ്തിഷ്കത്തിൽ ചൂടുപിടിച്ച ചിന്തകൾ നൃത്തം ചെയ്തു— എന്തു്? എന്താണു് സംഭവിച്ചതു്. സമാധാനവും ശാന്തവുമായിരുന്ന കുടുംബാന്തരീക്ഷത്തിൽ എന്തെല്ലാമോ. ഭയങ്കര സംഭവങ്ങൾ നടക്കുന്നുണ്ടെന്നു് അവനു മനസ്സിലായി.

ഞാൻ ജീവിക്കണമെന്നാശയുണ്ടെങ്കിൽ ഉടനെ വരണം.

ആ വാക്കുകൾ ഹൃദയത്തിൽ തറച്ച കാരിരുമ്പാണികൾപോലെ അവനു് തോന്നി.

ഇനിയൊന്നും ചിന്തിക്കാനില്ല.അവൻ പുറപ്പെട്ട കഴിഞ്ഞു.

വിശ്വസിക്കാൻ കഴിയാത്ത ഒരു ഭാവഭേദം അവനാ കുടുംബത്തിൽ ദർശിച്ചു. ആരുമാരും ഒന്നും മിണ്ടുന്നില്ല. തന്നെ സ്നേഹിച്ചു ലാളിച്ചുവളർത്തിയ അമ്മയിൽ വലിയൊരു പരിവർത്തനം. എപ്പോഴും സന്തോഷചിത്തനായിമാത്രം കാണപ്പെട്ടിട്ടുള്ള പിതാവിൽ ഒരു നിരാശാഭാവം. യോജിച്ചു് സ്നേഹിച്ചു് വളർന്ന ചേട്ടനിൽ പ്രതീക്ഷിക്കാതിരുന്ന ഒരു ഭാവവ്യത്യാസകർച്ച. ഒരമ്മയെപോലെതന്നെ ശ്രുശ്രൂഷിച്ചിരുന്ന ചേടത്തിയിൽ വല്ലാത്തൊരു ഭാവഭേദം. ചുണ്ടിൽ മറയാത്ത പുഞ്ചിരിയും മനസ്സിൽ നിറഞ്ഞ പ്രതീക്ഷകളുമായി നടന്ന മേരിയിൽ വല്ലാത്തൊരു കദനഭാരം— എന്താണിതു്? ഒന്നും മനസ്സിലാകുന്നില്ല.

മേരി— അവൻ ഉറക്കെവിളിച്ചു. കരഞ്ഞു കലങ്ങിയ കണ്ണുകളുമായി അവനും ഇറങ്ങിവന്നു. ചുണ്ടിൽ കളിയാടിയിരുന്ന പൂപുഞ്ചിരി ഇന്നു കാണുന്നില്ല. ശരീരം വല്ലാതെ ശോഷിച്ചിരിക്കുന്നു.

നിനക്കെന്തുപറ്റി— ?നീയെന്തിനാണു് കരയുന്നതു്....

ചിരിക്കുവാൻ തോന്നാത്തതുകൊണ്ടു്....

പിളർന്നു് നമ്മെ വിഴുങ്ങുവാൻ വട്ടംകൂട്ടുമ്പോഴും വൈദികന്റെ അഭിഷിക്തകരങ്ങളും വേപഥുഗാത്രരും മരണശയ്യാവലംബികളുമായ നമ്മുടെ ശിരസ്സിനുമേൽ, വിജയപതാകപോൽ വിരാജിക്കുകയായി! എന്തിനധികം, ഭൂമിയിലേക്കു വരുന്നവർക്കും ഭൂമിയിലേക്കു ചേരുന്നവർക്കും എല്ലാറ്റിലും എപ്പോഴും ഭ്രൂസ്പർശ്യമദ്ധ്യസ്ഥിതനായി സാക്ഷ്യം രേഖപ്പെടുത്തുന്നതും ഈ പാണിദ്വയംതന്നെ. അതിനാൽ, അത്യന്തം സ്വാധീനബലമുള്ള അജയ്യകരങ്ങളേ, ആദ്യന്തം ഹൃദ്യമായ അഭിവാദനങ്ങൾ!

പാവനവും, പരിശുദ്ധവും, പരിപൂതവുമായ ഇക്കരവല്ലികളെ, അനവദ്യസുന്ദരവും, അനന്യസുരഭിലവും, അനുദിനം പുണ്യപൂർണ്ണവും, അത്യന്തം കളങ്കരഹിതവും, അവിരമപ്രവർത്തനോന്മുഖവും, അനുസ്യൂതം സഹായതല്പരവും, അവിശ്രമം പരിശ്രമപൂർണ്ണവും അനുനയം കേണി നിർഭരവുമായി, പരാപരാ, പരം പൊരുളേ കാത്തുകൊള്ളേണമേ,

എനിക്കൊന്നും മനസ്സിലാകുന്നില്ല ഞാൻ ജീവിക്കുവാൻ അങ്ങു് ആഗ്രഹിക്കുന്നുണ്ടോ എങ്കിൽ—എങ്കിൽ എന്റെ അപ്പച്ചൻ തരാമെന്നു പറഞ്ഞ അങ്ങപേക്ഷിച്ച.... ആ സ്ത്രീധനത്തുക പോയി വാങ്ങിക്കൊണ്ടുവരൂ. അല്ലെങ്കിൽ.... അല്ലെങ്കിൽ.. അവനക്കൊന്നും പറയുവാൻ കഴിയുന്നില്ല. തൊണ്ട ഇടറുന്നു.. വാക്കുകളും തടയുന്നു വേദന വർദ്ധിക്കുന്നു.

അവനെല്ലാം മനസ്സിലായി.

പലതും സംഭവിക്കുവാൻ വഴിയുണ്ടു്. അയ്യായിരക്കാരിചേടത്തിയുടെ മുമ്പിൽ മേരിയുടെ ജീവിതം തകർന്നുമരുന്നു എന്നവനു് ബോദ്ധ്യമായി.

മറിയച്ചേടത്തി ഭദ്രകാളിയെപ്പോലെ കലികയറി ഇരിക്കുകയാണു് അവൻ വിളിച്ചു— അമ്മേ

എന്നാവേണം ഒരു സിംഹഗർജ്ജനം.

എന്താണമ്മേ ഇതെല്ലാം— ഇങ്ങനെ ഒന്നും അല്ലായിരുന്നല്ലേ-?

ഞാനും ഇങ്ങനെ ഒന്നും വിചാരിച്ചിരുന്നില്ലടാ—

ലോകരായ ലോകരെല്ലാം പാടാൻ തുടങ്ങി അവളെപ്പറ്റി— മനുഷ്യന്റെ മുഖത്തുനോക്കി നടക്കാൻ വയ്യാതായി. അവനുക്കു് ആരെ പേടിക്കാനാ. ഞാൻ വല്ലതും പറഞ്ഞാൽ അവനു എന്റെ തലേക്കേറും. ഇതൊക്കെ ഇപ്പം പറഞ്ഞിട്ടെന്നാ കാര്യം. വല്ല ആണുങ്ങടെ പൊറകേ നടന്നവളെ പിടിച്ചോണ്ടു് വന്നപ്പോ ഓക്കെണ്ടതായിരുന്നു. ഇന്നും അവനുക്കു് അതുതന്നെ തൊഴിൽ—

അവരിരുവരും പിന്നെ മിണ്ടിയില്ല. അവൻ നില്ക്കുന്നലോകം അവനെ പരിഹസിച്ചു വട്ടംചുറ്റുന്നതുപോലെ— അവൻ നില്ക്കുന്ന ഭൂമി താണുപോകുന്നതുപോലെ

എന്താണീക്കേട്ടതു്? ഇതെല്ലാം സത്യമാണോ—?എങ്കിൽ—എങ്കിൽ— ഒരു ഘാതകൻകൂടി അടുത്തനിമിഷം ഈ ലോകത്തിലുണ്ടാകും. ഇതിനുവേണ്ടി ഏതുകൊലമരത്തേയും അഭിമുഖീകരിക്കുവാൻ അവൻ ഒരുക്കമാണു്. സ്വന്തം അമ്മയാണു് മുഖത്തു നോക്കിപ്പറഞ്ഞതു്. എങ്ങനെ വിശ്വസിക്കാതിരിക്കും—

മേരി— അവൻ ഗർജ്ജിച്ചു.

ഒരു ജീവച്ഛവംപോലെ അവൻ ഇറങ്ങിവന്നു. ബാബുവിന്റെ വലത്തുകൈ സർവ്വശക്തിയും സംഭരിച്ചു് അവളുടെ ചെവിട്ടിൽ പതിഞ്ഞു.

അവൻ അന്ധാളിച്ചുപോയി—കാരണമറിയാതെ അവൻ കഴുങ്ങി—

എടീ വഞ്ചകീ— എന്താണു് ഞാൻ കേട്ടതു്—? വീണ്ടും വീണ്ടും മർദ്ദിച്ചു അവശയായി പരവശയായി അവൻ നിലംപതിച്ചു ബോധം മറഞ്ഞു ബാബു ഒരു പിശാചായി മാറി.

X X X X

ദിനങ്ങളേറെക്കഴിഞ്ഞു. ആസ്പത്രിക്കിടക്കയിൽ ഒരു വിധം അവൻ എഴുന്നേറ്റിരുന്നു. ശരീരം താനെ ശോഷിച്ചു.സംസാരിക്കാൻ തീരെ ശക്തിയില്ല.

നിറഞ്ഞ കണ്ണുകളോടെ, തികഞ്ഞ അപരാധബോധത്തോടെ ബാബു ആ കട്ടിലിൽ ഇരുന്നു. ആ നെറ്റിയിൽ വലത്തുകരം ഗ്രഹിച്ചുകൊണ്ടവൻ മന്ദം മന്ദം പറഞ്ഞു സ്ത്രീധനമില്ലാതെ ഇനിയൊരു വിവാഹം അങ്ങു കഴിക്കരുതു്. പാവപ്പെട്ട എനിക്കു് അതു മാത്രമേ അപേക്ഷിക്കുവാനുള്ളൂ— എന്റെ തെറ്റുകളും എന്നോടുപൊറുക്കണം. വീണ്ടും സംസാരിക്കുവാൻ അവനുക്കു്. കഴിഞ്ഞില്ല. ആ കരം ചുംബിച്ചുകൊണ്ടു് അവൻ കിടക്കയിലേക്കു് വീണു.

X X X X X

വർഷങ്ങളുക്കു രൂപം നൽകിക്കൊണ്ടു് ദിനങ്ങളും ഓടിമറഞ്ഞു. പഴയ പല ജീവിതങ്ങളും തകരുകയും പുതിയവ വളരുകയും ചെയ്തു. പരിവർത്തനങ്ങളും പലതും ആ നാട്ടിലുണ്ടായി.

മറിയച്ചേടത്തി കിടപ്പിലായി. ജോസപ്പും അവന്റെ ഭാര്യയും— തന്റെ സർവ്വതുമായി താൻ വിചാരിച്ചിരുന്ന മൂത്തമകനും അവന്റെ പൂവാലിഭാര്യയും, ആ വൃദ്ധയെ ഉപേക്ഷിച്ചു് അങ്ങെങ്ങോ പട്ടണത്തിൽ ജീവിക്കുകയാണു്.

ബാബു എല്ലാം മറന്നു് തന്റെ പ്രിയപ്പെട്ട അമ്മയ്ക്കുവേണ്ടി ഇന്നും അദ്ധ്വാനിക്കുകയാണു്.

മരുന്നുകളും ശ്രമങ്ങളും പരാജയപ്പെട്ടു. ഡോക്ടർമാർ നിരാശരായി. മറിയച്ചേടത്തിയുടെ അന്ത്യം ആസന്നമായി.

ഒരുനാൾ

താനേറെ വേദനിപ്പിക്കുകയും ത

PAIKADA'S COLLEGE

Estd: 1954 **Phone: 2427**

KOTTAYAM

The Best College for:

S. S. L. C., PRE-UNIVERSITY, B. A. & B. Sc.

Classes begin just after the publication of respective examination results

Convenient Hostels for Boys and Girls

Sebastian Paikada, Principal

ഭർത്താവിനെ ക്രൂശിക്കുന്ന ഭാര്യ.

ജോയി മുട്ടാർ

രംഗം. 1.

(പെറക്കടിലിന്റെ വരാന്തയിൽ കിടക്കുന്ന ബഞ്ചിൽ പൗലോച്ചേട്ടൻ ഇരിക്കുന്നു. പ്രായം നാല്പതുവയസ്സ്. ഭാര്യ പെണ്ണമ്മ അരി പാറിക്കൊണ്ടിരിക്കുന്നു. പ്രായം നാല്പതു വയസ്സ്. നെടിയരിയിൽനിന്ന് പൊടിയരിയും താവലും പാറി വിഭജിക്കുന്നു. സമയം——പകൽ പത്തുമണി)

പെണ്ണമ്മ: ഇനി കടംമേടിക്കാനെങ്ങുമില്ല. നിങ്ങളിങ്ങനെ ചുമ്മാഇരുന്നാൽ ഇവിടുത്തെ കാര്യങ്ങളും എങ്ങനെ നടക്കും?

പൗലോ: പണിയൊന്നുമില്ലാതെ ഞാൻ എന്തുചെയ്യാനാ—

പെണ്ണ: നിങ്ങൾക്കുമാത്രം ജോലിയില്ല. വീട്ടീന്നെറങ്ങി അന്നഴിക്കണം. അഞ്ഞൂറുരൂപാ കടംമേടിച്ചിട്ട് വർഷം അഞ്ചുകഴിഞ്ഞു. കടക്കാർ ഇവിടുന്നെറക്കിവിടാതിരുന്നതുമതിയായിരുന്നു.

പൗലോ: മേസ്തിരിമൊതലാളി ഇന്നലെ വന്നിരുന്നു. ഒരു മാസത്തിനകം എടപാട് തീർത്തില്ലെങ്കിൽ നടപടി എടുക്കുമെന്നാ അറിയിച്ചിരിക്കുന്നതു്.

പെണ്ണ: എന്നിട്ടും അനങ്ങാതിരിക്കുകയാണോ? എന്റെ പൊന്നുംകൊടുത്തു തമ്പുരാനെ എന്തൊക്കെയായീ ചെയ്യുന്നതു്. (മുറമെടുത്തെറിയുന്നു)

പൗലോ; ഞാനെന്തു ചെയ്യണം-നീ പറ.

പെണ്ണ:കുനിഞ്ഞിരിക്കണം. വസ്തു ജെപ്തിചെയ്യ ആമ്പിള്ളേരു കൊണ്ടുപോകാൻ പോവാ....ആരെയെങ്കിലും കണ്ട് ഏട്ടുപ്പാടുതീർക്കാനൊള്ളതിനു് അനങ്ങാതിരിക്കുവാ....എന്റെ ദൈവം തമ്പുരാനെ ഞാനെന്തൊരു പതമാ ചെയ്യുന്നതു്-(തലയ്ക്കു കൈകൊടുത്തിരിക്കുന്നു)

പൗലോ: നീയൊന്നടങ്ങിയൊതുങ്ങിയിരി. ഞാൻ ആരെയെങ്കിലും കണ്ട് ഏട്ടുപ്പാടുതീർത്തുകൊള്ളാം.

ന്റെ പ്രവർത്തികം മൂലം വേദനിതിന്നുകയും ചെയ്ത ബാബുവിന്റെ മുഖത്തു് ചൂടുള്ള ഒരു ചുംബനം അപ്പിച്ചുകൊണ്ട് ആ അമ്മ പറഞ്ഞു മകനെ—— എനി——ക്ക്——മാപ്പ്—— ആ വാചകം പൂർത്തിയാക്കുവാൻ അവർക്ക് സാധിച്ചില്ല.

പൗലോ: നിന്റെ അഹങ്കാരമാ ഈ നാശത്തിനൊക്കെ കാരണം. പെണ്ണുങ്ങളായാൽ കുറെയൊക്കെ അടങ്ങിയൊതുങ്ങി ജീവിക്കണം.

പെണ്ണ: നമ്മടെ സാമർത്ഥ്യംകൊണ്ടോ കാര്യങ്ങളൊക്കെ നടക്കുന്നതു്....ഒന്നു വെറുതെയിരി. എന്നെക്കൊണ്ടധികമൊന്നും പറയിക്കാതിരിക്കുന്നതാ നല്ലതു്.

പൗലോ: എടീ അഹങ്കാരീ....നിന്റെ തനേരടം എന്നവസാനിക്കുമോ അന്നവസാനിക്കും ഇവിടുത്തെ കഷ്ടപ്പാടുകളും.

പെണ്ണ: ഞാനൊന്നും പറയുന്നില്ല. നിങ്ങടിഷ്ടംപോലായിക്കോ. കെടപ്പാടം ജെപ്തിചെയ്യ കടക്കാരു കൊണ്ടുപോകുമ്പോൾ പോവാ....എന്റെ ദൈവം തമ്പുരാനെ എന്തൊരു പതമാ ചെയ്യുന്നതു്.

(അല്പം കഴിഞ്ഞു് മുറവും അരിപ്പാത്രവും എടുത്തുകൊണ്ടു പോകുന്നു. മത്തായിക്കുട്ടി പ്രവേശിക്കുന്നു. ഡെർമുണ്ട്..ജിബ്ബാ...ഷാൾ...പ്രായം 30വയസ്സ്...പൗലോച്ചേട്ടൻ എണീറ്റു ആഗതനെ സ്വീകരിച്ചിരുത്തുന്നു.)

മത്തായി: ഇരിക്കു പൗലോച്ചേട്ടാ. (പൗലോച്ചേട്ടൻ ഇരിക്കുന്നു) പൗലോച്ചേട്ടൻ രണ്ടുപ്രാവശ്യം വീട്ടിൽവന്നിരുന്നെന്നറിഞ്ഞു, ഞാൻ ആലപ്പുഴക്കു പോയിരുന്നു. എന്താണാ വിശേഷം?

പൗലോ: നമ്മുടെ മേസ്തിരിമുതലാളിയോടു് അഞ്ഞൂറുരൂപാ കടം വാങ്ങിയിട്ട് അഞ്ചുവർഷം കഴിഞ്ഞു. ഒരു മാസത്തിനകം ഏട്ടുപ്പാട് തീർത്തില്ലെങ്കിൽ അന്യായം കൊടുക്കുമെന്നറിയിച്ചിരിക്കുന്നു. കടംവീട്ടാൻ എന്നെക്കൊണ്ടിപ്പോഴും യാതൊരു നിവൃത്തിയുമില്ല. ഒരു വർഷത്തേയ്ക്കുകൂടി അവധിവാങ്ങിത്തരണം.

മത്താ: ഒരു വർഷത്തേക്കുകൂടി ക്ഷമിക്കാൻ പറഞ്ഞുനോക്കാം. കഴിവുള്ളിടത്തോളം കേസ്സിൽനിന്നും വഴക്കിൽനിന്നും ഒഴിഞ്ഞുമാറണം. പുള്ളിയെ സംബന്ധിച്ചിടത്തോളം നല്ലവാക്കു കൊണ്ടൊന്നും കാര്യം നടക്കുമെന്നു തോന്നുന്നില്ല. സമ്മതിക്കുന്നില്ലെങ്കിൽ അന്യായം കൊടുത്തുകൊള്ളട്ടെ. ഇപ്പോഴത്തെ നിയമമനുസരിച്ച് തുക തവണയ്ക്കു കെട്ടിവച്ചാൽ മതി.

പൗലോ: ഏ നിക്കൊന്നും അറിഞ്ഞുകൂടാ. മത്തായിക്കുട്ടി പറേന്നതുപോലെ. കള്ളസാക്ഷിയും കള്ളരേഖയുമൊന്നും നമുക്കുവേണ്ട. അഞ്ഞൂറുരൂപയും അതിന്റെ പലിശയും ഇന്നല്ലെങ്കിൽ നാളെ കൊടുത്തേ പറ്റൂ.

മത്താ: കോടതിയിൽകയറിയാൽ എത്ര സത്യസന്ധനാണെങ്കിലും കള്ളം പറഞ്ഞുപോകും. വക്കീലിനെ തൃപ്തിപ്പെടുത്തിയില്ലെങ്കിൽ കറങ്ങിയതുതന്നെ. നടന്നുനടന്നു കഷ്ടപ്പെട്ടും. അതുകൊണ്ടാണു ഞാൻ പറഞ്ഞതു് കഴിവുള്ളിടത്തോളം കേസ്സിൽ നിന്നും വഴക്കിൽനിന്നും ഒഴിഞ്ഞുമാറണമെന്നു്. ഞാൻ ഇന്നുതന്നെ മേസ്തിരി മുതലാളിയെക്കണ്ടൊന്നു സംസാരിക്കാം.

പൗലോ: ഞാൻ മറ്റൊരഭിപ്രായം പറഞ്ഞോട്ടെ. ആരോടെങ്കിലും വസ്തു ഈടിന്മേൽ പണം വാങ്ങി മേസ്തിരിയുമായുള്ള ഏട്ടുപ്പാട് തീർക്കുന്നതല്ലേ നല്ലതു്.

മത്താ: പണം കിട്ടാനുള്ള സൗകര്യമുണ്ടെങ്കിൽ അതും നല്ല അഭിപ്രായമാണു്.

പൗലോ: മത്തായിക്കുട്ടി ഞാൻ മാളികപ്പുറത്തു കുഞ്ഞിനെ കണ്ടു സംസാരിച്ചു. മകൾക്കു കല്യാണം ഉറച്ചില്ലെങ്കിൽ പണംതരാമെന്നു സമ്മതിച്ചിട്ടുണ്ടു്. മറാരെങ്കിലും ഒന്നുകൂടി പറയുന്നതു നന്നായിരിക്കും.

മത്താ: പൗലോച്ചേട്ടനുവേണ്ടി ഞാൻ കുഞ്ഞിനെ കണ്ടു സംസാരിക്കാം.

പൗലോ: മത്തായിക്കുട്ടി പറഞ്ഞാൽ സാധിക്കും.

മത്താ: പൗലോച്ചേട്ടാ, എനിക്കു നാലഞ്ചുഫലം അമൃതകുട്ടിയാൽ കൊള്ളാമായിരുന്നു. ഇവിടെയെങ്ങാനും ഉണ്ടോ?

പൗലോ: മത്തായിക്കുട്ടി ഇവിടെയിരിക്കു് നമ്മുടെ പൂവരശേൽ ആവശ്യംപോലെ കേറിക്കൊട്ടപ്പുണ്ടു്. ഞാനിപ്പം

കൊണ്ടെത്തരാം.

(പൗലോച്ചേട്ടൻ പോകുന്നു. പെണ്ണമ്മ പ്രവേശിക്കുന്നു.)

പെണ്ണ: മത്തായിക്കുട്ടി എപ്പം വന്നു?

മത്താ: വന്നതേയുള്ളൂ. എന്തൊക്കെയാണു വിശേഷങ്ങൾ.

പെണ്ണ: അറിഞ്ഞുകാണുമല്ലോ, വസ്സുവിന്റെ ഏടുപ്പാടുകാര്യങ്ങൾ.

മത്താ: പൗലോച്ചേട്ടൻ പറഞ്ഞറിഞ്ഞു.

പെണ്ണ: ഓ!.... പൗലോച്ചേട്ടൻ.... അതിയാനൊറ്റയൊരുത്തന്റെ കഴിവുകേടാ ഈ നാശത്തിനൊക്കെ കാരണം.

മത്താ: ശവത്തെക്കുത്തി പഴിപറയരുതു്. അയാളെന്തുചെയ്യു?

പെണ്ണ: എന്നിട്ടേ, നമുക്കു് ഈ വസ്സുവിന്റെ കാര്യം എങ്ങനാ—

മത്താ: അക്കാര്യത്തെ സംബന്ധിച്ചു് ഒരു നിഗമനത്തിൽ എത്തിച്ചേർന്നു.

പെണ്ണ: ഞങ്ങളുടെ മനുഷ്യൻ പറയുന്നതുകേട്ടു പ്രവർത്തിച്ചാൽ നാശമാരിക്കും ഫലം.

മത്താ: പൗലോച്ചേട്ടൻ അത്ര മോശമനാണെന്നു് എനിക്കു തോന്നുന്നില്ല.

പെണ്ണ: നാളെ ഞാൻ മേസ്തിരിമുതലാളിയെ ഒന്നു കാണാനിരിക്കുകയാ—

മത്താ: വിരോധം തോന്നരുതു്. കാര്യങ്ങൾ അന്വേഷിക്കാൻ പൗലോച്ചേട്ടനുണ്ടു്. അയാളെ തീരെ അവഗണിച്ചു സംസാരിക്കുന്നതും പെരുമാറുന്നതും അത്ര നല്ലതല്ല.

പെണ്ണ: അല്ല; മത്തായിക്കുട്ടീ, ഇക്കാലത്തു് മരമണ്ടന്മാർ പോലും ഇങ്ങനെയൊന്നും കാണിക്കാറില്ല.

മത്താ: നിങ്ങളുടെ ചേട്ടനാവല്ലേ ആ മനുഷ്യൻ. അയാളെ ഇങ്ങനെ പരിഹസിച്ചാലോ?

പെണ്ണ: ആരവഗണിക്കുന്നു. മത്തായിക്കുട്ടിയോടുള്ള സ്നേഹംകൊണ്ടു് പറഞ്ഞുപോയെന്നേയുള്ളൂ.

(അമ്മതുകെട്ടുമായി പൗലോച്ചേട്ടൻ പ്രവേശിക്കുന്നു.)

മത്താ: വളരെ ഉപകാരം (വാങ്ങുന്നു) സമയമുണ്ടെങ്കിൽ വൈകിട്ടു വീട്ടിലേക്കൊന്നു വരണം.

പൗലോ: വരാം.

(മത്തായിക്കുട്ടി പോകുന്നു. പിന്നാലെ പൗലോച്ചേട്ടനും)

കർട്ടൻ.

രംഗം 2.

(മാളിക. മേസ്തിരിമുതലാളി കസാലയിൽ ഇരിക്കുന്നു. പ്രായം 45 വയസ്സു്. മകൻ മാത്യുസു് സമീപത്തുനില്ക്കുന്നു. പ്രായം 22. സമയം പകൽ നാലുമണി.)

മുതലാളി: നീ പറയുന്നതൊന്നും എനിക്കു മനസ്സിലാകുന്നില്ല.

മാത്യുസ്: അപ്പാ, സമത്വസുന്ദരമായ ഒരു സാമൂഹ്യവ്യവസ്ഥിതിയിലേക്കാണു് ഭാരതം നീങ്ങിക്കൊണ്ടിരിക്കുന്നതു്.

മുത: എന്നു പറഞ്ഞാൽ എന്തോന്നാടാ—

മാത്യുസ്: മുള്ള മുരടിച്ച മുതലാളിത്വം അവസാനിപ്പിക്കണം. സാധാരണക്കാരന്റെ ജീവിതനിലവാരം ഉയർത്തണം.

മുത: എടാ എളംപോത്തു് വെട്ടറിയത്തില്ല: എളനാ കടിയറിയത്തില്ല.... നീയൊന്നു വെറുതെയിരിക്കു്.

മാത്യു: പാവപ്പെട്ടവനോടു് കരുണകാണിച്ചില്ലെങ്കിൽ നാളത്തെ തലമുറ പ്രതികാരം ചോദിക്കും.

മുത: നിന്നെ പഠിപ്പിച്ച എന്നെ വേണമല്ലോടാ തൊഴിക്കാൻ—

മാത്യു: ഞങ്ങളുടെ കടക്കാരോടു ഞങ്ങളും ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ പാപങ്ങളും കടങ്ങളും ഞങ്ങളോടു ക്ഷമിക്കണമേ! എന്നല്ലേ നമ്മൾ പ്രാർത്ഥിക്കുന്നതു്. നമ്മുടെ കടക്കാരോടു ക്ഷമിക്കുന്നില്ലെങ്കിലോ?

മുത: ഈ മണ്ടത്തരമൊന്നും മറ്റാരോടും പറയരുതു്.

മാത്യു: അപ്പാ, നമ്മുടെ കടക്കാരോടു നമുക്കു ക്ഷമിക്കണം. എങ്കിലേ നമ്മുടെ പാപങ്ങൾക്കു മോചനം ലഭിക്കൂ.

മുത: നിന്റെ പ്രസംഗമൊന്നും എനിക്കു കേൾക്കേണ്ട—കുഞ്ഞേ! നല്ലപോലെ ബുദ്ധിപ്പെട്ടാ ഞാൻ പണമൊണ്ടാക്കിയതു്. നീ പറേന്നതുപോലെ കണ്ടമാനം കളയാനല്ല.

മാത്യു: എനിക്കൊന്നേ പറയാനൊള്ളൂ. നമ്മുടെ കടക്കാരനോടു നമുക്കു ക്ഷമിക്കണം.

മുത: നീ ക്ഷമിച്ചോണ്ടിരുന്നോ. (മുതലാളി പോകുന്നു)

മാത്യു; അപ്പന്റെ സ്വഭാവം ഇരുപതാം നൂറ്റാണ്ടിനു പറ്റിയതല്ല. അപ്പൻ തന്നെയല്ല; അപ്പനെപ്പോലെ പെരുമാറുന്ന നൂറുനൂറാളുകളുണ്ടു്. കഴിവില്ലാത്തവനോടു കരുണകാണിക്കണം.

(പൗലോച്ചേട്ടനും മത്തായിക്കുട്ടിയും പ്രവേശിക്കുന്നു.)

മാത്യുസ്: ഇരിക്കണം മി: മാത്യു. പൗലോച്ചേട്ടാ ഇരിക്കു്.

(ഇരുവരും ഇരിക്കുന്നു.)

മത്താ: പഠിത്തമൊക്കെ എന്തായി?

മാത്യു: എഴുതിയിട്ടു നില്ക്കുന്നു. കടന്നുപോകുമെന്നു തോന്നുന്നു. പൗലോച്ചേട്ടനെന്താ പണി?

പൗലോ: പണിയൊന്നുമില്ല കുഞ്ഞേ—

മാത്യു: പിന്നെന്താ രണ്ടുപേരും കൂടി?

മത്തായി: ഫാദറിനെ ഒന്നു കാണേണ്ട അത്യാവശ്യം ഉണ്ടായിരുന്നു.

മാത്യു: ഉടനെ പറഞ്ഞയക്കാം.

(മാത്യുസ് പോകുന്നു)

മത്താ: ആള് പുരോഗമനവാദിയാ. സംസാരം കേട്ടാൽ തോന്നും കമ്യൂണിസ്റ്റാന്നു്.

മത്താ: അപ്പോഴും നമുക്കു വേണ്ടി സംസാരിച്ചേക്കുമല്ലോ?

മാത്യു: തീർച്ചയായും.

(മുതലാളി പ്രവേശിച്ചു് കസാലയിൽ ഇരിക്കുന്നു. ഇരുവരും എണീല്ക്കുന്നു)

മുതലാളി: എന്താ മത്തായി.....രണ്ടുപേരും കൂടി....

പൗലോ: മുതലാളിയെ കാണാൻ വന്നതാ—

മുത: ങ്ങ്....എന്താ പറയു.

പൗലോ: (ഞരങ്ങിമുളിക്കൊണ്ടു്) കടം വീട്ടാനൊടനെ പറ്റാതാണിരിക്കുന്നതു്. ഒരു വർഷത്തേയ്ക്കുകൂടി അവധിതരണം.

മുതലാളി: യാതൊരു നിവൃത്തിയു

പ്രത്യേക ശ്രദ്ധയ്ക്കു്

വളരെയേറെ സാമ്പത്തിക വൈഷമ്യങ്ങളെ നേരിട്ടുകൊണ്ടാണു് ബുള്ളറിന് ഓരോ മാസവും പുറത്തിറങ്ങുന്നതു്. പലരും ബുള്ളറിന്റെ വരിസംഖ്യ കൃത്യമായിത്തന്നെ തരുന്നുണ്ടു്. അവരോടു ഞങ്ങൾ കൃതജ്ഞരാണു്. എന്നാൽ ബുള്ളറിന് പുതിയ രീതിയിലുള്ള പ്രസിദ്ധീകരണം ആരംഭിച്ച അന്നുമുതൽ ഇന്നുവരെയുള്ള വരിസംഖ്യ തരാത്തവരുമുണ്ടു്. അങ്ങിനെയുള്ളവർ കുടിശികയുള്ള വരിസംഖ്യ മുഴുവൻ കഴിവതും വേഗം അയച്ചുതന്നു് ബുള്ളറിന്റെ പ്രസിദ്ധീകരണത്തിനു തടസ്സം വരാതിരിക്കുവാൻ സഹായിക്കണമെന്നു് അഭ്യർത്ഥിക്കുന്നു.

എഡിറ്റർ

കർഷകൻ വിജയിക്കും

(എം. എ. ജോസഫ് ബി.എ.ബി.ഇഡി തീക്കോയി)

മാറുവിൻ നേതാക്കളേ മാറുവിൻ തന്ത്രാക്കളേ
മാറുവിൻ നിങ്ങടെ സ്വയം മാറ്റപ്പെട്ടീടും മുമ്പേ
ചരിത്രം തുടങ്ങിയനാൾമുതൽക്കിന്നേവരെ—
ഒരിക്കൽപ്പോലും കണ്ടിട്ടില്ലാത്തൊരുന്മേഷത്താൽ
ഉണർന്നുകഴിഞ്ഞല്ലോകഷ്കലക്ഷങ്ങളെ—
ത്തുരിരാണിവക്കിന്നെന്താത്മവീര്യമാണെന്നോ?
വരുന്നു വരുന്നുഹാ ഞങ്ങളിന്നീനാടിന്റെ
ചരിത്രത്തിലാദ്യമായ് സമരദ്ധ്വനിയുമായ്,
വസ്തുതക്കെതിർനിൽക്കും നേതൃമന്യന്മാരെല്ലാം
സത്വരം തലതാഴ്ത്തി മാറിനിൽക്കുവിൻ ദൂരെ
ജാതിയാൽ മതത്തിനാൽ കഷ്കനെപ്പകുത്തു—
ഭേദോവനകാട്ടാൻ മുതിരും നേതാക്കളെ,
മാറിനിൽക്കുവിൻനിങ്ങടെ ചരിത്രം മാറിപ്പോയ
വേളയിലെന്തേനിന്ന ഗോഷ്ടികൾ കാട്ടീടുന്നു.
യുഗങ്ങൾക്കുമുമ്പിലായ് കൃഷിയന്നാരംഭിച്ച—
യുഗത്തിൽ കൃഷിക്കാരനീമണ്ണിലുണ്ടായ്വന്നു.
വനഭൂമിയന്നുമീരാജ്യത്തിലുണ്ടായിരു—
ന്നൊരുദേവനും സ്വത്തുകയ്യടക്കിയതില്ല.
അവനോടരുതെന്നൊന്നാജ്ഞാപിച്ചതില്ലാരു—
മവനായിരുന്നന്ന സർവ്വാധികാര്യക്കാരൻ,
യുഗങ്ങൾ കഴിഞ്ഞപ്പോൾ ഉടമസ്ഥരുണ്ടായീ
കഷ്കൻ കൃതയെപ്പോലെ പിൻതള്ളപ്പെട്ട.
എത്രയോ സംസ്കാരങ്ങൾ, ഭരണക്രമങ്ങളീ—
മർത്യരെച്ചവിട്ടിക്കൊണ്ടപ്പോം കടന്നുപോയ്,
എന്നിട്ടും ചാകാതെചത്തിന്നമീമലനാട്ടിൽ
മണ്ണു പൊന്നാക്കുന്നവർ, കഷ്കർ ജീവിക്കുന്നു.
അവരെ ക്രൂശിക്കുന്ന നിയമം മാറ്റിക്കിട്ടാ—
നവരെ വലിച്ചീമ്പും ചൂഷണം നിറുത്തുവാൻ,
ഹിന്ദുവും മുസൽമാനും ക്രിസ്ത്യനുമെല്ലാവരും
ഒന്നുതന്നെയിന്നൊറ്റകഷ്കസമുദായം,
ആരൊക്കെപ്പറഞ്ഞാലുമെന്തൊക്കെപ്പറഞ്ഞാലും
കേരളനാട്ടിൽ കൃഷിക്കാരനൊന്നായ് മുന്നേറും.
മണ്ണിനായ് വിശക്കുന്ന മനുഷ്യർ വരുന്നിതാ
മന്നാധിമന്നന്മാരെ മാറിനിൽക്കുവിൻ നിങ്ങടെ,
കൈവിലങ്ങുകൾ, ചാട്ടവാറുകൾ, പീരങ്കികൾ
സർവ്വം ത്യജിച്ചിട്ട മാറിക്കൊള്ളുവിൻ വേഗം
കൃഷിഭൂമികഷ്കന്നടിമപ്പെട്ടീടുന്ന
ഉഷസ്സാഗമിക്കാതെ കഷ്കനടങ്ങില്ലാ
മുങ്ങുകും മുളീടട്ടേ രാത്രിയാണല്ലോ നാളെ—
പ്പൊന്നുഷണഞ്ഞീടും കഷ്കൻ വിജയിക്കും.

മില്ല. ഒരു മാസത്തിനുള്ളിൽ ഏഴ്പ്പാട്ടതീർത്തില്ലെങ്കിൽ അന്യായം കൊടുക്കും.

മത്താ: കുറെ ദാക്ഷിണ്യം കാണിച്ചേ പറ്റൂ. പൗലോച്ചേട്ടൻ അല്പം പരുങ്ങലിലാ. പെണ്ണൊന്നു വളർന്നുനില്ക്കുന്നു.

മുത: അതൊക്കെ ശരിയാ. ഏഴ്പ്പാട്ട തീർത്തേ പറ്റൂ.

പൗലോ: മുതലാളി എന്നെ വിശ്വസിപ്പിക്കരുതു്.

മുത: ഞാൻ പറഞ്ഞാൽ പറഞ്ഞതാ—

മത്താ: ഒരു വർഷത്തേയ്ക്കുകൂടി അവധിതരണമെന്നു് അപേക്ഷിക്കുന്നു.

മുത: യാതൊരു നിർവ്വാഹവുമില്ല.

മാത്യു: എങ്കിൽ അന്യായം കൊടുത്തുകൊള്ളുക. കേസ്സിൽനിന്നു ഒഴിഞ്ഞുമാറുന്നതു രണ്ടുകൂട്ടർക്കും നന്നു്.

മുത: നടപടി നടത്താതിരിക്കാൻ ഗത്യന്തരമില്ല.

മത്താ: നിർബന്ധമാണെങ്കിൽ ആയിക്കോ—തവണയ്ക്കു കെട്ടിവച്ചു് ഏഴ്പ്പാട്ട തീർത്തോളാം.

പൗലോ: എനിക്കൊരാഗ്രഹമുള്ളതു് കേസ്സിനും വഴക്കിനുമൊന്നും പോകരുതെന്നുള്ളതാ—

മുത: അതുതന്നെയാ വേണ്ടതു്.

(അണിയറയിൽ പപ്പാ, പപ്പാ എന്നു വിളിക്കുന്നു. മുതലാളി പോകുന്നു—മാത്യുസ് പ്രവേശിക്കുന്നു)

മാത്യു: എനിക്കു കാര്യങ്ങളെല്ലാം മനസ്സിലായി (ഇരിക്കുന്നു) എത്ര രൂപാ പറുണ്ടു്?

പൗലോ: അഞ്ഞൂറു്

മാത്യു: എത്ര വർഷമായി?

പൗലോ: അഞ്ചുവർഷം

മാത്യു: പലിശ തീർത്തുകൊടുക്കുന്നുണ്ടോ?

പൗലോ: ഉണ്ടു്.

മാത്യു: അപ്പനിപ്പോഴും എന്തു പറയുന്നു?

മത്താ: ഒരു മാസത്തിനുള്ളിൽ ഏഴ്പ്പാട്തീർത്തുകൊള്ളണമെന്നാ— അല്ലെങ്കിൽ അന്യായംകൊടുക്കുമെന്നു് തീർത്തുപറഞ്ഞു.

മാത്യു: നിങ്ങൾ എന്നെ കണ്ടിട്ടേ, പോകാവു. അപ്പനോടു ഞാനൊന്നു സംസാരിച്ചുനോക്കട്ടെ.

(മാത്യുസ് പോകുന്നു)

മത്ത: മാത്യുസ് കാര്യമായി പറയും.

പൗലോ: മുതലാളി സമ്മതിക്കുമെന്നു തോന്നുന്നില്ല. അല്ല, അന്യായംകൊടുത്തുകൊള്ളട്ടെ. കെട്ടിവയ്ക്കാൻ വിധിക്കും. ഒരു വിഷമം മാത്രം; ആവശ്യത്തിനു സഹായിച്ചവരോടെങ്ങനാ വാദിക്കാൻ പോകുന്നതെന്നു്.

മത്താ: വിട്ടുവീഴ്ചയ്ക്കു് തയ്യാറില്ലെങ്കിൽ പിന്നെന്തുചെയ്യാനാ—

(മുതലാളി പ്രവേശിക്കുന്നു. മാത്യുസ് എണീല്ക്കുന്നു. മത്തായിക്കുട്ടി പൗലോച്ചേട്ടനെ വിളിച്ചുകൊണ്ടിറങ്ങുന്നു)

മത്താ: ഞങ്ങൾ പോകയല്ല.

മാത്യു: അപ്പാ, അല്പം വിട്ടുവീഴ്ച കാണിക്കണമെന്നാ എനിക്കു പറയാനുള്ളതു്.

മുത: എന്തോന്നാ നീ പറയുന്നതു്....വ്യക്തമാക്കു്.

മാത്യു: പൗലോച്ചേട്ടൻ വളരെ വിഷമിക്കുന്നുണ്ടു്. അയാളോടു് അല്പം ദയകാണിക്കണം. പ്രായമായിനില്ക്കുന്ന മകളെയോർത്തു് അയാൾ കണ്ണുനീരു കുടിക്കുകയാണു്. അഞ്ചുവർഷമായി നമ്മൾ ആപുരയിടത്തിൽനിന്നു് ആദായമെടുക്കാൻ തുടങ്ങീട്ടു്. ഒരു പണപലിശ ഇനത്തിൽ 300 രൂപാ ഈടാക്കി. അരപ്പണത്തിൽ കൂടിയ പലിശ ന്യായമല്ല. അതുകൊണ്ടു് മുതലിൽനിന്നു് 150 രൂപാ കുറച്ചു് 350 രൂപയ്ക്കു് ഏഴ്പ്പാട്ട തീർക്കാമെന്നു സമ്മതിക്കുന്നതു് നന്നായിരിക്കും.

മുതലാ: ദൈവംതമ്പുരാനേ——(ദീർഘശ്വാസം വിടുന്നു)

മാത്യു: അപ്പാ, പൗലോച്ചേട്ടനോടു മാത്രം പോരാ. പാവപ്പെട്ടവരോടൊക്കെയും ഈ നയംതന്നെ അനുവർത്തിക്കണം. പൗലോച്ചേട്ടന്റെ കൈയ്യിൽ മുഴുവൻ തുകയില്ലെങ്കിലും ഉള്ളതു വാങ്ങിക്കണം. അയാളുടെപേരിൽ അന്യായംകൊടുക്കരുതു്.

മുതലാ: മേലിൽ ഇങ്ങനെയൊന്നും സംസംരിക്കരുതു്. നിന്റെ അഭിപ്രായത്തെ ആദരിച്ചു് പൗലോച്ചേട്ടനോടു് അല്പം ദാക്ഷിണ്യം കാണിക്കാം.

(മാത്യൂസ് പോകുന്നു. മുതലാളി എന്തോ എഴുതുന്നു. അല്പം കഴിഞ്ഞു് പൗലോച്ചേട്ടനും മത്തായിക്കുട്ടിയും പ്രവേശിക്കുന്നു)

പൗലോച്ചേട്ടാ, ഇയാളും ഒരു പാവപ്പെട്ടവനായതുകൊണ്ടു് അല്പസ്വല്പ ആനുകൂല്യങ്ങളൊക്കെ ചെയ്യുതരാം.

പൗലോ: മുതലാളി എന്നെ തക്ക സമയത്തു സഹായിച്ചതു് ഞാനൊരിക്കലും മറക്കത്തില്ല. മുതലാളിക്കെതിരായി കോടതി കേറാനിടവരുതേയെന്നു ഞാൻ പ്രാർത്ഥിക്കയായിരുന്നു.

മുത: മത്തായിക്കുട്ടീ, ഒരു മാസത്തിനകം മുന്നൂററിഅൻപതു രൂപാതന്നേക്കാമെങ്കിൽ ഏറ്റപ്പാട് തീത്തേക്കാം, തൽക്കാലത്തേക്കു നടപടികളൊന്നും എടുക്കുന്നില്ല.

മത്താ: ഒരു മാസത്തിനുള്ളിൽ തുകതരാൻ ശ്രമിക്കാം.

മുത: മത്തായിക്കുട്ടിയെക്കൂടി മാനിക്കേണ്ടതു ഞങ്ങളുടെ ധർമ്മമാണു്. അതുകൊണ്ടു് നമുക്കിതു മാന്യമായി തീർക്കണം.

മത്താ: തീർച്ചയായും. കേസ്സും വഴക്കുമൊന്നും എനിക്കത്ര ഇഷ്ടമല്ല വാദിയും പ്രതിയും തമ്മിൽ സംസാരിച്ചു കഴിയുമ്പോഴേതന്നെ വാശിയും വൈരാഗ്യവും കുറെയൊക്കെ കുറയും.

പൗലോ: എന്നാ ഞങ്ങളിറങ്ങുന്നു. ഒരു മാസത്തിനകം കഴിവതും ഏറ്റപ്പാട് തീർക്കാൻ ശ്രമിക്കാം....

(ഇരുവരും പോകുന്നു)

രംഗം. 3

(മുൻ സീനറി. മുതലാളി കണക്കുകൂട്ടുകയും ഇടയ്ക്കിടെ എഴുതുകയും ചെയ്യുന്നു. മത്തായിക്കുട്ടി പ്രവേശിക്കുന്നു)

മുത: ഇരിക്കണം മത്തായിക്കുട്ടി.

(മത്തായി ഇരിക്കുന്നു)

മത്തായി: ഇവിടെ കാണുമെന്നു പ്രതീക്ഷിച്ചിരുന്നില്ല.

മുത: പൗലോച്ചേട്ടന്റെ ഭാര്യ അഹങ്കാരിയാണെന്നാണല്ലോ പറഞ്ഞതു്. അതിൽ വല്ല പരമാർത്ഥവുമുണ്ടോ?

മത്താ: ഏറെക്കുറെ അതു പരമാർത്ഥമാ. പൗലോച്ചേട്ടൻ തീരെ കഴിവില്ലാത്തവനാണെന്നാണു പുള്ളിക്കാരത്തിയുടെ വെയ്പു്. ഏതായാലും സംസാരത്തിൽ തികഞ്ഞ അവഗണനയാണുകാണിക്കാറുള്ളതു്. നമ്മുടെ തീരുമാനങ്ങളൊന്നും ആ സ്ത്രീയെ അറിയിച്ചിട്ടില്ല. (അല്പം കഴിഞ്ഞു്) ഒരു കാര്യത്തെ സംബന്ധിച്ചു സംസാരിക്കാനാ ഞാനിഞ്ഞോട്ടിറങ്ങിയതു്.

മുത: എന്താ കേൾക്കട്ടെ—

മത്താ: നമ്മുടെ പുരയിടത്തിൽ പാക്കുന്ന ചാക്കോയെ തെറ്റിദ്ധരിക്കരുതു്. അവനെ അവിടെ നിന്നു് ഓടിച്ചാൽകൊള്ളാമെന്നു് പലർക്കും ആഗ്രഹമുണ്ടു്.

മുത: അവൻ അത്ര നല്ലവനല്ല. ആ പുരയിടത്തിൽനിന്നു് നാളികേരം മോഷണംപോകുന്നതുപോലെ മറെറങ്ങും അനുവേപ്പെട്ടന്നില്ല.

മത്താ: സത്യത്തിൽ ചാക്കോ കുറക്കാരനല്ല.

(മാത്യൂസ് പ്രവേശിക്കുന്നു)

മാത്യൂസ്: അത്താഴത്തിനു നിവൃത്തിയില്ലാത്തവൻ രണ്ടുപെടല പിരിച്ചുപോയാൽ അതു ക്ഷമിക്കത്തക്കതേയുള്ളു.

മുത: എന്റെ മത്തായിക്കുട്ടീ, ഇവനിവിടം മുടിച്ചുതേച്ചുകഴുകും.

മത്താ: ഇന്നത്തെ ചെറുപ്പക്കാരെല്ലാം ഒരു പുതിയ സാമൂഹ്യവ്യവസ്ഥിതിക്കുവേണ്ടി പണിയെടുക്കുന്നവരാണു്.

മുത: ഓഹോ!....കൊള്ളാം.

മാത്യൂസ്: യഥാർത്ഥ സോഷ്യലിസം അതാണെന്റെ തത്വം.

മത്താ: യഥാർത്ഥ ഇൻഡ്യൻ പൗരൻ അഭിലഷിക്കേണ്ടതും അതുതന്നെ.

മാത്യൂ: മത്തായിക്കുട്ടീ, വന്നേ. ഒരു സംഗതിയെപ്പറ്റി ചോദിക്കാനാണു്.

(ഇരുവരും പോകുന്നു. മുതലാളി പിന്നെയും എഴുതുന്നു. അല്പം കഴിഞ്ഞു് ബുക്കു മടക്കിവച്ചശേഷം പോകുന്നു. ഒരു വശത്തുകൂടി പെണ്ണമ്മ പ്രവേശിക്കുന്നു. ചുറ്റുപാടും നോക്കിയിട്ടു ആരെയും കാണായ്കയാൽ കതകിൽ ശബ്ദിക്കുന്നു.)

പെണ്ണ: മേസ്തിരിമുതലാളീ....മേസ്തിരിമുതലാളീ....

(വീണ്ടും ഒന്നുകൂടി ശക്തിയോടെ കതകിൽ കൊട്ടുകയും ഉച്ചത്തിൽ വിളിക്കുകയും ചെയ്യുന്നു. ക്ഷുഭിതനായി മുതലാളി പ്രവേശിക്കുന്നു.)

മുതലാ: എന്താ! എന്തുവേണം?

പെണ്ണ: മുതലാളിയെ ഒന്നു കാണാൻ വന്നതാ—

മുതലാ: അതെനിക്കു മനസ്സിലായി. കണ്ടോണ്ടുനില്ക്കാൻ നേരമില്ല. കാര്യം പറയരുതോ?

പെണ്ണ: അവിടെയിരിക്കു് (അല്പം കഴിഞ്ഞു്) അവിടെ ഇരിക്കു്.

മുതലാ: എന്നെ ഇരുത്താനാണോ വന്നതു്.

പെണ്ണ: ഇരുന്നു സംസാരിച്ചാൽ അതിനുമൊരു സുഹമൊണ്ടു്.

മുതലാ: സുഹിക്കാൻ സമയമില്ല.

പെണ്ണ: ഞാനിഞ്ഞോട്ടിറങ്ങിയതു വസ്തുവിന്റെ ഏർപ്പാട് സംബന്ധിച്ചു സംസാരിക്കാനാ.... ഞങ്ങടെ മനുഷ്യനു ഒരു ബോധവുമില്ല.

മുതലാ: നിങ്ങടെ മനുഷ്യനു—

പെണ്ണ: ഒരു ബോധവുമില്ല മൊതലാളീ,

മുതലാ: നിങ്ങടെ ആള് മോശക്കാരിയല്ലല്ലോ.—

പെണ്ണ: അല്ലമൊതലാളി; എങ്ങനെ പറയാതിരിക്കും. അതിയാൻ കാണിയ്ക്കുന്ന മണ്ടത്തരം കാണുമ്പം എനിക്കെന്റെ ദേഹം വെറയ്ക്കും. മനുഷ്യനായാൽ ഒരു ബോധംവേണ്ടേ— എനിക്കു തോന്നുന്നതു് അതിയാന്റെ തലേൽ ചെളിയാന്നാ—

മുതലാളി: (ക്ഷുഭിതനായി) നിങ്ങളുടെ ഭർത്താവല്ലേ, ആ മനുഷ്യൻ. ഇത്തരത്തിൽ അവഹേളിക്കുന്നതു് നന്നല്ല.

പെണ്ണ: ഞാൻ പറയാറുണ്ടു്. അടങ്ങിയൊതുങ്ങി ഒരു മൂലേൽ ഇരുന്നോളാൻ.,,. പറഞ്ഞാൽ കേക്കത്തില്ല മൊതലാളി. മൊതലാളി അവിടെയിരിക്കു്... (ചിരിച്ചുകൊണ്ടു്) നമുക്കു അല്പം സംസാരിക്കാനൊണ്ടു്.

ആയുർവ്വേദ ഔഷധങ്ങൾക്കും ചികിത്സയ്ക്കും

വയസ്കര ആര്യവിലാസം ഔഷധശാല

ഹെഡ്ഡാഫീസ്: എം. സി. റോഡ്, കോട്ടയം—1. കേരളാ സ്റ്റോറ്.

Telegram: VAYASKARA, Kottayam. (1921—ൽ സ്ഥാപിതം) Phones: office. 2339. Resi: 2541.

Consulting Physician:—VAYASKARA MOOSS.

ബ്രാഞ്ചുകൾ: 1. തിരുവനന്തപുരം (Phone. 2621), 2. തിരുവല്ലാ (Phone. 82), 3. ആലപ്പുഴ, 4. മാവേലിക്കര. 5. പൊൻകുന്നം, 6. മൂവാറ്റുപുഴ, ഏജൻസികൾ:—1. അതിരമ്പുഴ, 2. പാലാ, 3: പറവൂർ (കൊല്ലം).

Stockists:—1. M/s. Bhagawati Stores, 18,Lake Road, (Corner of Lake Road and Lake place) Calcutta-29.
2. M/s. Chembur Malayalee Samajam. 23 Tilak Nagar, Bombay-71.
3. M/s. Kerala Samajam, Bolarum. Secunderabad (D. N.)

മുതലാ: ങ്ങ്... ഇറങ്ങടീ.... പുറത്തിറങ്ങാനാ പറഞ്ഞതു്. ഭർത്താവിനെ ചെൽപ്പടിയിൽ നിറുത്തി കുരങ്ങാട്ടിക്കുന്ന ധിക്കാരി. നിന്നെയെനിക്കു കാണേണ്ട... എടീ പടിക്കുപുറത്തെറങ്ങാനാ പറഞ്ഞതു്. ഛീ ഇറങ്ങടി... ഇറങ്ങാനാ പറഞ്ഞതു്.

(പെണ്ണമ്മ രണ്ടടി പുറകോട്ടുനീങ്ങുന്നു.)

പോരാ... എന്റെ മാളികയിൽനിന്നു പുറത്തിറങ്ങു്. ധിക്കാരി.... അഹങ്കാരി.... എത്ര മാന്യനാണെങ്കിലും നിന്റെ ഭർത്താവല്ലേ, അയാം....

പെണ്ണ്: ഞാനൊന്നു പറഞ്ഞോട്ടെ.

മുതലാ: എന്റെ മുറിയിൽനിന്നു പുറത്തിറങ്ങാനാ പറഞ്ഞതു്. അതു കഴിഞ്ഞു സംസാരിക്കാം.

(പെണ്ണമ്മ മുറിക്കു പുറത്തിറങ്ങുന്നു)

മുതലാ: ഇനി മര്യാദയ്ക്കു സംസാരിക്കാം.

പെണ്ണ്: വസ്തുവിന്റെ കാര്യത്തെ സംബന്ധിച്ചു സംസാരിക്കാനാ ഞാനിങ്ങോട്ടു വന്നതു്. അതിയാൻ വല്ല മണ്ടത്തരോം പറയുമെന്നുവെച്ചാ ഞാൻതന്നെ വന്നതു്.

മുതലാ: (ഹാസ്യമായി) കുഞ്ഞു പോയി വീട്ടിലെ ജോലിനോക്കു്. കാര്യങ്ങടം പറയാൻ ഭർത്താവുണ്ടു്. ഭർത്താവിനെ മാനിക്കേണ്ടതു ഭാര്യയുടെ ധർമ്മമാണു്... ങ്ങ്.. വേഗംപോ... നിന്നോടു സംസാരിക്കാൻ ഞാനാളല്ല.

(മുതലാളി പോകുന്നു. ഒരു വശത്തുകൂടി മത്തായിക്കുട്ടി പ്രവേശിച്ചു പെണ്ണമ്മയെനോക്കി മുക്കത്തു കൈവച്ചുകൊണ്ടു നില്ക്കുന്നു)

മത്താ: എന്താ! ആവശ്യത്തിനു കിട്ടിയോ?

പെണ്ണ്: എന്തോന്നാടാ നീ എന്നെ മിഴിച്ചുകാണിക്കുന്നതു്.

മത്താ: ഒരു ചികിത്സയെയുള്ളു, കല്യാണഘ്ടനം സേവിക്കണം. നെല്ലിക്കാത്തളവും.... അല്ലെങ്കിൽ ബാക്കിക്കുടെ കിട്ടും.

പെണ്ണ്: മനുഷ്യനെ കളിയാക്കുന്ന ഒരു നേതാവു നടക്കുന്നു, നീയൊറ്റയൊരുത്തനാ എന്നെ ഇതെല്ലാം കേൾപ്പിക്കാൻ കാരണക്കാരൻ.

മത്താ: കടന്നോ.. മൊതലാളി കോപക്കാരനാ.... വേഗം കടന്നോ...

പെണ്ണ്: എന്നെ വിഴുങ്ങിക്കളയും.

(മുതലാളി പ്രവേശിക്കുന്നു)

ഇതുവരെ പോയില്ലേ? വേഗം ഇറങ്ങിയില്ലെങ്കിൽ പോലീസിനെകൊണ്ടു വരും... ശപിക്കപ്പെട്ടവർ....

(മത്തായിക്കുട്ടിയെ പിടിച്ചു അകത്താക്കിയശേഷം മുതലാളി വാതൽ അടയ്ക്കുന്നു)

കർട്ടൻ

രംഗം—4

(മാളികപുറത്തു അപ്പച്ചന്റെ വസതി. അപ്പച്ചൻ ചുരുട്ടുവലിച്ചുകൊണ്ടു് കസാലയിൽ ഇരിക്കുന്നു. പ്രായം 40 വയസ്സു്. പൗലോച്ചേട്ടനും മത്തായിക്കുട്ടിയും പ്രവേശിക്കുന്നു. അപ്പച്ചൻ എണീറ്റു ഇരുവരെയും സ്വീകരിച്ചിരുത്തുന്നു. സമയം—സായാഹ്നം)

അപ്പച്ചൻ: മത്തായിക്കുട്ടി, രാഷ്ട്രീയം എങ്ങനെയൊക്കെയിരിക്കുന്നു?

മത്തായി: പത്രത്തിലൂടെ അറിയുന്നതിൽ കൂടുതലൊന്നുമില്ല.

അപ്പ: പൗലോച്ചേട്ടാ എന്തൊക്കെയാണു വിശേഷങ്ങടം?

പൗലോ: പണ്ടു പറഞ്ഞിരുന്ന കാര്യത്തിനു വന്നതാ——

അപ്പ: മത്തായിക്കുട്ടീ, പൗലോച്ചേട്ടൻ വസ്തു ഈടിന്മേൽ 500 രൂപാ ചോദിച്ചിട്ടുണ്ടു്. കാലത്തിന്റെ പോക്കു കണ്ടിട്ടു് കൊടുക്കാൻ എനിക്കൊരു മടി.

മത്താ: കാലം എങ്ങനെപോയാലും പൗലോച്ചേട്ടനെ സംബന്ധിച്ചിടത്തോളം ഒന്നും ഭയപ്പെടാനില്ല. മേസ്തിരി മുതലാളി അന്യായംകൊടുക്കാൻപോകുന്നെന്നു കേട്ടപ്പോം കോടതി കയറാൻ ഇടയാകരുതെന്നാ പൗലോച്ചേട്ടൻ പ്രാർത്ഥിച്ചതു്.

പൗലോ: മറ്റൊരുത്തന്റെ കാര്യം എനിക്കു വേണമെന്നില്ല. ജീവിക്കുന്നിടത്തോളം കാലം സത്യസന്ധതയോടുകൂടി കഴിഞ്ഞുകൂടണം.

അപ്പ: അങ്ങനെതന്നെ വേണം. അപ്പോഴേ പൗലോച്ചേട്ടാ, പെണ്ണിന്റെ കല്യാണം മകരമാദ്യം നടക്കത്തക്കവണ്ണം ഏറെക്കുറെ പറഞ്ഞുവച്ചിരിയ്ക്കുകയാ. ഇനി ആറു മാസമേയുള്ള. വേണ്ടിവന്നാൽ അതിനുള്ളിൽ തരണം.

പൗലോ; എന്നെ പ്രതീക്ഷിച്ചു കഴിഞ്ഞു കൂടരുതു്. കഴിവതും ശ്രമിക്കാം.

അപ്പ: പലരിൽനിന്നു കിട്ടാനുണ്ടു്. കിട്ടാതെ വന്നെങ്കിൽ മതി.

മത്താ: കഴപ്പമൊന്നും വരത്തില്ല. പൗലോച്ചേട്ടൻ അങ്ങനെയെ പറയൂ.

അപ്പ: തുക എന്നാണു വേണ്ടതു്?

പൗലോ: നാളെ കിട്ടിയാൽകൊള്ളാം.

(ഭാര്യ അന്നക്കുട്ടി മൂന്നുപാത്രംകാപ്പിയുമായി പ്രവേശിയ്ക്കുന്നു. എല്ലാവരും വാങ്ങിക്കുടിയ്ക്കുന്നു.)

അന്നക്കുട്ടി: പൗലോച്ചേട്ടൻ ഇങ്ങോട്ടു വന്നിട്ടു കാലം കുറെയായല്ലോ?

പൗലോ: അപ്പച്ചനെകാണണമെന്നുണ്ടു്. എന്നാ അന്നക്കുട്ടി ജോലിത്തിരക്കാണല്ലേ?

അപ്പ: എന്നാൽ രാവിലെ വന്നേക്കു. എനിക്കു വായനശാലവരെ പോകണം...

മത്താ: ഞങ്ങളും ഇറങ്ങുവാ—

പൗലോ: അന്നക്കുട്ടി പോകുവാ—

അന്ന: വല്ലപ്പോഴും ഇങ്ങോട്ടൊക്കെ വരണം.... മത്തായിക്കുട്ടി ഇങ്ങോട്ടു കേറുത്തുപോലുമില്ല....

മത്ത: ഇനി എന്നും വന്നുകൊള്ളാം.

(അപ്പച്ചൻ ഇറങ്ങുന്നു. പിന്നാലെ മത്തായിക്കുട്ടിയും പൗലോച്ചനും. അന്നക്കുട്ടി പത്രം എടുത്തുനോക്കുന്നു. അകത്തുനിന്നു പാത്രങ്ങടം മറിയുന്ന ശബ്ദം. അന്നക്കുട്ടി പോകുന്നു. എതിർവശത്തുകൂടി പെണ്ണമ്മ പ്രവേശിക്കുന്നു. ചുറ്റുപാടും നോക്കിയിട്ടു് ആരെയും കാണായ്കയാൽ കതകിൽ ശബ്ദിയ്ക്കുന്നു. എന്നിട്ടും പ്രയോജനമില്ലെന്നുകണ്ടു് അപ്പച്ചനെ വിളിക്കുന്നു.)

അപ്പച്ചാ....അപ്പച്ചോ...അപ്പച്ചാ...

(അന്നക്കുട്ടി വിളക്കുമായി പ്രവേശിച്ചു് മേശമേൽവെയ്ക്കുന്നു.)

പെണ്ണമ്മ: അപ്പച്ചനിവിടെയില്ലേ?

അന്ന: എന്നാ അത്യാവശ്യം?

പെണ്ണ: ഒന്നു കാണണമായിരുന്നു.

അന്ന: രാവിലെവന്നാൽ കാണാം

പെണ്ണ: ഇന്നുതന്നെ കാണേണ്ട അത്യാവശ്യമുണ്ടു്.

അന്ന: ഇന്നു കാണാൻ പറ്റുകയില്ല.

പെണ്ണ: കണ്ടിട്ടേ പോകുന്നുള്ളു. അപ്പച്ചനിപ്പഴിങ്ങു വരും.

അന്ന: അപ്പച്ചനെന്നാ നിന്റെ കളിച്ചെങ്ങാതിയാണോ?

പെണ്ണ: അന്നക്കുട്ടി എന്തിനാ പെണങ്ങുന്നതു്.

അന്ന: നിന്നെപ്പോലെ കുറിയൂരി നടക്കുകയല്ല. ഞാൻ കുടുംബം ഭരിക്കുന്നതു ഭാര്യമാരല്ല; ഭർത്താക്കന്മാരാണു്.

പെണ്ണ: എന്റെന്നക്കുട്ടി എന്റെ മാപ്പെള ഒരു കഴകത്തൊള്ളവനല്ല.

അന്നഃ അയാം കഴിവുള്ളവനാണു്. നീ അയാളെ കൊല്ലാതെകൊല്ലുകയാണു്. ഒരു കാര്യം പറഞ്ഞിരിക്കുന്നു എന്റെ വീട്ടുകാരനെക്കൊണ്ടു വല്ലകാര്യവും സാധിക്കാനുണ്ടെങ്കിൽ ആമ്പറന്നോനെ പറഞ്ഞയയ്ക്കണം.... മേലിൽ നിങ്ങളിങ്ങോട്ടു വരേണ്ട. മയക്കം നോക്കി എറങ്ങിയിരിക്കുന്നു.

പെണ്ണ: ആമ്പറന്നോനെ അയച്ചാൽ ഒന്നും നടക്കാൽ പോകുന്നില്ല. അതിയൻ ശുദ്ധ മണ്ടനാ അന്നക്കുട്ടി.

അന്ന: എടീ, നിന്റെ ഭർത്താവിനെ ഇങ്ങനെ ധിക്കരിക്കുന്നതു നന്നല്ല. നീയൊരു ഭാര്യയല്ലേ——

പെണ്ണ: അന്നക്കുട്ടി അടുക്കളയിൽ പോയിരി. ഞാൻ അപ്പച്ചനെ കാണാൻ വന്നതാ. ഞങ്ങളുതമ്മിൽ സംസാരിച്ചോളാം.

അന്ന; എന്റെ പൊന്നമ്മച്ചി നിന്നു വെഷമിയ്ക്കണ്ട. രാവിലെ ഇങ്ങുവാ അപ്പെടി നാണമില്ലല്ലോ. കുറിയൂരി നടക്കുവാ.... നാണമില്ലാത്തവം.

പെണ്ണ: പെണ്ണുങ്ങളായാൽ അടുക്കളേലിരുന്നാൽ പോരാ. കുറെ കഴിവുവേണം; അറിയാമോ?

അന്ന: നമ്മുടെ കഴിവു അപാരമാ ഭർത്താവിനെ കളിയാക്കുന്നതാണോ, ഒരു ഭാര്യയുടെ കഴിവു്.... ഞങ്ങളുടെ വീട്ടിൽ സന്ധ്യാനമസ്കാരം ചെല്ലാറുണ്ടു്. നിന്നെപോല കാട്ടുകോഴി നടക്കുകയല്ല ബാക്കിയുള്ളവർ.... മക്കളെ വാ... കുരിശു വരയ്ക്കാൻ.

പെണ്ണ: അന്നക്കുട്ടി എന്നെ കുറെ ധിക്കാരം പറഞ്ഞു. മറുപടിപറയാൻ അറിയാൻ പാടില്ലാഞ്ഞല്ല. ഞാൻ ക്ഷമി

ചലച്ചിത്രം

ഇഗ്നേഷ്യസ് വട്ടക്കുന്നേൽ, പാലാ

മനുഷ്യന്റെ അഭിവൃദ്ധിക്കും അധ:പ്പതനത്തിനും, നന്മയ്ക്കും തിന്മക്കും, ഒന്നുപോലെ ഉതകുന്ന എത്രയെത്ര കണ്ടുപിടുത്തങ്ങളാ ഒരു ശതാബ്ദകാലത്തിനുള്ളിൽ നടന്നിരിക്കുന്നു. ഇതിൽ ചലച്ചിത്രത്തിനുണ്ടായിട്ടുള്ള അഭിവൃദ്ധിയും പ്രചാരവും അത്ഭുതാവഹമാണ്. ഉന്മേഷത്തിനും ഉല്ലാസത്തിനും ആശ്വാസത്തിനും സന്മാർഗ്ഗത്തിനും ദുർമ്മാർഗ്ഗത്തിനും ഒന്നുപോലെ സഹായിക്കുന്നതാണ് സിനിമ. ആബാലവൃദ്ധം ജനങ്ങളെ സന്തോഷചിത്തരാക്കുവാനുള്ള കഴിവ് സിനിമയ്ക്കുണ്ട്. ഇങ്ങനെ നാനാവിധേന ആവശ്യമായിത്തീർന്നിട്ടുള്ള ഈ സിനിമയുടെ ഉത്ഭവത്തെപ്പറ്റി അറിയുന്നതു് രസാവഹമായിരിക്കുമല്ലോ.

പലരുടെ തുടർച്ചയായ പരിശ്രമത്തിന്റെയും കണ്ടുപിടുത്തങ്ങളുടെയും ഫലമാണ് ഇന്നത്തെ സിനിമ. (W. G. Horner) ഡബ്ളിയു. ജി. ഹോർണർ എന്ന ഒരു ഇംഗ്ലീഷുകാരനാണ് ചലച്ചിത്രം ആദ്യമായി ഉണ്ടാക്കിയതു്, വൃത്താകൃതിയിലുള്ള ഒരു കുഴലിന്റെ ചുറും നിരനിരയായി സാമാന്യം വലിയ ധ്വാരങ്ങളുണ്ടാക്കി, ഒരു മനുഷ്യൻ നടക്കുന്നതിന്റെ ഓരോ ഭാഗങ്ങളും കാണിക്കുന്ന ചിത്രങ്ങളും വരച്ചു ക്രമമായി ആ കുഴലിനുള്ളിൽ ദ്വാരങ്ങൾക്കു മീതെയായി ഉറപ്പിച്ചു. ഒരു കണ്ണാടിക്കുള്ളിനുള്ളിൽ ഘടിപ്പിച്ചുകൊണ്ടു് ഈ കുഴൽ കറക്കിയപ്പോൾ ഒരു മനുഷ്യൻ നടക്കുന്നതായി കാണപ്പെട്ടു. ഇതുപോലെ പല ചിത്രങ്ങളും വരച്ചുണ്ടാക്കി ഈവിധം പ്രദർശിപ്പിച്ചു. ഇതു 1833-ലാണ്. ഇതിനു് സോയെ ട്രോപ്പ് (Zoetropoe) എന്നായിരുന്നു പേർ.

ഇതിനെ പരിഷ്ക്കരിച്ചു പല യന്ത്രങ്ങളും പിന്നീടു് ഓരോരുത്തർ ഉണ്ടാക്കി. 1872-ൽ സാൻഫ്രാൻസിസ്കോ സ്വദേശിയായ എഡ്വർഡ് വെബ്രിഡ്ജ് (Eduard Waybrigde) എന്ന ആൾ വരച്ച ചിത്രങ്ങൾക്കു പകരം ഫോട്ടോകൾ ഉപയോഗപ്പെടുത്തി. 1884-ൽ ജോർജ്ജ് ഈസ്റ്റ്മാൻ(GeorgeEastman) എന്ന ഇംഗ്ലീഷുകാരൻ പലേ ചിത്രങ്ങൾ ഒന്നൊന്നായി എടുക്കത്തക്ക ഫോട്ടോഗ്രാഫിക്കു് ഫിലിം ഉണ്ടാക്കി. ഇതാണ് വിശ്വവിഖ്യാതമായ കൊഡാക്കു് ഫിലിമിന്റെ ഉത്ഭവം. ഇതുകൊണ്ടും പല ക്യാമറാകൾ വേണമെന്നുള്ള പ്രശ്നം പരിഹരിക്കപ്പെട്ടില്ല. തുടർന്നുള്ള പരീക്ഷണങ്ങളുടെ ഫലമായി പ്രസ്തുത ഫിലിം ഉപയോഗപ്പെടുത്തി പലേ ഫോട്ടോകൾ ഒന്നൊന്നായി എടുക്കുന്നഒരു ക്യാമറ 1889-ൽ വില്യം ഗ്രീൻ(William Green) എന്ന ഇംഗ്ലീഷുശാസ്ത്രജ്ഞൻ കണ്ടുപിടിച്ചു.

ഇങ്ങനെ എടുക്കുന്ന ഫോട്ടോ ഫിലിം ഒരു അച്ചുതണ്ടിൽ ഘടിപ്പിച്ചുകൊണ്ടു് ആയതു് ഒരു ചതുരച്ചട്ടത്തിനുള്ളിൽ ഉറപ്പിച്ചു് ആ അച്ചുതണ്ടു തിരിക്കുമ്പോൾ ആ ഫോട്ടോകൾ ഒന്നൊന്നായി ഒരു കണ്ണാടിയിൽ കൂടി കാണത്തക്കവിധത്തിലുള്ള സിനെറ്റോസ്കോപ്പ് (Kinetoscope) 1893-ൽ എഡിസൺ (Edison) എന്ന ഇംഗ്ലീഷുകാരൻ ഉണ്ടാക്കി. തുടർന്നുള്ള പരീക്ഷണങ്ങളുടെ ഫലമായി ഫോട്ടോയിലുള്ള ചിത്രങ്ങളെ ഒരു കണ്ണാടിയിൽകൂടി എതിർവശത്തു പ്രതിബിംബിപ്പിക്കത്തക്ക പ്രോജക്ടേഴ്സ് കണ്ടുപിടിച്ചു. 1895 ഫെബ്രുവരിയിൽ റോബർട്ട് പോയം എന്ന ഒരു ഇംഗ്ലീഷുകാരനാണ് ചിത്രങ്ങളുടെ ചലനം ഒന്നൊന്നായി എടുക്കത്തക്ക ഫോട്ടോഗ്രാഫിക്കു് ഫിലിം ഉണ്ടാക്കി. ഇതാണ് വിശ്വവിഖ്യാതമായ കൊഡാക്കു് ഫിലിമിന്റെ ഉത്ഭവം. ഇതുകൊണ്ടും പല ക്യാമറാകൾ വേണമെന്നുള്ള പ്രശ്നം പരിഹരിക്കപ്പെട്ടില്ല. തുടർന്നുള്ള പരീക്ഷണങ്ങളുടെ ഫലമായി പ്രസ്തുത ഫിലിം ഉപയോഗപ്പെടുത്തി പലേ ഫോട്ടോകൾ ഒന്നൊന്നായി എടുക്കുന്നഒരു ക്യാമറ 1889-ൽ വില്യം ഗ്രീൻ(William Green) എന്ന ഇംഗ്ലീഷുശാസ്ത്രജ്ഞൻ കണ്ടുപിടിച്ചു.

ഇങ്ങനെ എടുക്കുന്ന ഫോട്ടോ ഫിലിം ഒരു അച്ചുതണ്ടിൽ ഘടിപ്പിച്ചുകൊണ്ടു് ആയതു് ഒരു ചതുരച്ചട്ടത്തിനുള്ളിൽ ഉറപ്പിച്ചു് ആ അച്ചുതണ്ടു തിരിക്കുമ്പോൾ ആ ഫോട്ടോകൾ ഒന്നൊന്നായി ഒരു കണ്ണാടിയിൽ കൂടി കാണത്തക്കവിധത്തിലുള്ള സിനെറ്റോസ്കോപ്പ് (Kinetoscope) 1893-ൽ എഡിസൺ (Edison) എന്ന ഇംഗ്ലീഷുകാരൻ ഉണ്ടാക്കി. തുടർന്നുള്ള പരീക്ഷണങ്ങളുടെ ഫലമായി ഫോട്ടോയിലുള്ള ചിത്രങ്ങളെ ഒരു കണ്ണാടിയിൽകൂടി എതിർവശത്തു പ്രതിബിംബിപ്പിക്കത്തക്ക പ്രോജക്ടേഴ്സ് കണ്ടുപിടിച്ചു. 1895 ഫെബ്രുവരിയിൽ റോബർട്ട് പോയം എന്ന ഒരു ഇംഗ്ലീഷുകാരനാണ് ചിത്രങ്ങളുടെ ച

എ. കെ. സി. സി. ബുള്ളറിൻ

തിരുമുൽക്കാഴ്ച

(നെച്ചിക്കാട്ട്)

വേലവമനോഹര
മൊരുപൂകയ്യിൽപേറി
നീലവാനിനെ നോക്കി
പ്രാർത്ഥിപ്പു ചെന്താമര:
''സ്വർണ്ണമാം കരങ്ങളാൽ
സമർപ്പിക്കുന്നേൻ ദാസി
തന്നേക സമ്പാദ്യത്തെ
സ്വീകരിക്കണേ പ്രഭോ,
ഘോരതാപത്തിൽനീറി
നീറി ഞാൻ തപ്പിത്തേടി
യേറെനാം ക്ഷണിക്കണ്ടം
മറ്റൊന്നും ലഭിച്ചീല.
പങ്കലേശമേശാത്ത
പവിത്രൻ തിരുമുമ്പിൽ
പങ്കജം സമർപ്പിപ്പ
തൊക്കെയുമശുദ്ധമാം.
ആയിരം തങ്കപ്പൂക്കൾ
പ്രാഭയിലെന്നുംതീർപ്പോ
നീയുപഹാരം പാത്താ
ലതിക്ഷുദ്രവുമാകാം
രാവിലും ചളിക്കണ്ടിൽ
പണ്ടു പുലരുമീ—
പാവം ഞാൻ മറ്റൊന്നേകാൻ
സദയം ക്ഷമിക്കണേ.
താമസിക്കല്ലേ പ്രഭോ,
സ്വീകരിക്കണേ വേഗം
താമസിയണഞ്ഞിതിൽ
ചുറ്റിലും കരിതേക്കാം.

ച്ചിരിക്കുന്നു.

അന്ന: പറഞ്ഞില്ലേ, ഞങ്ങൾക്കു പ്രാർത്ഥന ചെല്ലണം. ഒന്നു പിരിയാമോ?

പെണ്ണു: ഇപ്പോഴം പോകുന്നില്ല അപ്പച്ചനെ കണ്ടിട്ടേ പോകുന്നുള്ള.

അന്ന: എന്നാലിനി കണ്ടിട്ടേപോകത്തൊള്ള.

പെണ്ണു: കണ്ടിട്ടേ പോകുന്നുള്ള.

അന്ന: ഇതെന്തൊരു ശല്യമാ പൊന്നേ— പെമ്പറന്നോരെ നേരം സന്ധ്യയായി. വീട്ടിലെങ്ങാനും പോകാൻ.

പെണ്ണു: ഞങ്ങൾക്കു തമ്മിൽ കാണേണ്ട അത്യാവശ്യമുണ്ടു്.

അന്ന: നിന്റെ അത്യവശ്യം..... പോകാനാ പറഞ്ഞതു്.

പെണ്ണു: പോകുന്നില്ല. പോലീസ്സുദ്ധികാരം വല്ലതുമൊണ്ടോ?

അന്ന: എന്റെ വീട്ടിൽ എനിക്കു പോലീസ്സുദ്ധികാരംതന്നെയുണ്ടു്.

(കൈയ്യുപിടിച്ചു തള്ളി പുറത്തിറക്കാൻ ഭാവിക്കുന്നു പെണ്ണമ്മയും തള്ളുന്നു. കസേരകൾ മറിയുന്നു. ചെറിയൊരു യുദ്ധം. പെണ്ണമ്മയ്ക്കു പരാജയം നേരിട്ടു. വേലക്കാരൻ ഓടിയെത്തുന്നു. അവൻ ''ഭ്രാന്തി, ഭ്രാന്തി'' എന്നു വിളിച്ചു ബഹളം കൂട്ടുന്നു. അവൻ പെണ്ണമ്മയെ പിടിച്ചുവലിച്ചു് ഒരു മൂലയിലാക്കി തോളിൽകിടന്ന തോർത്തെടുത്തു കൈകെട്ടുവാൻ ഭാവിയ്ക്കുന്നു. അവസരം ഉത്സാഹിച്ചു് പിന്നെയും അന്നക്കുട്ടിയെ പിടിയ്ക്കുന്നു. ലഹളകേട്ടു് അപ്പച്ചനും മത്തായിക്കുട്ടിയും പൗലോച്ചനും ഓടിയെത്തുന്നു. ഭൃത്യൻ അന്നക്കുട്ടിയെ പിടിച്ചുമാറി. വീണ്ടും കൈകെട്ടുവാൻ ഭാവിക്കുന്നു.)

അന്ന: പൌലോച്ചേട്ടാ പെമ്പറന്നോരെ നെലയ്ക്കു നിറുത്തണം. എന്റെ വീട്ടിൽ കയറിയാ വഴക്കുണ്ടാക്കിയതു്. ഇതിയാനെ ഓത്തു ക്ഷമിയ്ക്കുന്നു.

പെണ്ണു: ഞാൻ വെറുതെ വന്നതല്ല; കാര്യം പറയാൻ വന്നതാ—

അന്ന: (ഭർത്താവിനോടു്) ശ്രുപാകൊടുത്താൽ ഇവനും നമ്മളെ ചതിയ്ക്കും.

പൗലോ: അന്നക്കുട്ടി ഒന്നുകൊണ്ടും പേടിക്കേണ്ടാ. ഞാനുണ്ടെങ്കിൽ ശ്രുപായുണ്ടു്. ഇവനും ധിക്കാരിയാണു്. വല്ല അധികപ്രസംഗവും പറഞ്ഞുപോയെങ്കിൽ ക്ഷമിക്കണം.

അന്ന: ഭർത്താവിനെ അനുസരിക്കാത്ത കഴുത.

പൗലോ: കേക്കെടി, കേംക്കു്

(ഭാര്യയുടെ നേരെ കൈയോങ്ങിക്കൊണ്ടു ചെല്ലുന്നു. മത്തായിക്കുട്ടിയും അപ്പച്ചനും അയാളെ പിടിച്ചു മാറ്റുന്നു.)

കർട്ടൻ

(ഉടനെ പ്രസിദ്ധപ്പെടുത്തുന്ന ലഘുനാടകസമാഹാരത്തിൽനിന്നു്)

കത്തോലിക്കാകോൺഗ്രസിനു് വനിതാവിഭാഗം സംഘടിപ്പിക്കണം

മിസ്സസ് അഗസ്റ്ററിൻ കുറുമണ്ണു്

കഴിഞ്ഞ ഏപ്രിൽ ലക്കം ബുള്ളറ്റിനിൽ ''പെരുപ്പക്കാരെ തെറിപറയരുതു്'' എന്ന തലക്കെട്ടിൽ ശ്രീമതി അച്ചാമ്മ കെ സി മാവേലിക്കര എഴുതിയിരുന്ന ലേഖനം വായിച്ചു. സ്ത്രീകളുടെ വസ്ത്രധാരണരീതിയെ എതിർത്തുകൊണ്ടു് ശ്രീ. ജോർജ് അന്തിക്കാടു് എഴുതിയിരുന്ന ലേഖനത്തേ സംബന്ധിച്ചാണു് മാന്യ ലേഖിക ചില പരാമർശങ്ങം നടത്തിയിരിക്കുന്നതു്. പക്ഷേ ശ്രീ. ജോർജിനെ ഈ കാര്യത്തിൽ കുറ്റം പറഞ്ഞിട്ടു കാര്യമില്ലെന്നാണെന്റെ പക്ഷം. അദ്ദേഹത്തിനു് അങ്ങനെ എഴുതാനുള്ള ഒരു മാതൃക സ്ത്രീകളായ നാം കാണിച്ചുകൊടുത്തിട്ടില്ലേ? കേരളീയ വനിതകളുടെ ഇന്നത്തെ വസ്ത്രധാരണരീതി പരിഷ്കാരത്തിന്റെ ഉച്ചകോടിയിലെത്തിയിരിക്കുകയാണു്. പ്രത്യേകിച്ചു കോളജ് കുമാരിമാരുടേതു്. അവരിൽ ഭൂരിഭാഗവും ഇപ്പോഴെട്ടന്നതു് നൈലോൺ വസ്ത്രങ്ങളാണു്. അതു ധരിച്ചാലുള്ള സ്ഥിതി പറയാനുണ്ടോ? നമ്മുടെ സഹോദരിമാരുടെ ഇത്തരത്തിലുള്ള വസ്ത്രധാരണരീതി കണ്ടിട്ടു് പുരുഷന്മാർ—യുവകോമളന്മാർ—വിമർശിക്കുകയും കളിയാക്കുകയും ചെയ്യുന്നതിനുപറയുവാനുമില്ലാ? ശ്രീ. ജോർജിനെ അല്പം തരംതാഴ്ത്തിക്കെട്ടുവാനാണു ലേഖിക ശ്രമിച്ചിരിക്കുന്നതു്. പുരോഹിതന്മാർ ഇന്നത്തെ ഫാഷൻ വസ്ത്രധാരണരീതികളെ വിമർശിക്കുന്നതു തെറ്റാണോ? അവക്കതിനു കടമയില്ലേ? നമ്മുടെ ഇന്നത്തെ യുവതികളും നാലുപേർ നോക്കണമെന്ന ഉദ്ദേശത്തോടെ വയറുമുഴുവൻ വെളിയിൽ കാണത്തക്കതുപോലെയുള്ള ബ്ലൗസ്സും നൈലോൺ സാരിയും ധരിച്ചു് ലിപ്സ്റ്റിക്കും പൗഡറുമണിഞ്ഞു് ആടിക്കുഴഞ്ഞിറങ്ങിയാൽ പിന്നീടുള്ള കാര്യം പറയാനുണ്ടോ? നഗ്നത മറയ്ക്കണമെന്നുള്ള ആത്മാർത്ഥമായ ഉദ്ദേശം ഇവർക്കു് ഉണ്ടെന്നു തോന്നുന്നില്ല. ഞാൻ പ്രത്യേകമായി ആരേയും കുറ്റപ്പെടുത്തുകയല്ല. പരസ്പരം താറടിക്കുവാൻ ശ്രമിക്കാതെ സ്വയം ചിന്തിച്ചു് വേണ്ടതു പ്രവർത്തിക്കുക. വസ്ത്രധാരണത്തേയും മറ്റും തെറി പറഞ്ഞാൽ ഈയുള്ളവർ അതിനൊപ്പിച്ചു് അങ്ങോട്ടും പറയാൻ നിർബന്ധിതരാകും'' എന്നു ലേഖിക പറഞ്ഞതിനും മറ്റും വ്യക്തമായി സ്ക്രീനിൽ പ്രതിബിംബിച്ചു കാണത്തക്ക പ്രോജക്ടർ ഉണ്ടാക്കിയതു്. ഇങ്ങിനെയാണു് ചലച്ചിത്രം നടപ്പിലാക്കിയതു്.

അനന്തരം അഭിവൃദ്ധികരമായ പല പരിഷ്കാരങ്ങളും സിനിമയിൽ വരുത്തിയിട്ടുണ്ടു്. ഇതിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതു ഫോട്ടോഫിലിമിൽ സ്വരം കൂട്ടിച്ചേർക്കുവാൻ (Sound Recording) സാധിച്ചതാണു്. ഇതു മൂലം കേവലം ചലനചിത്രമായിരുന്ന സിനിമ സംസാരിക്കുന്നതാക്കിത്തീർക്കുന്നു. ചിത്രങ്ങം വിവിധ വർണ്ണങ്ങളോടുകൂടി പ്രദർശിപ്പിക്കുവാൻ സാധിച്ചതും പ്രാധാന്യമേറിയ ഒരു പരിഷ്കാരമാണു്. ഫോട്ടോഗ്രാഫി വഴിയായുള്ള ചില പ്രയോഗങ്ങം കൊണ്ടു് യഥാർത്ഥ വസ്തുവിനു ഫോട്ടോയിൽ പല വ്യത്യാസങ്ങം വരുത്തിക്കാണിക്കുവാനും ഇപ്പോം സാധിക്കുന്നുണ്ടു്. ഇങ്ങിനെ ചലച്ചിത്രം അഭിവൃദ്ധിയിൽ നിന്നു് അഭിവൃദ്ധിയിലേയ്ക്കു കുതിച്ചുചാടിക്കൊണ്ടിരിക്കയാണു''.

-0-

"നവീനരീതിയിലുള്ള കല്യാണസാരികളും മറ്റെല്ലാവിധ ഫാഷനബിം ജുവ്വലിത്തരങ്ങളും ഏറ്റവും കുറഞ്ഞ വിലയ്ക്കു"

സന്ദർശിക്കുവിൻ!

ലക്ഷ്മണാ ടെക്സ്റ്റയിൽസ്

ചങ്ങനാശ്ശേരി

H. O. കായങ്കുളം, Brs. കൊല്ലം, തിരുവനന്തപുരം, ബോംബെ.

തലയിണകൂടാതെ ഉറങ്ങുക.

സാധ ഇട്ടിയവിരാ

നമ്മുടെ ശരീരത്തിൽ സമുന്നതമായ സ്ഥാനമാണ് തലയ്ക്കുള്ളതു്. മറ്റു അവയവങ്ങളുടെയെല്ലാം നേതൃത്വം തലയ്ക്കാണ്. പക്ഷെ, ഒരു കാര്യം. തല എല്ലായ്പോഴും തന്റെ ഉന്നതസ്ഥാനത്തിനു വേണ്ടി നിർബന്ധം പിടിക്കരുതു്. ചിലപ്പോഴെല്ലാം, ഉറങ്ങുന്ന അവസരത്തിലെങ്കിലും, താഴെയുള്ള കാലുകളുടെ നില സ്വീകരിക്കാൻ തല സന്നദ്ധമായിരിക്കണം. താഴെ വരാൻ തയ്യാറില്ലാതെ, എപ്പോഴും നേരെ നിവർന്നു നിൽക്കണമെന്നും, തന്റെ ദൈവദത്തമായ ഉന്നതപദവിയിൽനിന്നു് ഒരിക്കലും താഴെവരാൻ ഒരുക്കമില്ലെന്നും, ശാഠ്യം പിടിക്കുന്ന തലയ്ക്കു് അധികംകാലം അങ്ങനെ നില്ക്കാൻ സാധിക്കുകയില്ല. താമസംവിനാ, ഭ്രാന്താലയത്തിലായിരിക്കും അതു ചെന്നവസാനിക്കുക.

കൂടുതൽകൂടുതൽ തലയിണകൾവച്ചു് കാലിന്റെയും തലയുടെയും ലവലുകൾതമ്മിലുള്ള വ്യത്യാസം നാം എത്രമാത്രംവർദ്ധിപ്പിക്കുന്നുവോ, അത്രകണ്ടു ഉറക്കത്തിൽനിന്നു നമുക്കു ലഭിക്കാവുന്ന വിശ്രമം നാം കുറയ്ക്കുകയാണു്. ശരിയായ വിശ്രമത്തിനും, ഉറക്കത്തിനും, ആരോഗ്യത്തിനും തലയിണ ഇല്ലാതിരിക്കുന്നതാണു് നല്ലതു്. ഉയർന്ന ജീവിതത്തോതുള്ള പശ്ചിമരാജ്യങ്ങളിൽ പ്രായേണ മനുഷ്യർ ഒന്നിലധികം തലയിണകൾ ഉപയോഗിക്കുന്നു. അവിടെയുള്ള ജനങ്ങളുടെ ഇടയിലാണു്, ദാരിദ്ര്യംകൊണ്ടോ മറ്റെങ്കിൽതന്നെയും തലയിണ ഇല്ലാതെ ഉറങ്ങുന്ന നമ്മുടെ പാവപ്പെട്ട മനുഷ്യരുടെ ഇടയിലും അധികം തലവേദനയും, മനപ്രയാസങ്ങളും, മാനസികവികല്പങ്ങളും കണ്ടുവരുന്നതു്.

ഉന്നതസ്ഥാനത്തിരിക്കുക, എന്നതല്ല തലയുടെ പ്രധാന ജോലി. ഉന്നതമായ സ്ഥാനം, തന്റെ കർത്തവ്യനിർവ്വഹണത്തിൽ തലയെ സഹായിക്കുന്നതിനുള്ള ഒരു ഉപാധിമാത്രമാണു്.

ജീവത്തായ ഐക്യത്തിനു്, നമ്മുടെ ശരീരത്തിലെ അവയവങ്ങൾക്കു തമ്മിൽ പ്രവൃത്തിയിലും, ഘടനയിലും, സ്ഥാനത്തിലും അന്തരം കൂടിയേതീരൂ. ഇങ്ങനെ വ്യത്യസ്തങ്ങളായ അവയവങ്ങൾ പരസ്പരം സഹായിക്കുന്നതിനുസന്നദ്ധതയുള്ളവയായിരിക്കണം. കാലിൽ ഒരു മുള്ളുകൊണ്ടാൽ, "അതു സാരമില്ല. കാലിലല്ലെ" എന്നു വിചാരിച്ചു തല അനങ്ങാതിരിക്കരുതു്. അങ്ങനെ, കാലിനെ അവഗണിക്കുന്ന തലയെ ചുമന്നുകൊണ്ടു നടക്കാൻ വളരെനാൾ, കാലുകൾ ഉണ്ടായെന്നു വരികയില്ല.

തലയിണകൂടാതെ ഉറങ്ങിശീലിക്കുന്നതു് നമ്മുടെ ആരോഗ്യത്തിനും മനസ്സിന്റെ ഉന്മേഷത്തിനും, നല്ലതായിരിക്കുന്നതുപോലെ നമ്മുടെ സാമൂഹ്യികശരീരത്തിന്റെയും സഭാശരീരത്തിന്റെയും കാര്യത്തിലും, പണത്തിന്റെയും, പ്രതാപത്തിന്റെയും അറിവിന്റെയും, കൈവെപ്പിന്റെയും എല്ലാം തലയിണകൾകൂടാതെ കഴിയ്ക്കാൻ നമ്മുടെ നേതാക്കന്മാർ ശീലിക്കുന്നതു വളരെ നന്നായിരിക്കും. സമുദായത്തിലും, സഭയിലും ഉന്നതപദവികൾവേണം. പക്ഷെ, ഔന്നത്യത്തിലിരിക്കുന്ന തലയാളന്മാർ എപ്പോഴും ഔന്നത്യത്തിലിരുന്നു ചിന്തിക്കുന്നവരാകരുതു്. പണക്കാർ പണമില്ലാത്തവരോടും, വിദ്യസമ്പന്നർ വിദ്യാഭ്യാസമില്ലാത്തവരോടും വൈദികർ അവൈദികരോടും തങ്ങൾക്കുള്ള മൗലികമായ ബന്ധത്തെപ്പറ്റി ബോധമുള്ളവരായിത്തീരണം. പണക്കാർ പാവങ്ങളോടൊത്തു ചിന്തിക്കാനും, വൈദികർ അൽമായരോടൊത്തു പ്രാർത്ഥിക്കാനും ജീവിക്കാനും ശീലിക്കണം.

നമ്മുടെ തലപ്പത്തിരിക്കുന്നവർ എത്രമാത്രം 'തലയിണ'യുടെ ഉപയോഗം കുറയ്ക്കുന്നുവോ, അതു് അവരുടെയും മറ്റുള്ളവരുടെയും ആരോഗ്യത്തിനും അഭിവൃദ്ധിക്കും നന്നു്.

പ്രമേഹരോഗത്തെപ്പറ്റി.

വിദ്വാൻ പി. സി. എബ്രാഹം

നാട്ടിൽ പരക്കെ പരന്നിട്ടുള്ള ഒരു മഹാരോഗമാണു് മൂത്രം ഒഴിവു്—അഥവാ പ്രമേഹം—ഒരു പഴയ രോഗിയെന്നനിലയിൽ ആ വിഷയത്തെപ്പറ്റിയുള്ള അനുഭവത്തിൽനിന്നും ചില പ്രതിവിധികളും നിർദ്ദേശിക്കുകയാണു് ഈ ലേഖനത്തിന്റെ ഉദ്ദേശം.

ആവശ്യത്തിലധികം ഭക്ഷിച്ചും ന്യായമായ വ്യായാമംകൂടാതെ ജീവിച്ചും ഭോഗസുഖങ്ങളിൽ മുഴുകിയും കഴിയുന്ന ഇടപ്രഭുക്കന്മാരെയാണു് ഈ രോഗം ബാധിക്കാറുള്ളതു്. സ്ത്രീപുരുഷപക്ഷഭേദം ഈ രോഗത്തിനില്ല. നിത്യസഞ്ചാരിയെന്നനിലയിൽ 40 നും 50നും മദ്ധ്യേ പ്രായമുള്ള അനവധി രോഗികളെ അടുത്തറിയാനും അവരുടെ വിവിധ ക്ലേശങ്ങളും കാണുവാനും ഇടയായിട്ടുണ്ടു്.

അത്യദ്ധ്വാനംചെയ്യുന്ന കൃഷീവലന്മാരെയും, കൂലിക്കാരെയും, ബാലികാബാലന്മാരെയും ഇക്കാലത്തു് ഈ രോഗം ബാധിക്കാറുണ്ടെങ്കിലും. ഭാഗ്യവാന്മാരുടെ രോഗം എന്നൊരു മാന്യപദവി ഇതിനുണ്ടുതാനും.

ക്രമാതീതമായ ദാഹം, ഉഷ്ണം, പാരവശ്യം, വിശപ്പു് എന്നിവയോടുകൂടി ഈ രോഗം താണ്ഡവനൃത്തം ആരംഭിച്ചാൽ കൂടിയാട്ടം കെങ്കേമമാകും. തടിച്ചു

യുന്നു. ആരോടാണാവോ ഈ പുറപ്പാടു്? വിമർശനങ്ങളെ സ്വീകരിച്ചു തെറ്റുതിരുത്തുവാനാണു ശ്രമിക്കേണ്ടതു്. അല്ലാതെ വിമർശനത്തേയും വിമർശകരേയും ഗളഹസ്തം ചെയ്യാൻ തുനിയരുതു്. പെണ്ണു് അന്തസ്സായി കോളജിൽ പോകുന്നതിനെയൊക്കെ ആരാണെതിർക്കുന്നതു്? അതിനെയൊന്നുംഎതിർക്കുവാൻ ഒരു പുരുഷമേധാവിത്വത്തിനും കഴിയുകയില്ല.

കേരളത്തിലെ സ്ത്രീകൾ എല്ലാരംഗങ്ങളിലും മുന്നിൽതന്നെയുണ്ടു്. ചരിത്രത്തിന്റെ ഏടുകളും പരിശോധിച്ചാൽ ഇതു മനസ്സിലാക്കാം. ഒരുകാലത്തു് പ്രസവവും കുട്ടികളെ വളർത്തലും പാചകവുമായി അടുക്കളമുറിയിൽ കഴിഞ്ഞുകൂടിയിരുന്നവർ ഇന്നു് പുരുഷന്മാരോടൊപ്പം സാമൂഹ്യികം. രാഷ്ട്രീയ-കലാ-സാഹിത്യരംഗങ്ങളിലെല്ലാം പ്രവർത്തിക്കുന്നു. പഞ്ചായത്തുമുതൽ കേന്ദ്രമന്ത്രിസഭവരെ ഇന്നു വനിതകൾക്കു സീറ്റു ലഭിച്ചുകഴിഞ്ഞിട്ടില്ലേ? സ്ത്രീകൾ അബലകളാണെന്നും അവരുടെമേൽ എന്തും അടിച്ചേല്പിക്കാമെന്നുള്ള പുരുഷമേധാവിത്വത്തിന്റെ പ്ലാൻ നൂറ്റാണ്ടുകളായി അടിച്ചേൽപ്പിച്ചുകൊണ്ടിരുന്നതു് തട്ടിത്തകർക്കുവാൻ നമുക്കു കഴിഞ്ഞു. ഇന്നു ഏതുരംഗത്താണു സ്ത്രീകൾ എത്തിച്ചേരാത്തതു്.

വനിതകൾക്കു കാര്യമായി പ്രവർത്തിക്കുന്നതിനുള്ള ഒരു പുതിയ പന്ഥാവാണു് കത്തോലിക്കാകോൺഗ്രസ്. ഇന്നു് പുരുഷമേധാവിത്വം അതു കൈയ്യടക്കിവച്ചിരിക്കുകയാണു്. കേന്ദ്രക്കമ്മിറ്റിയിൽ പുരുഷന്മാരോടൊപ്പം നമുക്കും സീറ്റു ലഭിക്കേണ്ടതാണു്. ഉടനടി നാം ചെയ്യേണ്ടതു കത്തോലിക്കാ കോൺഗ്രസിനു് ഒരു വനിതാവിഭാഗം സംഘടിപ്പിക്കുകയാണു്. ഓരോ ഇടവകയിലും വനിതാവിഭാഗം രൂപീകരിക്കുകയും എല്ലാ അമ്മമാരും സഹോദരിമാരും അംഗങ്ങളായി ചേരുകയും ചെയ്താൽ നമ്മുടെ ബലം കാണിച്ചുകൊടുക്കുവാൻ സാധിക്കും. അങ്ങനെ കേന്ദ്രക്കമ്മിറ്റിയിൽ പകുതി സീറ്റു നമുക്കു അവകാശപ്പെടാം. കുടുംബാന്തരീക്ഷം കൈവെടിയാതെ ഒരു സ്ത്രീയുടെ ചുമതലകൾ വീഴ്ചകൂടാതെ നിർവ്വഹിച്ചുകൊണ്ടു് നമുക്കു മുന്നേറാം.

ചെറുപ്പം പന്താടരുത്.

കെ. എം. തോമസ് വെരൂർ

ശ്രീ. ജോർജ്ജ് അന്തിക്കാടന്റെ ലേഖനത്തെ പരാമർശിച്ച് കഴിഞ്ഞ ലക്കത്തിൽ ശ്രീമതി അച്ചാമ്മ കെ. സി. തന്റെ ലേഖനത്തിലൂടെ ശ്രീ ജോർജ്ജിനെയും മറ്റും പോലെയുള്ളവരെ ഭീഷണിപ്പെടുത്തുകയാണോ എന്നു തോന്നിപ്പോകുന്നു. പുരുഷവർഗ്ഗം അതിന്റെ മുൻപിൽ തലകുനിക്കുമെന്നു തോന്നുന്നില്ല. ശ്രീമതി ഒരു കാളെജ് വിദ്യാർത്ഥിയായതാണെന്നു തോന്നുന്നു ഈ കഴപ്പത്തിനെല്ലാം കാരണം. ഉന്നതനിലവാരം പുലർത്തിപ്പോരുന്ന ഒരു കാളെജിന്റെ സന്താനമാണ് ഞാനും.

ശ്രീ. ജോർജ്ജ് തന്റെ ലേഖനത്തിലൂടെ സ്ത്രീയെയും പുരുഷനെയും ഒരേസമയം ത്രാസ്സിൽ കയറ്റിയിട്ടുണ്ട്. എന്നാൽ ശ്രീ അച്ചാമ്മയുടെ പോക്കുകണ്ടിട്ട് 'പൂച്ച പാലു കുടിക്കുന്നതുപോലെയാണെന്നു തോന്നുന്നു. പുരുഷന്മാരെ കാണുമ്പോഴും പുള്ളിക്കാരി കണ്ണടച്ചാണോ നടക്കാറുള്ളത്? അതോ കീഴോട്ടുനോക്കിയോ? ശ്രീ. ജോർജ്ജ് വസ്തുനിഷ്ഠമായി പക്ഷപാതരഹിതനായി കാര്യങ്ങളെ അവലോകനം ചെയ്തിരിക്കുന്നതു കാണാം. ശ്രീ. അച്ചാമ്മ പുരുഷന്മാരെ മറന്നുകളഞ്ഞോ എന്നു തോന്നിപ്പോകുന്നു.

ഇരിയ്ക്കുണ്ടിടത്തിരുന്നാൽ, ചെറുപ്പക്കാരെ ഒരുത്തരും തെറിപറയുകയില്ല. പടർന്നു പന്തലിച്ച ഒരു മാവിൽ ഒരു മാങ്ങാ കിടക്കുന്നതു കാണാൻ കൗതുകം തന്നെ. പഴത്തതാണെങ്കിൽ കുറച്ചുകൂടി കൗതുകം കൂട്ടും. തിന്നുന്നതിനുവേണ്ടി തൊലികളഞ്ഞെടുക്കുമ്പോഴും കൗതുകം നഷ്ടപ്പെടുമെങ്കിലും സ്വാദ് കൂട്ടും. വസ്ത്രധാരണത്തിൽ നമ്മളും ഏതാണ്ടിതുപോലെയാണ്. ചെറുപ്പകാലത്തു് കുഞ്ഞുങ്ങളെ കാണാൻ വളരെ കൗതുകമാണല്ലോ. യൗവ്വനത്തിൽ അല്പംകൂടി. വസ്ത്രത്തിന്റെ ഉപയോഗം നഗ്നത മറയ്ക്കുകയാണല്ലോ. അതോ വെറും ഒരു കൗതുകവസ്തുമാത്രമാണോ?

പരിഷ്ക്കാരം അവശ്യംതന്നെ. നമ്മുടെ സാമൂഹികവ്യവസ്ഥയ്ക്ക് അനുയോജ്യമാംവിധത്തിൽ വേണമെന്നു മാത്രം. വസ്ത്രധാരണത്തിന്റെ കാര്യത്തിൽ പാശ്ചാത്യരീതിമുഴുവനായി അനുകരിക്കുന്നതു നന്നാണെന്നു തോന്നുന്നില്ല. അവർ ''എന്തും തുറന്നു ചെയ്യാൻ'' മടിക്കുന്നവരല്ല.

ശരീരത്തിന്റെ ഭൂരിഭാഗവും നഗ്നമായി ഇടത്തക്കവണ്ണം ഭയങ്കരമാണോ, നമ്മുടെ കാലാവസ്ഥ? വസ്ത്രധാരണത്തിലാണു നാടിന്റെ പുരോഗതി എങ്കിൽ അതും ഭയങ്കരംതന്നെ! എല്ലാം ദൈവം സൃഷ്ടിച്ചതെങ്കിൽ പിന്നെ നഗ്നമായി നടന്നുകൂടേ? പൂവാലികയും തെരുവിൽനിന്നും രംഗപ്രവേശനം ചെയ്യുമ്പോഴും ഇങ്ങനെയൊക്കെ വന്നുഭവിക്കാം. എ. കെ. സി. സി. പുരുഷന്മാക്ക് തീറു വിറ്റിരുന്നെങ്കിൽ 'വനിതാപംക്തി' പണ്ടേതന്നെ പറപറന്നേനെ.

മാനംമര്യാദയായി ജീവിക്കുന്ന മാതാപിതാക്കൾ മറ്റെല്ലാക്കാര്യങ്ങളിലെന്നപോലെതന്നെ തങ്ങളുടെ കുട്ടികളുടെ വസ്ത്രധാരണവിഷയത്തിലും ശ്രദ്ധിക്കേണ്ടതുണ്ട്. തന്റെ 'ഒരു കണ്ണു തനിക്ക് ഇടർച്ച വരുത്തുന്നുവെങ്കിൽ അതു ചൂഴ്ന്നുകളയുക' എന്നു് എഴുതപ്പെട്ടിരിക്കുന്നവല്ലോ. അന്യർക്ക് നാം ഉതപ്പുകൊടുക്കാതെ സൂക്ഷിക്കുക. ആർ ഉതപ്പുകൊടുക്കുന്നവോ അവരായിരിക്കും കൂട്ടുതൽ ശിക്ഷാർഹരെന്നു കരുതുന്നതു് നന്നു'.

വീർത്തു് കുടവയറുമായി വീർത്ത കവിളോടുകൂടി നടന്ന ''ഭോഗ്യവാൻ'' ക്രമശ: ക്ഷീണിച്ചു്, തളർന്നു്, വിളറി കരചരണാദിവയങ്ങളിൽ പഴപ്പു ബാധിച്ചു് പരവശനായി തനിക്കും മറ്റുള്ളവർക്കും ഭാരമായി തീരുന്നു.

നിറച്ചുണ്ണാതെയിരിക്കുക, നന്നായി വിശന്നിട്ടു് ഉണ്ണുക, ചവച്ചരച്ചുണ്ണുക, രാത്രിയിൽ ഉണ്ണാതിരിക്കുക, ദീനം ഉണ്ടെന്നു വിചാരിക്കാതെയും പറയാതെയും കഴിയുക, കഴിവതും ന്യായമായി ഹിതമായി മിതമായി തുറന്ന സ്ഥലത്തു് വ്യായാമം ചെയ്യുക മുതലായ പരിപാടികളാൽ പ്രാരംഭദശയിൽ ഈ രോഗത്തെ തടഞ്ഞുനിത്താവുന്നതാണെന്നു് അനുഭവംകൊണ്ടു് കണ്ടിട്ടുണ്ടു്. മധുരം കഴിയുന്നതും വർജ്ജിക്കുക, പഴങ്ങളും എല്ലാംതന്നെ ഉപേക്ഷിക്കുക, കാകറികളിൽ സ്റ്റാർച്ചു് ഉള്ളപകടവും വെടിയുക, പാവയ്ക്കാ, വെള്ളരിക്കാ, ചീര, മുരിങ്ങയ്ക്കാ മുരിങ്ങയില പതിവായി ഉപയോഗിക്കുക. കോഴിയിറച്ചിയും, കാളയിറച്ചിയും വർജ്ജിക്കുക—കോഴിമുട്ടയും നന്നല്ല—ആട്ടിറച്ചി, താറാവിറച്ചി, താറാമുട്ട പാകമായി കഴിക്കാം.

ചികിത്സകന്മാർക്കായി:—

1) അമൃതും, പച്ചനെല്ലിക്കായും ചതച്ചു് വൈകുന്നേരം വെള്ളത്തിലിട്ടു് രാവിലെ ഓരോ ഗ്ലാസ്സു കഴിക്കുക.

2) വെള്ളക്കുന്നിയില അരച്ചു് പാലിൽ പുന്നയ്ക്കാപ്രമാണം കഴിക്കുക.

3) സിമിത്തേരിപ്പൂവു് എന്നറിയപ്പെടുന്ന വെള്ളയും, ചെമപ്പും, മഞ്ഞയുമായി പൂക്കളുണ്ടാകുന്ന ചെടിയുടെ നാലഞ്ചില അരച്ചു് പാലിൽ രാവിലെതോറും കഴിക്കുക.

4) കുവളത്തിന്റെ (തളിരു്) അരച്ചു് പുന്നയ്ക്കാവലിപ്പത്തിൽ പാലിൽചേർത്തു കഴിക്കുക.

ക്രൈസ്തവികം വെറും കാണികം മാത്രമോ?

ജോർജ് അന്തിക്കാട്

കത്തോലിക്കാസഭയ്ക്കു് ഇപ്പോഴും ചില വർഗ്ഗീയവാദികളുടെ വെല്ലുവിളിയെയും ആക്രമണത്തെയും നേരിടേണ്ടിവന്നിരിക്കുകയാണു്. സർ സി. പി. രാമസ്വാമിയുടെ ദിവാൻഭരണകാലത്തോ ബ്രിട്ടീഷ്ഭരണകാലത്തോ, തിരുവിതാംകൂറിലോ കൊച്ചിയിലോ കത്തോലിക്കാസഭയ്ക്കു ഇത്തരം പ്രശ്നത്തെ നേരിടേണ്ടിവന്നിട്ടില്ല. ആരും അന്നതിനു മുതിർന്നിട്ടുമില്ല. കമ്യൂണിസ്റ്റുഭരണകാലത്തു് ഒരു ക്രിസ്തീയ ആക്രമണം അഴിച്ചുവിട്ടു. അതിനെതിരെ അരയും തലയും മുറുക്കി നാം പോരാടി പരാജയപ്പെടുത്തി. നല്ലൊരു ജനകീയഗവണ്മെന്റിനെ അധികാരത്തിൽ കയറ്റി. അങ്ങനെ ആ പ്രശ്നം പരിഹരിച്ചു. ''ഏതു അപ്പൻ വന്നാലും അമ്മയ്ക്കു സൈര്യക്കേടു്'' എന്ന പഴഞ്ചൊല്ലുപോലെ ഇപ്പോഴിതാ ചുരുളി, കീരിത്തോടു്ഭാഗങ്ങളും കടിയിറക്കിനു് അടിമപ്പെട്ടു. കടിയിറക്കിനു വിധേയരായവരിൽ നല്ലൊരുവിഭാഗം ക്രിസ്ത്യാനികളാണെന്നുള്ളതു് വ്യക്തമാണല്ലൊ. കടിയിറക്കു മാത്രമോ

യിരുന്നില്ല, കടിയിറക്കപ്രദേശങ്ങളും പോലീസ് വലയംചെയ്തു. ലോക്കപ്പിലാക്കപ്പെട്ട കറവവാളിയെപ്പോലെ അവിടത്തെ കഷ്കരുടെനേരേ മർദ്ദനം അഴിച്ചുവിട്ടു. ശരിയായവിവരം അറിയുവാൻ പത്രപ്രതിനിധികളും പാഞ്ഞെത്തി. കത്തോലിക്കാപത്രമെന്ന മുദ്രയടിക്കപ്പെട്ട ദീപികയുടെ പ്രതിനിധിക്കും വൈദികർക്കും പ്രവേശനം നിരോധിച്ചു. അന്വേഷണത്തിനുപോയ പത്രക്കാർ ഒരു വിവരവും പുറത്തുവിട്ടില്ല. പ്രതിനിധിക്കും വൈദികർക്കും പ്രവേശനം നിരോധിച്ചതിന്റെ പിന്നിൽ കടിയിറക്കപ്രദേശങ്ങളിൽ ഭയങ്കരമായ എന്തൊക്കെയോനടന്നു എന്നു മനസിലാക്കേണ്ടിയിരിക്കുന്നു. മുൻപറഞ്ഞ വൈദികരേയും പ്രതിനിധിയേയും കയറ്റിവിടുകയാണെങ്കിൽ ഈ മർദ്ദനങ്ങൾക്കു കൂട്ടുനിൽക്കുകയില്ല എന്നുവിചാരിച്ചായിരിക്കും പ്രവേശനം നിരോധിച്ചതു്. കമ്മ്യൂണിസ്റ്റുഭരണകാലത്തു് ക്രിസ്ത്യാനികളുടെനേരേ അഴിച്ചുവിട്ട ആക്രമണത്തെ ചെറുത്തുനിന്ന സോദരീസോദരന്മാർ ഇന്നെവിടെ? അന്നു് ഇതുപോലെയൊരു ദേവാലയാക്രമണം നടന്നിട്ടില്ല. ഇന്നോ തെക്കൽ, മാമ്പിള്ളി, വാഴൂർ മുതലായ സ്ഥലങ്ങളിൽ ഹീനമായ രീതിയിൽ ദേവാലയാക്രമണം നടത്തി. ഈ ആക്രമണത്തെപ്പറ്റി പലരും പലവിധത്തിലും അധികാരസ്ഥാനങ്ങളിലേക്കു് വിവരംധരിപ്പിച്ചു. എന്നിട്ടും ഗവണ്മെന്റു് സ്വീകരിച്ചിരിക്കുന്ന നിലപാടു് തീർത്തും ഖേദനാജനകമാണു്. കത്തോലിക്കരായ എം. എൽ. ഏമാർ വലിയ മീനിനെക്കണ്ട കൊക്കിനെപ്പോലെ കണ്ണുടച്ചുകളയുകയാണു് ഈ പ്രശ്നത്തിൽ. ഇതുപോലെ സംഭവിച്ചിട്ടും കത്തോലിക്കരായ നമ്മൾ വെറും കാണികളായി നിലകൊള്ളുന്നതു് കഷ്ടമാണു്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുവാൻ നമുക്കു് നമ്മുടേതായ സംഘടനകളുണ്ടു്. (എ. കെ. സി. സി.) അതിന്റെകീഴിൽ ഒറ്റക്കെട്ടായിനിന്നു് നാം പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

എ. കെ. സി. സി. യെ എങ്ങനെ നമുക്കു സഹായിക്കാൻ സാധിക്കും? നാം ഓരോരുത്തരും അംഗങ്ങളായി ചേരുക. പണവും മറ്റും സംഭാവനചെയ്യുക. ബുള്ളറിൻ മാസിക വരുത്തുക, സംഘടനയുടെ വിജയത്തിനു് പ്രാർത്ഥിക്കുക. ബുള്ളറിൻ വരുത്തുന്നതുകൊണ്ടു് എ. കെ. സി. സിയെ സഹായിക്കുക എന്നതു് മാത്രമല്ല നമ്മുടെ വീട്ടിൽ മതപരമായ അറിവു് വർദ്ധിപ്പിക്കുവാനും ശ്രുതാവാത്തകം അറിയുവാനും സഹായിക്കുന്നു. എസ്. എൻ. ഡി. പി, എൻ. എസ്. എസ് മുതലായ സംഘടനകളുടെ പുരോഗതി അസൂയാവഹമാണു്. എന്തുകൊണ്ടു് നമുക്കു് അത്തരം പുരോഗതിയ്ക്കു് ആശിച്ചുകൂടാ. കഴിഞ്ഞ വിമോചനസമരത്തിന്റെ വിജയത്തിനു് ക്രിസ്ത്യാനികളും വഹിച്ചപങ്കു് ഏതൊരുവനും അറിയാവുന്ന വിഷയമാണല്ലോ. നല്ലൊരുജനകീയ ഭരണത്തെ മുന്നിൽക്കണ്ടുകൊണ്ടു് അന്നു് ഓരോ വീട്ടിൽനിന്നും ഇറങ്ങിപുറപ്പെട്ട ശ്രുദ്ധമനസ്കരാണു് ഇന്നു് മർദ്ദിക്കപ്പെടുന്നതും അവരുടെ ആരാധനസ്ഥലങ്ങളും പൊളിയ്ക്കുന്നതും. ഇപ്രകാരം ഇതു് തുടരുകയാണെങ്കിൽ നമ്മുടെ വംശം മുഴുവൻ തകർത്തുകളഞ്ഞെന്നു് വന്നേക്കാം. ഇനി അത്തരം കൃത്യങ്ങളും ഉണ്ടാകാതിരിയ്ക്കുവാൻ എ. കെ. സി. സിയിൽ അണിനിരക്കുക. വിജയം നമ്മുടേതു്. ഐകമത്യം മഹാബലം എന്ന പഴഞ്ചൊല്ലു് സ്മരണീയമാണല്ലോ.

B. C. M. COLLEGE, For Women, KOTTAYAM

Offers The Following Courses.

1. **Pre–University One Year Course.**

2. **Two Year Pre–Degree Course**

Optionals:–
- i Mathematics, Physics and Chemistry
- ii Physics, Chemistry and Biology
- iii Chemistry, Botany and Zoology
- iv Indian History, World History and Psychology
- v Mathematics, Economics, and World History
- vi Commercial Correspondence and Secratarial Practice, Short hand & Type writing and Book keeping & Accountancy

3. **Three Year Degree Course**

B. A.
- i History main, Economics & Politics Sub.
- ii Economics main, World History & Politics Sub.
- iii Sociology main, World History & Economics Sub.

B. Sc.
- i Mathematics main, & Maths. Sub.
- ii Physics main & Maths. sub.
- iii Chemistry main & Physics or Botany or Zoology Sub.
- iv Botany main & Chemistry or Zoology Sub.
- v Zoology main & Chemistry or Botany Sub.

Admissions for the One Year Pre–University begin on May 15th. Applications and prospectus for all the courses can be had from the Office from May 15, on payment of Rs. 3/–

For Hostel Accommodation apply early

Principal

സിനിമാനിരൂപണം

"മണവാട്ടി"

സകുടുംബം കാണാവാൻ കൊള്ളാവുന്ന ഒരു മലയാളചിത്രം.

തോമസുകുട്ടി പുളിക്കൽ

വളരെ പുരോഗമിച്ച കാലത്തിനിടയ്ക്ക് ചലച്ചിത്രവ്യവസായം മലയാളത്തിൽ വളരെയധികം പുരോഗമിച്ചിട്ടുണ്ട്. ഒന്നരപ്പതിറ്റാണ്ടുമുമ്പ് ഒരു വർഷത്തിൽ കേവലം മുന്നോ നാലോ മലയാളം പടം ആസ്വദിക്കുവാനേ ഒരു സിനിമാപ്രേമിക്കു സാധിച്ചിരുന്നുള്ളു. ഇപ്പോഴും ഈ വർഷംതന്നെ ഏഴോ എട്ടോ മലയാളംപടം പുറത്തുവന്നിട്ടുണ്ട്.

ഇതിൽ പ്രശംസാർഹമായിട്ടുള്ള ഒരു മലയാളചിത്രമാണ് 'മണവാട്ടി' യെന്നു് ആരും സമ്മതിക്കും.

X X X X

ജോസ്സും ബാബുവും ഒരു എസ്റ്റേറ്റുടമയുടെ മക്കളാണ്. ജോസു് മദ്രാസ്സിൽ പഠിക്കുന്ന കാലത്തു് ആരുമോരുമില്ലാത്തവളും എന്നാൽ ഒരു നല്ല സ്ത്രീയുടെ ഉടമസ്ഥയുമായ സൂസി എന്ന ശാലീനയായ പെൺകുട്ടിയുമായി പ്രേമത്തിലായി. ആയിടയ്ക്കു് ജോസിന്റെ പിതാവിനു് തന്റെ വ്യവസായത്തിൽ നഷ്ടം സംഭവിച്ചിരിക്കുകയായിരുന്നു. അപ്പോഴാണു് ജോസിനു വിദേശത്തു നിന്നും ഉപരിവിദ്യാഭ്യാസം ചെയ്യുവാനുള്ള ക്ഷണം ലഭിച്ചതു്. വിദേശത്തയയ്ക്കുവാനുള്ള പണശ്ലേഷി ഇപ്പോഴും തന്റെ പിതാവിനില്ലെന്നു് ജോസു് സൂസിയോടു പറയുന്നു.

വളരെ എതിർപ്പുകൾക്കു ശേഷമാണെങ്കിലും സൂസിയുടെ നിർബ്ബന്ധപ്രകാരം ജോസു് അവളുടെ സ്വത്തുകൊണ്ടു് ഉപരിപഠനത്തിനുപോകുന്നു. തിരിച്ചുവന്നാലുടൻ സൂസിയെ കല്യാണം കഴിച്ചുകൊള്ളാമെന്നു് വാഗ്ദാനവും ചെയ്യുന്നു.

ജോസു് മടങ്ങിവന്നപ്പോഴേക്കും ഷീലയെന്ന ഒരു പെൺകുട്ടിയെ കല്യാണം കഴിക്കുവാൻവീട്ടുകാർ നിർബ്ബന്ധിക്കുന്നു. വളരെയധികം സമ്മർദ്ദങ്ങൾക്കു ശേഷം ജോസു് ആ വിവാഹത്തിനു സമ്മതിക്കുകയും സൂസിയെ മറക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു. ജോസിനു ബോംബെയിൽ ഒരു ജോലി ലഭിക്കുന്നു.

ഇതിനിടയിൽ ജോസിന്റെ സഹോദരൻ ബാബു ഒരു രോഗിയായിത്തീരുകയും കിടക്കയെ അഭയംപ്രാപിക്കുകയും ചെയ്യുന്നു.

X X X X

സൂസി ഇപ്പോഴും നേഴ്സായി ഒരു മഠത്തിൽ താമസിക്കുകയാണു്. ബാബുവിന്റെ അമ്മയാകട്ടെ സൂസിയെ തന്റെ മരിച്ചുപോയ മകളുടെ സ്ഥാനത്തു കയറ്റിനിർത്തുന്നു.

ആ കുടുംബാംഗങ്ങൾക്കെല്ലാവർക്കും പ്രത്യേകിച്ചു് സൂസി ആദ്യമായി ആ വീട്ടിൽ വന്നപ്പോഴും ശവപ്പെട്ടികൂടി കൊണ്ടുവന്നിട്ടുണ്ടോ എന്നു ചോദിച്ച ബാബുവിനോടുപോലും സൂസിയെ ഇഷ്ടമായി.

സൂസിയുടെ ശരിയായ ശുശ്രൂഷകൊണ്ടു ബാബുവിന്റെ രോഗം വളരെയധികം കുറഞ്ഞു.

എന്നാൽ ജോലിസ്ഥലത്തുനിന്നുമുള്ള ജോസിന്റെ ആഗമനം ആ കുടുംബജീവിതത്തെ ഒന്നു കലക്കിമറിച്ചു. സൂസിയിൽ സംശയം തോന്നിയ ഷീല ഭർത്താവു(ജോസും)മായി പിണങ്ങി തന്റെ വീട്ടിൽ പോകുകവരെ ചെയ്തു.

ബാബുവിന്റെ രോഗം ഒരു ഓപ്പറേഷൻകൊണ്ടു പൂർണ്ണമായി മാറുമെന്നു സുപ്രസിദ്ധ ഡോക്ടറായ നരേന്ദ്രൻ അഭിപ്രായപ്പെട്ടു.

X X X X

ബാബു താൻ രോഗിയാണെന്നുള്ള കാര്യംകൂടി ഓർമ്മിക്കാതെ സൂസിയെ വിവാഹം കഴിക്കുവാൻ ആഗ്രഹിക്കുന്നു. അവൻ അക്കാര്യം സൂസിയെ അറിയിക്കുന്നു. എന്നാൽ വിവാഹജീവിതത്തിൽ നിന്നും ഒഴിഞ്ഞുനില്ക്കുവാൻ ആഗ്രഹിച്ച സൂസി വിവാഹത്തെ എതിർക്കുന്നു. നിരാശനായിത്തീർന്ന ബാബുവിന്റെ ശരീരസ്ഥിതി ഒന്നിനൊന്നു മോശമായിത്തീരുന്നു. ബാബു തന്റെ ഈ ദയനീയസ്ഥിതി ജ്യേഷ്ഠനായ ജോസിനോടു തുറന്നു പറയുന്നു.

തന്റെ വിവാഹജീവിതത്തിനു കൂടി ഈ വിവാഹംകൊണ്ടു് സുരക്ഷിതത്വം ലഭിക്കുമെന്നുള്ള വിശ്വാസത്തിൻ പേരിൽ ബാബുവുമായുള്ള വിവാഹത്തിനു് സൂസിയെ ജോസു് നിർബ്ബന്ധിക്കുന്നു. എന്നാൽ സൂസി സമ്മതിച്ചില്ല. ജോസു് ഈ കാര്യം അമ്മയെ ധരിപ്പിക്കുന്നു. അമ്മയ്ക്കുമിതിഷ്ടമായിരുന്നു. അവരും സൂസിയെ ഈ വിവാഹത്തിനു നിർബ്ബന്ധിക്കുന്നു. അവസാനം സൂസി വിവാഹത്തിനു സമ്മതിക്കുന്നു.

ഷീലയെ സൂസിതന്നെപോയി കൂട്ടിക്കൊണ്ടു വരികയും തന്റെ വിവാഹക്കാര്യം അറിയിക്കുകയും ചെയ്യുന്നു. അങ്ങനെ കുറെനാളായി കലങ്ങിമറിഞ്ഞുകിടന്നിരുന്ന ആ കുടുംബജീവിതം ഒന്നു തെളിഞ്ഞു.

X X X X

ഇന്നാണു് ബാബുവിന്റെ ഓപ്പറേഷൻ. സുരേന്ദ്രന്റെ നേതൃത്വത്തിലാണു് ഓപ്പറേഷൻ നടക്കുന്നതു്. ഓപ്പറേഷൻ പൂർണ്ണമായും വിജയിച്ചു.

അവസാനം ജോസു് ബാബുവിന്റെ വിവാഹക്കാര്യം ഡോക്ടറെ ധരിപ്പിക്കുന്നു. എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ ഡോക്ടർ ആ വിവാഹത്തെ പൂർണ്ണമായും എതിർത്തു. ജോസു് നിസ്സഹായനായിത്തീർന്നു. ജോസു് ഈ കാര്യം സൂസിയോടു് പറയുന്നു. സൂസി പിറ്റേദിവസം രാവിലെ തന്നെ എഴുന്നേറ്റു് തന്റെ പഴയ മഠത്തിലേയ്ക്കുതന്നെ പോകുകയും, സൂസിയെ കാണാതെ ബാബു പുറകേ പോകുകയും അവിടെവെച്ചു ബാബു മരിക്കുകയും ചെയ്യുന്നു.

മലയാള സിനിമയുടെ ചരിത്രത്തിൽ ഇതാദ്യമായിട്ടാണു് ഒരു സ്ത്രീകഥയും സംഭാഷണവും എഴുതുന്നതു്.

ജോസിന്റെ ഭാഗം അഭിനയിച്ച സത്യനും സൂസിയുടെ ഭാഗമഭിനയിച്ച രാഗിണിയ്ക്കും അവരുടെ റോളുകളിൽ വിജയിക്കുവാൻ സാധിച്ചിട്ടില്ല. മധുവിന്റെ ബാബുവും, ബേബി വിനോദിനിയുടെ ജോയിമോനും ആറന്മുള പൊന്നമ്മയും ഒന്നാന്തരമായിട്ടുണ്ടു്.

എസ്സ്. പി പിള്ളയും ബഹദൂറും കുറെയൊക്കെ ഓവറായിട്ടുണ്ടെങ്കിലും അവരുടെ ചില ഭാഗങ്ങൾ കാണികളെ കുറെയൊക്കെ തൃപ്തിപ്പെടുത്തും. കെ. ആർ വിജയയ്ക്കു് ഷീലയുടെ റോളിൽ അങ്ങേയറ്റം വിജയിക്കുവാൻ സാധിച്ചിട്ടില്ലെങ്കിലും ആ കഥാപാത്രത്തോടു് നീതി കാണിക്കുവാൻ വിജയ ശ്രമിച്ചിട്ടുണ്ടു്.

വയലാറിന്റെ ഗാനങ്ങളും ദേവരാജന്റെ സംഗീതവും ഒന്നാന്തരമായിട്ടുണ്ടു്.

ഏ. കെ. സി. സി. ബുള്ളറിൻ

വാർഷിക വരിസംഖ്യ — 3. ക.

ഒറ്റപ്രതി — 25 ന: പൈ.

പല്ലുവരവ്.

(ഡോ. റ്റി. കെ. ജോസഫ്)

കുഞ്ഞുങ്ങൾക്ക് പല്ല മുളച്ചുവരുന്ന പ്രായത്തിൽ പല അസുഖങ്ങളും ഉണ്ടാകുന്നു. നല്ല ആരോഗ്യമുള്ള ശിശുക്കൾക്ക് ജനിച്ച് 7 മാസം മുതൽ പല്ലുകൾ വരുവാൻ ആരംഭിക്കുന്നു. എന്നാൽ ചില ശിശുക്കൾക്ക് ഒരു വയസ്സിനുശേഷമേ പല്ല വരികയുള്ളൂ. അതു് ആരോഗ്യക്കുറവാണു്. പനി, അതിസാരം, ഞെട്ടൽ, ഇളക്കം മുതലായ പല അസുഖങ്ങളും പല്ല വരുന്ന അവസരത്തിൽ കുഞ്ഞുങ്ങൾക്ക് ഉണ്ടാകുന്നു. കുഞ്ഞുങ്ങളുടെ ജീവിതചക്രത്തിലെ ഏറ്റവും പ്രധാനമായ കാലഘട്ടമാണു് പല്ല വരുന്ന അവസരം. പുഴുപല്ല് വരുന്ന പാരമ്പര്യംഉള്ള കുട്ടികളുടെ മാതാവിനു് ഗർഭിണി ആയിരിക്കുമ്പോൾ ''കൽക്കേറിയഫോസ്'' 200, 1000 എന്നിവ ഉപയോഗിച്ചുകൊണ്ടിരുന്നാൽ ആ പ്രസവത്തിൽ ജനിക്കുന്ന കുഞ്ഞിനു് പുഴുപ്പല്ലിന്റെ ഉപദ്രവം ഉണ്ടാകുകയില്ല.

പല്ല വരുന്ന അവസരത്തിൽ കുട്ടികൾക്ക് ഉണ്ടാകുന്ന അസുഖങ്ങൾക്ക് സമയത്തുതന്നെ ചികിത്സ ആരംഭിക്കുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. വളരെ പ്രധാനപ്പെട്ട ചില ഔഷധങ്ങൾ താഴെ കുറിക്കാം. ഉപയോഗക്രമം മുൻലേഖനങ്ങളിൽ കാണാം.

അക്കോണയിറ്റം. 6 പനി, ദാഹം, അതിസാരം, മലത്തിൽചളി ഇവ കാണുമ്പോൾ ആരംഭത്തിൽ ഉപയോഗിക്കാം.

ബെല്ലഡോണ 30. ശക്തിയായ പനി, ചെവിവേദന, മുഖംചുമപ്പ്, കണ്ണ്ചുവന്നിരിക്കുക, കരച്ചിൽ ഇവ ഉള്ളപ്പോൾ.

കൽക്കേറിയഫോസ് 200 അസ്ഥിവഴക്കം, വെളുത്ത നിറത്തിൽ അതിസാരം, വയർ വായു കെട്ടി വീർക്കുക. തളർച്ച ഇവയുള്ളപ്പോൾ കൊടുക്കാം.

ചാമോമില്ല 12. x പല്ല വരുന്ന അവസരത്തിൽ വരുന്ന എല്ലാ അസുഖങ്ങൾക്കും ഉപയോഗിക്കാവുന്ന ഔഷധം. എപ്പോഴും കരച്ചിൽ, പച്ച നിറത്തിൽ ഇല ഇടിച്ചുപിഴിഞ്ഞ മാതിരി അതിസാരം, എടുത്തുകൊണ്ടു നടന്നാൽ കരച്ചിലിനു് ആശ്വാസം, വെള്ളം പോലെ ഒഴിയുന്നതിനും കൊള്ളാം.

മാഗ്കാർബ്ബ് 6 പച്ചനിറത്തിൽ ഒഴിച്ചിൽ, വയറുനോവ് എന്നിവക്കു്.

വായിൽ നിന്നും വെള്ളം ഒലിക്കുക, മലത്തിൽ രക്തം കാണുക വയറുകടിയുടെ ലക്ഷണങ്ങളും, മോണയിൽ നീരും, ചുമപ്പും ഉള്ളപ്പോൾ ഉപയോഗിക്കാം.

അസുഖം ഉള്ളപ്പോൾ പഴങ്ങളുടെ ചാറും ധാരാളം വെള്ളം ചേർത്തു് തിളപ്പിച്ച പാലും, മുട്ടയുടെ വെള്ളയും മറ്റും കൊടുക്കുന്നതു് നല്ലതാണു്. ദാഹത്തിനു് ബാർലിവെള്ളം ഇഷ്ടംപോലെ കൊടുക്കാം.

മദർ സെറൺ

ജോളി കാട്ടുക്കാരൻ

യൂറോപ്പിൽ ധാരാളം വിശുദ്ധന്മാരും വിശുദ്ധകളും ഉണ്ടെങ്കിലും പുതിയ ലോകമെന്നറിയപ്പെടുന്ന അമേരിക്കയിൽ അധികം വിശുദ്ധന്മാരോ, വിശുദ്ധകളോ ഉണ്ടായിട്ടില്ല. എന്നാൽ 1963 മാർച്ച് 17—ാംനു- പരിശുദ്ധസിംഹാസനത്തിൽനിന്നും പരിശുദ്ധന്മാരിലേയ്ക്കുയർത്തപ്പെട്ട ഒരു വിശുദ്ധയാണു്. അമേരിക്കയിൽ ജനിച്ചുവളർന്ന മദർ സെറൺ.

അവരുടെ മുഴുവൻപേർ എലിസബത്തു് ബെയിലി എന്നാണു്. ന്യൂയോർക്ക് പട്ടണത്തിൽ 1774 ഓഗസ്റ്റ് 28-ാംനു- ഒരു കത്തോലിക്കാകുടുംബത്തിൽ ബെയിലി ഭൂജാതയായി. ഇരുപതാമത്തെ വയസ്സിൽ വില്യം മാഗിസെറനെ അവർ വിവാഹം ചെയ്തു. ഇറ്റലിയിലേയ്ക്കു് പോകുന്ന വഴിയിൽ 1803—ൽ വില്യം മരണമടഞ്ഞു.


ബെയിലി സെറന്റെ, ഇറ്റലിയിലുള്ള ജീവിതം അവളിൽ വലിയൊരു പരിവർത്തനം വരുത്തി. അധികം താമസിയാതെ എലിസബത്തു് ഒരു കത്തോലിക്കയായി നാട്ടിലേക്കു് അവൾ മടങ്ങി. എന്തിനുവേണ്ടി? അവളുടെ ശേഷിച്ച കാലമത്രയും വിദ്യാഭ്യാസപരമായും ആതുരസേവനപരമായുള്ള കാര്യങ്ങൾക്കുവേണ്ടി ഉഴിഞ്ഞുവെയ്ക്കുവാൻ.

1809—ൽ സെന്റ് വിൻസന്റി പോളിന്റെ ഉപവികളുടെ സഹോദരിമാരുടെ മഠത്തിന്റെ ഒരു ശാഖ അവൾ അമേരിക്കയിൽ സ്ഥാപിച്ച് പ്രവർത്തനം തുടങ്ങി. സ്റ്റോൺ ഹൌസ് (Stone House) എന്ന കെട്ടിടത്തിൽ അവൾ തന്റെ ആസ്ഥാനം ഉറപ്പിക്കുകയും ചെയ്തു. വൈറ്റ് ഹൌസ് എന്ന പേരിൽ ''White House'' അടുത്തുതന്നെ അവർ ഒരു സ്കൂളും സ്ഥാപിച്ചു. ഇന്നതു് ഒരു ഉയർന്ന കോളേജായി രൂപാന്തരപ്പെട്ടിട്ടുണ്ട്. ഇതെല്ലാം വി. യൌസേപ്പിന്റെ നാമത്തിലാണു് നിലകൊള്ളുന്നതു്, 1803 മുതൽ അവളുടെ മരണംവരെ അവർ ഓർമ്മക്കുറിപ്പുകളും എഴുതിയിരുന്നു. ''Dear Remembrances'' എന്ന പേരിലാണു് അവ അറിയപ്പെടുന്നതു്. 1821—ൽ അവർ ചരമം പ്രാപിച്ചു. മദർ സെറന്റെ ശവക്കല്ലറയുടെ മീതെ ഇന്നു് അതിമനോഹരമായ ഒരു ചാപ്പൽ സ്ഥിതി ചെയ്യുന്നുണ്ടു്. അപ്രകാരംതന്നെ എമ്മിറ്റ്സ്ബർഗ്ഗ് കോളേജിന്റെ പ്രവേശനകവാടത്തിൽ അതിന്റെ സ്ഥാപകയായ മദർ സെറന്റെ അതിവിശിഷ്ടമായ ഒരു പ്രതിമയുണ്ടു്.

ഇക്കഴിഞ്ഞ മാർച്ച് 17—ാംനു- അവരുടെ മരണത്തിനു് 142 കൊല്ലങ്ങൾക്കുശേഷം മദർ സെറനെ ഒരു വിശുദ്ധയായി നാമകരണം ചെയ്തിരിക്കുന്നു, അങ്ങനെ അകത്തോലിക്കയും വിവാഹിതയുമായ ഒരുത്തി, കത്തോലിക്കയും കന്യാസ്ത്രീയും മറ്റും മാത്രമല്ല അമേരിക്കയിലെ ഒരു ഉന്നതവിദ്യാഭ്യാസവിചക്ഷണയുംകൂടിയായിരുന്ന മദർ സെറൺ, വിശുദ്ധപദവിയിലേക്കുയർത്തപ്പെട്ടു് നമുക്ക് ഏറ്റവും നല്ല ഒരു മാതൃക കാണിച്ചുതന്നിരിക്കുന്നു.

--o--

ബ്രസ്സിൽ കോഫി



BRAZIL COFFEE WORKS
T. B. Road. KOTTAYAM



ഒരുവൻ— 'ഏയ്, ഞാൻ അയാളോടു് അഞ്ചു മിനിട്ടു സംസാരിച്ചില്ല. അപ്പോഴേയ്ക്കും അയാളെന്നെ 'കഴുതേ' എന്നു വിളിച്ചു.

'ഓഹോ, അതിനയാൾക്കു് അഞ്ചു മിനിട്ടു വേണ്ടിവന്നോ?'

X X X

അന്താരാഷ്ട്രീയസമ്മേളനത്തിൽ ഒരു പ്രതിനിധി പറഞ്ഞു:— ഇത്തരുണത്തിൽ ഞാൻ ഇംഗ്ലണ്ടിനും, ഫ്രാൻസിനും, ജർമ്മനിക്കും, അമേരിക്കയ്ക്കും, റഷ്യയ്ക്കും, എന്റെ മാതൃരാജ്യത്തിനും ഞാൻ ഭാവുകംനേരുന്നു.

'നരകത്തിനും' ഒരു പ്രതിനിധി കൂട്ടിച്ചേർത്തു.

'ഉവ്വ്, ഞാൻ മറന്നുപോയി, ക്ഷമിക്കണം. നിങ്ങളുടെ മാതൃരാജ്യത്തിനും ഞാൻ ഭാവുകം നേരുന്നു.'

X X X

സോവ്യറ്റുറഷ്യയിൽനിന്നും ഒരു നായ്, നടന്നു് അടുത്തുള്ള റുമേനിയായിൽ ചെന്നു. പല നാണ്ടുകളായി കണ്ടുമുട്ടി കുശലംപറഞ്ഞു. ഒരു പുതിയ സുഹൃത്തു ചോദിച്ചു:— എങ്ങനുണ്ടു ചങ്ങാതീ, നിങ്ങളുടെ കമ്യൂണിസ്റ്റുറഷ്യയൊക്കെ?

'സുഖമല്ലേ, പരമാനന്ദം. രാവിലെ രണ്ടു മുട്ട ബുൾസൈ, പത്തുമണിയാകുമ്പോൾ ബ്രഡ്, ബട്ടർ, ജാം. പന്ത്രണ്ടുമണിക്കു് സൂപ്പും ഡിന്നറും. നാലുമണിക്കു ബിസ്ക്കറ്റു്, ബട്ടറും, ഡക്കു് സൂപ്പും, വൈകിട്ടു് സപ്പർ, കിടക്കാൻനേരം മിൽക്കു് ആൻഡ് ബട്ടർ.'

'പിന്നെന്തേ ചങ്ങാതീ ഇങ്ങോട്ടു പോന്നു?'

'ഒന്നു കുരയ്ക്കാൻ'

X X X

ഡാക്ടർ രോഗിയെ പരിശോധിച്ചശേഷം: 'നിങ്ങളെ പരിശോധിച്ചിട്ടു് ഒരു തകരാറും നിങ്ങളിൽ കണ്ടുപിടിക്കാൻ കഴിയുന്നില്ല. ഒരുപക്ഷേ കടിയായിരിക്കാം കാരണം. കടികൊണ്ടും ഇതു സംഭവിക്കാം.'

'ശരി, എങ്കിൽ അങ്ങേയ്ക്കു സുബോധമുണ്ടാകുമ്പോൾ ഞാൻ വീണ്ടും വരാം.'

X X X

ബസ്സ്റ്റാൻഡിൽ പത്രം വിൽക്കുന്ന ഒരു പയ്യനിൽനിന്നും ഒരു പത്രം വാങ്ങിയിട്ടു് ആ സ്ത്രീ ചോദിച്ചു: 'ഈ ഒരു പത്രം വിൽക്കുമ്പോൾ നിനക്കു് എന്തു ആദായമുണ്ടാകും?'

'ഒരു നയാപൈസ'

'ദിവസം എത്ര പത്രം വിൽക്കും?'

'പത്തും. പതിനാലും പത്രം വിൽക്കും.'

'ആ പണം നീ എന്തു ചെയ്യുന്നു?'

'ആ കാശു കൊടുത്തൊരു നല്ല പത്രം വാങ്ങി വായിക്കും.'

X X X

'നിങ്ങടെ ഡാക്ടറെക്കണ്ടുവോ? എന്തുപറഞ്ഞു?'

'ആഹാരം കഴിച്ചുകഴിഞ്ഞാൽ പുക ഉപയോഗിക്കാൻ പാടില്ല എന്നു പറഞ്ഞു.'

'എന്നിട്ടു നിങ്ങടെ അതു ഉപേക്ഷിച്ചോ?'

'ഓഹോ, ഉപേക്ഷിച്ചു. ആഹാരം ഉപേക്ഷിച്ചു.'

X X X

തന്റെ അമ്മയുടെ മുൻപിൽവച്ചു് സൈക്കിളിൽ ചില ചില്ലറ അഭ്യാസങ്ങൾകാണിച്ചു് സണ്ണി മിടുക്കനാകുകയാണു്. 'ഇതാ നോക്കു അമ്മേ, ഇപ്പോൾ ഞാൻ ഒരു കാൽ ഇല്ലാതെയാണു ചവിട്ടുന്നതു്. ഇതാ ഒന്നുകൂടി നോക്കിക്കേ ഇപ്പോൾ രണ്ടു കാലും ഇല്ല. ഇതാ നോക്കണം അമ്മേ, ഇപ്പോൾ കയ്യും വിട്ടു. ഇതാ ഇപ്പോൾ രണ്ടു കാലും, രണ്ടു കയ്യും ഇല്ല.' തിരിച്ചു വന്നിട്ടു്: 'ഇതാ ഇപ്പോൾ പല്ലും ഇല്ല.'

X X X

ബസ്സ്റ്റാൻഡിൽ രാപകലില്ലാതെ ഒന്നിലേറെ പത്രങ്ങൾ അടുക്കിപ്പിടിച്ചു് വായലച്ചു വില്പന നടത്തിക്കൊണ്ടിരിക്കുന്ന ഒരുവനെ കണ്ടിട്ടു് സഹതാപം തോന്നിയിട്ടു് ഒരു സ്ത്രീ അയാളെ വിളിച്ചു ചോദിച്ചു:— 'അല്ലാ, ഞാൻ ചോദിച്ചെന്നേയുള്ള. ഇങ്ങനെ രാപകലില്ലാതെ ഇതുംകൊണ്ടു നടന്നാൽ മനസ്സു മരച്ചു പോകുകേലേ സ്നേഹിതാ?

'മനസ്സു മരയ്ക്കുകയോ? അതിനു ഞാനീ പത്രങ്ങളൊന്നും വായിക്കുകേലല്ലൊ'

X X X

പട്ടാളത്തിൽ ചേരാൻ ചെന്ന ഒരുവനെ ഇൻറർവ്യു ചെയ്യുകയാണു്.

ഓഫീസർ:— നിങ്ങടെ യുദ്ധക്കളത്തിൽ ആയിരിയ്ക്കുമ്പോൾ ഒരു ശത്രുഭടൻ അവിചാരിതമായി തോക്കുമായി നിങ്ങളെ സമീപിയ്ക്കുന്നു എന്നിരിയ്ക്കട്ടെ. നിങ്ങളെന്തു ചെയ്യും?

''ഉടൻ ഞാൻ എന്റെതോക്കെടുത്തു പൂണ്ടും.''

'ഒരു പക്ഷെ നിങ്ങളുടെ കയ്യിൽ തോക്കില്ല എന്നു വരികിലോ?'

എനിക്കു കാലുണ്ടല്ലോ. അതു മതി, 'എന്നാ നിങ്ങടെ അയാളെ തൊഴിച്ചു നിലത്തിടുമെന്നോ?'

'അല്ല. ഓടാൻ കാലുണ്ടല്ലോന്നു്.'

X X X

വഴിയ്ക്കുവച്ചു കണ്ടുമുട്ടിയ രണ്ടുപേർ തമ്മിൽ:— ഒരുവൻ— നിങ്ങളെ എവിടെയോ വച്ചു കണ്ടിട്ടുണ്ടെന്നു തോന്നുന്നല്ലോ, ബോംബെയിൽ വച്ചാണോ?

'ഞാൻ ബോംബെയിൽപോയിട്ടില്ല.'

''എങ്കിൽ മദ്രാസിൽ വച്ചായിരിയ്ക്കും.

'ഞാൻ മദ്രാസിൽ പോയിട്ടില്ല.'

'മൈസൂരിൽ വച്ചായിരിയ്ക്കും'

''ഞാൻ മൈസൂരിലുംപോയിട്ടില്ല'

''അല്ല, ഞാനും ഇവിടെയെങ്ങും പോയിട്ടില്ല. എന്നാൽ മറ്റുവേറെ രണ്ടുപേർ തമ്മിലായിരിയ്ക്കും.

X X X

യുവകവിസുഹൃത്തിനോടു്:— എന്റെ കവിതകളും ഒരു കൊല്ലം മുൻപു് വായിയ്ക്കാനുണ്ടായിരുന്നതിന്റെ ഇരട്ടി ആളുകളും ഇപ്പോൾ വായിയ്ക്കുന്നുണ്ടു്


''ഒരു കൊല്ലമായിട്ടു് പഴയതിന്റെ ഇരട്ടി ആളുകളും വായിയ്ക്കുന്നുണ്ടോ. അപ്പോൾ നിങ്ങൾക്കു് ഒരു ഭാര്യയുണ്ടായിട്ടു് ഒരു കൊല്ലമായി അല്ലേ.

X X X

മാന്യനായ ഒരുവൻ പോസ്റ്റാഫീസിൽ കടന്നിട്ടു് പോസ്റ്റുമാസ്റ്ററോടു് സാർ രണ്ടു കൊല്ലമായി ഒരുവൻ എനിയ്ക്കു ഭീഷണിക്കത്തുകളും അയയ്ക്കുന്നു തുടങ്ങിയിട്ടു്. അതൊന്നു നിറുത്തിത്തരാമോ?

''എവിടെ നിന്നാണു് നിങ്ങൾക്കു ഭീഷണിക്കത്തുകളും കിട്ടാറുള്ളതു്?

''ഇൻകംടാക്സു് ആ[illegible] നിന്നു്''



കാതോലിക്കാ ബാവായെ അനുമോദിക്കാൻ കൂടിയ മഹായോഗത്തിൽ എറണാകുളം മെത്രാപ്പോലീത്താ മാർ ജോസഫ് പാറേക്കാട്ടിൽ തിരുമേനി പ്രസംഗിക്കുന്നു. പാത്രിയാർക്കീസ്ബാവാ, (മദ്ധ്യത്തിൽ) അദ്ദേഹത്തിന്റെ ഇടതുവശത്തു് കാതോലിക്കാബാവാ എന്നീ തിരുമേനിമാരെയും കാണാം.

Edited, Printed and Published for the Working Committee of the All Kerala Catholic Congress
by Zacharias Kandathiparambil, at Deepika Press, Kottayam